അശോകൻ ആ ഗൃഹമാകെ ഒന്നു വീക്ഷിച്ചു. വാതിൽ അടച്ചിട്ടിരിക്കുന്നു. നീലജനൽ വിരികൾ ഇളം തെന്നലിലാടുന്നുണ്ട്.

ആരും തന്നെയുള്ള ലക്ഷണമില്ല. ഓ! വളരെ ആകാംക്ഷയോടെയാണ്, നാലഞ്ചു വർഷങ്ങൾക്കു ശേഷം, അശോകൻ അവിടെ എത്തിയതു്—പഴയ ചങ്ങാതികളെ കാണാൻ.

'ഉഹ്...ഹ്' അശോകൻ പതുക്കെ ചുമച്ചു. ജോർജ്ജ്, ഓഫീസിൽ നിന്നു വൈകിയേ വരികയുള്ളു. എങ്കിൽ സെലിന എങ്കിലുമുണ്ടാകാതിരിക്കയില്ല.

"ഹാ, ഹാ......"

പെട്ടെന്നൊരട്ടഹാസം. പിന്നെ പൊട്ടിച്ചിരിയും.

"ജോർജ്ജ് ഉണ്ടോ?" അശോകൻ ചോദിച്ചു.

'ഓ' ആരാണിത്ര ജോർജ്ജിനെത്തിരക്കാൻ?' ഗൗരവപൂർവ്വമായ ഒരു മറുചോദ്യം.

അശോകൻ പരുങ്ങലിലായി. വിചാരിക്കാത്ത ഒരടി.

ആരോ ജനലരികിലേക്കു വന്നു.

'ഹൂ ആർ യൂ റാസ്കൽ! ഓ, ജോർജ്ജിനെത്തിരക്കി ഒരു വിദ്വാൻ!'

ജനലഴികളിൽ പിടിച്ചുകൊണ്ട് ഒരു സ്ത്രീരൂപം ആക്രോശിച്ചു. അവൾ ആഗതനെ ഉററു നോക്കി.

ഓ! ......അശോകനോ......! അത്യത്ഭുതത്തോടെ അവൾ ഉരുവിട്ടു.

'സെലീനയോ!'

അശോകൻ സ്തംഭിച്ചു പോയി. വളരെ രൗദ്രമായിരുന്ന സെലീനയുടെ മുഖം പെട്ടെന്നു് ശാന്തമായി.

നിശ്ചേഷ്ടനായ അശോകൻ സെലീനയെ നോക്കി.

നീലക്കണ്ണുകളിലെ മണിദീപങ്ങൾ അണഞ്ഞിരിക്കുന്നു. ഓമനക്കവിൾത്തടങ്ങൾ ഒട്ടിയും വിളറിയും. തലമുടി അഴിഞ്ഞുലഞ്ഞും.

സെലീന തന്നെയോ!

അശോകനു് വിശ്വസിക്കുവാൻ സാധിക്കുന്നില്ല. പഴയ സെലിന, ഓഫീസ്സിലെ എല്ലാവരുടേയും പ്രിയപ്പെട്ട 'ചിരിക്കുടുക്ക' എന്തൊരു മാററം!

സെലിനയുടെ പ്രകാശം വററിയ നയനങ്ങളിൽ നിന്നു മിഴിനീരൊഴുകുകയാണ്. ഇമയടയ്ക്കാതെ അശോകനെ നോക്കിക്കൊണ്ട് അവൾ അചലയായി നിന്നു.

രണ്ടു പേരും ഒന്നും മിണ്ടിയില്ല. വികാരമൂകമായ നിമിഷങ്ങൾ.

അഞ്ചു വർഷങ്ങൾക്കു മുൻപ് ഇൻഷ്വറൻസ് ഓഫീസ്സിൽ ജോലി ചെയ്തിരുന്ന കാലം.

പങ്കകളുടെ മൂളലുകൾക്കും ടൈപ്പ് റൈററുകളുടെ 'കട, കട' ശബ്ദത്തിനുമിടയ്ക്ക്, ഡെസ്പാച്ച് സെക്ഷൻ ക്ലാർക്ക് മിസ്സ് സെലീനയുടെ പൊട്ടിച്ചിരി മുഴങ്ങുന്നതു് കേൾക്കാം. ചിരിക്കുടുക്കയായ സെലീനയെ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നു.

*   *   *

ജോർജ്ജും അശോകനും കമ്മീഷൻ സെക്ഷനിലെ ക്ലാർക്കന്മാരും.

'അശോകൻ, ഞാൻ സെലീനയെ സ്നേഹിക്കുന്നു' ഒരു വൈകുന്നേരം ജോർജ്ജ് പറഞ്ഞു. 'തനിക്കു് വട്ടാണ്. വേറെ വല്ല കാര്യമുണ്ടെങ്കിൽ പറയൂ.' ജോർജ്ജിന്റെ

വർത്തമാനം അശോകൻ അത്ര കാര്യമാക്കിയില്ല.

'കാര്യമായാണു് മിസ്റ്റർ. ഞാൻ സെലീനയെ വിവാഹം ചെയ്യും. സെലീനക്കു് സമ്മതമാണു്.'

'വാസ്തവമാണോ?'

'അതെ അശോകൻ.'

'കൊള്ളാം. സെലീന നല്ലൊരുത്തിയാ.' അങ്ങനെ അശോകൻ, ജോർജ്ജിൻെറ ജീവിത രഹസ്യം അറിയുവാനിടയായി.

* * *

ഒരു ദിവസം സെലീന പറഞ്ഞു :—

'ജോർജ്ജ്, എന്നോടു് ക്ഷമിക്കണം.'

ജോർജ്ജിനു അത്ഭുതം തോന്നി.

'ജോർജ്ജ്, എനിക്കു വേണ്ടി കാത്തു നിൽക്കേണ്ട. എനിക്കതിനുള്ള ഭാഗ്യമില്ല.'

ഗദ്ഗദത്തോടെയാണു് അവൾ അത്രയും വാക്കുകൾ ഉച്ചരിച്ചതു്.

'എനിക്കൊന്നും മനസ്സിലാകുന്നില്ല, സെലീനാ.'

ഒടുവിൽ, സെലീന, തൻെറ രഹസ്യങ്ങൾ ജോർജ്ജിനോടു് പറഞ്ഞു.

ജോർജ്ജിൻെറ മനസ്സിലെ ആശങ്ക അകന്നു. സെലീനയുടെ അമ്മയ്ക്കു് ഭ്രാന്താണത്രെ. ചേച്ചിയൊരുത്തി ഇനിയും അവിവാഹിതയായി നില്ക്കുന്നു. ആരും ആ കൈകൾ ഏററില്ല. ഭ്രാന്തുള്ള മാതാവിൻെറ പുത്രിയല്ലേ. പാരമ്പര്യമായിട്ടുള്ളതെങ്കിലോ! പലരും സെലീനയുടെ സഹോദരിയെ കണ്ടു. ആരും സ്വീകരിച്ചതുമില്ല.

ജോർജ്ജിൻെറ വീട്ടുകാർ സെലീനയുടെ കുടുംബനില അന്വേഷിച്ചു. അവരും ആ ബന്ധത്തിനെതിരായി. എങ്കിലും ഒരു ദിവസം അതു നടന്നു. ജോർജ്ജും സെലീനയും തമ്മിലുള്ള വിവാഹം. അശോകൻ ഡൽഹിക്കു് സ്ഥലവും മാറി.

* * *

'അല്ലാ! അശോകനോ.'

വാതിൽ തുറന്നുകൊണ്ടു് ജോർജ്ജ് അഭിവാദ്യംചെയ്തു.

അശോകൻ, പെട്ടെന്നു ഓർമ്മകളിൽ നിന്നുണർന്നു. അതുവരെ ആലോചനയിലായിരുന്നു അശോകൻ.

'ഓ, ജോർജ്ജ്.........'

അശോകനു്, ജോർജ്ജിനോടു് ഏതു തരത്തിലാണു് സംസാരിക്കേണ്ടതെന്നു പിടികിട്ടിയില്ല. ജോർജ്ജിൻെറ കൈയ്യിൽ ഒരു കുഞ്ഞിരിപ്പുണ്ടു്. വളരെയധികം ശോകസങ്കുലമാണു് മുഖം.

രണ്ടുപേരും സ്വീകരണ മുറിയിലേക്കു് കയറി ഇരുന്നു.

'എങ്കിലും ഇങ്ങനെ സംഭവിക്കുമെന്നു വിചാരിച്ചില്ലാ, ജോർജ്ജ്.' അശോകൻ ജോർജ്ജിൻെറ സങ്കടത്തിൽ പങ്കുകൊണ്ടു.

'എല്ലാം പ്രതീക്ഷകൾക്കെതിരെ തന്നെ. ജീവിതം വേദനിക്കുവാൻ വേണ്ടി മാത്രം.'

ജോർജ്ജിൻെറ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടു്. പഴയ ജോർജ്ജല്ല, ഇരിക്കുന്നതെന്നു അശോകനു തോന്നി.

ജോർജ്ജ് കഴിഞ്ഞ അഞ്ചു വർഷത്തെ കഥ സ്നേഹിതനു പറഞ്ഞു കൊടുത്തു.

അശോകൻ, ജോർജ്ജിൻെറ മടിയിലിരിക്കുന്ന പൈതലിനെ നോക്കി. പാവം കുഞ്ഞു്! ഈ ശിശുവിനു് ജീവൻ നല്കിയതോടെയല്ലേ, സെലീനയും അമ്മയുടെ രോഗം ഏറെറടുത്തതു്. സെലീന, അങ്ങനെ ഭ്രാന്തിയായി.

അശോകൻ ഒരിക്കലും വിചാരിച്ചതല്ല ഈ വ്യതിയാനം.

കുറെ നേരം രണ്ടുപേരും നിശ്ശബ്ദരായിരുന്നു. മുകളിലെ, ഫാൻ മൂളലോടെ അതിവേഗം കറങ്ങിക്കൊണ്ടിരുന്നു.

'സാർ കാപ്പിയെടുത്തു' ജോലിക്കാരൻ പയ്യൻ വിളിച്ചു പറഞ്ഞു.

'വരൂ അശോകാ, കാപ്പികുടിക്കാം.'

രണ്ടുപേരും അടുത്ത മുറിയിലേക്കു് പോയി. അപ്പോഴും സെലീനയുടെ അട്ടഹാസം മുഴങ്ങിക്കൊണ്ടിരുന്നു.

# ഇൻഡ്യയും സോഷ്യലിസവും

(കെ. ജോർജ്ജ് മത്തായി Class I, Eco)

സോഷ്യലിസം പരമലക്ഷ്യമായ ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുക എന്ന തത്വസംഹിതയിൽ അടിയുറച്ചു നില്ക്കുന്ന ഒരു രാജ്യമാണ് ഇൻഡ്യാ. രാജ്യത്തൊട്ടാകെ, അടുത്ത കാലത്ത് ഉണ്ടായ ചില സംഭവവികാസങ്ങൾ ഒഴിച്ചാൽ, ഈ നയത്തിന് സാർവത്രികമായ പിന്തുണ ലഭിച്ചിട്ടുണ്ട്. ഈ നയം മൂലം വമ്പിച്ച പുരോഗതിയും ഇൻഡ്യ നേടിയിട്ടുണ്ട്.

സോഷ്യലിസം പരമലക്ഷ്യമെങ്കിലും നമ്മുടെ പ്രവർത്തനപന്ഥാവ് വ്യത്യസ്തമാണ്. ഇവിടെ ഒരു സോഷ്യലിസ്റ്റിക് പാറ്റേൺ ഓഫ് സൊസൈററി" സൃഷ്ടിക്കത്തക്ക വിധത്തിലാണ് നാം നമ്മുടെ ഭരണപരിപാടികൾ സംവിധാനം ചെയ്തിരിക്കുന്നത്. "സോഷ്യലിസവും," സോഷ്യലിസ്റ്റിക് സമൂഹ വ്യവസ്ഥിതിയും സാരമായ വ്യത്യാസങ്ങളോടുകൂടിയവയാണ്.

സോഷ്യലിസത്തിൽ സ്വകാര്യ മേഖലയ്ക്ക് സ്ഥാനമില്ല. എല്ലാം സ്റ്റേറ്റ് നിയന്ത്രണത്തിലും ചുമതലയിലും ആണ് നടത്തപ്പെടുക. രാജ്യം അതിവേഗം പുരോഗമിക്കുന്നതിന് ഈ നയം അനിവാര്യമാണെന്ന കരുതപ്പെടുന്നു. എന്നാൽ ഇപ്രകാരമുള്ള പുരോഗതിക്ക് വിലയായി കൊടുക്കേണ്ടത് ഇൻഡ്യയുടെ ധാർമ്മികമൂല്യം ആണെന്ന പരിഗണനയാലും, ഇൻഡ്യൻ സാമ്പത്തിക വ്യവസ്ഥിതിയുടെ പ്രത്യേകതകൾ മൂലവും മററു പല സാങ്കേതിക കാരണങ്ങളാലും തനി സോഷ്യലിസത്തിലുള്ള പരിപാടികൾ ആവിഷ്കരിക്കുവാൻ ഇൻഡ്യയ്ക്ക് സാദ്ധ്യമല്ലെന്ന് കരുതപ്പെടുന്നു. ഇൻഡ്യൻ ഭരണഘടനയുടെ സംവിധാനം തന്നെ മേൽപ്പറഞ്ഞ കാര്യങ്ങളെ മനസ്സിൽ വച്ചുകൊണ്ടുണ്ടാക്കപ്പെട്ടതാണ്. എന്നാൽ ഈ കാര്യങ്ങൾ സോഷ്യലിസത്തിലേക്കുള്ള പുരോഗതിയെ തടയുവാൻ അനുവദിക്കുവാനും സാദ്ധ്യമല്ല. ഇങ്ങനെ രണ്ടു വിധത്തിലുള്ള ചിന്താഗതികളും ഒരുമിച്ച് നടക്കേണ്ടിവന്നത് "സോഷ്യലിസ്റ്റിക് പാറ്റേൺ ഓഫ് സൊസൈററി" എന്ന ചിന്താഗതിയുടെ ഉദയത്തിന് കാരണമായിത്തീർന്നു.

സോഷ്യലിസ്റ്റിക് പാറ്റേൺ ഓഫ് സൊസൈററിയിൽ ഒരു മിശ്ര സാമ്പത്തിക രീതി (Mixed Economy) യാണ് സ്വീകരിച്ചിരിക്കുന്നത്. പൊതു മേഖലയ്ക്കും, സ്വകാര്യമേഖലയ്ക്കും, രാജ്യത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ സ്ഥാനം കൊടുത്തിട്ടുണ്ടെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത, എന്നാൽ സ്വകാര്യമേഖലയുടെ പ്രവർത്തനം പൊതു മേഖലയ്ക്ക് കൂടി ഗുണമാകത്തക്ക വിധത്തിൽ ആയിരിക്കണം.

സ്വകാര്യമേഖലയ്ക്ക് നല്കുന്ന സ്ഥാനം മതിയായതല്ല എന്ന ആരോപണം അങ്ങിങ്ങായി ഉയർന്നിട്ടുണ്ട്. ഇതത്ര ശരിയാണെന്നു തോന്നുന്നില്ല. മൂന്നാം പഞ്ചവത്സര പദ്ധതിയുടെ കരടു രൂപമനുസരിച്ച് ആകെ 10,200 കോടി ക. ചിലവാക്കുന്നതിൽ 6,200 കോടി ക. പൊതു മേഖലയ്ക്കും 400 കോടി ക. സ്വകാര്യ മേഖലയ്ക്കും ആയി നീക്കിവച്ചിരിക്കുന്നു. പൊതു മേഖലയുടെ വിഹിതത്തിൽ നിന്നും 200 കോടി ക. സ്വകാര്യമേഖലയ്ക്ക് പല ഇനങ്ങളിലായി കടം കൊടുക്കുന്നതിനും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. അതായത് ആകെ ചിലവാക്കുന്ന തുകയുടെ 41 ശതമാനത്തിനു മീതെ സ്വകാര്യ മേഖലയിൽ ചെലവാക്കപ്പെടുന്നു. 59 ശതമാനം മാത്രമാണ് പൊതുമേഖലയിൽ ചെലവാക്കപ്പെടുന്നത്. ഈ തുക പ്രത്യക്ഷത്തിൽ കൂടുതലായി കാണുന്നെങ്കിലും, "സോഷ്യലിസ"മാണ് പരമലക്ഷ്യമെങ്കിൽ കുറഞ്ഞ ഒന്നാണ്. എന്നു തന്നെയല്ല, ഈ തുക പല സംസ്ഥാനങ്ങൾക്കായി വീതിക്കപ്പെടുമ്പോൾ അപര്യാപ്തമായ ഒരു നിലയിലേക്ക മാറുന്നു.

"സോഷ്യലിസ്റ്റിക് പാറ്റേൺ ഓഫ് സൊസൈററി" ക്കെതിരായി പല ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്. അവയിൽ ഒന്ന് "നെഹ്റു സോഷ്യലിസ"ത്തിന് സ്വകാര്യ മേഖലയെ മൂക്കുകയറിട്ട് പൊതു മേഖലയ്ക്കു

## BASKET BALL TEAM (1960–'61.)

(Runners up of the inter-collegiate Zone final)

Standing: M/s. M. K. Poulose; M. K. Mani; M. P. Jacob; V. I. Jacob; Thampy John; John P. Mathew and C. I. Ittoop.

Sitting: Mr. C. P. Andrews (Physical Director); Mr. G. Radhakrishnan (Captain); Mr. A. M. Chacko (President); Mr. T. B. Thomas (Principal).

## WOMEN'S BASKET BALL TEAM—1960—'61.

Runners up in the Inter–Collegiate Tournament of the Trichur Zone.

Sitting (L. to R.): Miss. Susy Philip M. A. (President); Miss. S. Rathi B. A. (Physical Instructress); Mr. T. B. Thomas M. Sc. (Dunelm) (Principal); Miss Aley T. Thomas (Captain); Mr. C. P. Andrews B. A., D. P. E. (Physical Director).

Standing (L. to R.): Misses. Gigi Andrews; M. V. Aisha; Susan Thomas; Darley Oommen; Saramma Verghese; Sosakutty Oommen; V. I. Kumari.



BASKET BALL TEAM—1960–'61.



WOMEN'S BASKET BALL TEAM—1960–61.



COLLEGE HOCKEY TEAM—1960-'61.



FOOT-BALL TEAM—1960-'61

## COLLEGE HOCKEY TEAM 1960-'61.

Sitting on the Floor: (L. to R.) Messrs. Mohammed Moopan ; Vijayan.

Sitting (L. to R.): Mr. C. P. Andrews B. A., D. P. E. (Physical Director); P. Y. Poulose; Mr. K. P. Zachariah M. Sc. (President); K. George (Captain); Rajan Abraham; Mr. T. B. Thomos M. Sc. (Dunelm) A. Inst P. (Principal).

Standing (L. to. R.) 1st Row: Messrs. Thomas Varghese; P. J. Sam; Varghese K. John ; Samuel K. John ; John P. Mathew.

2nd Row (L. to R.): Messrs. Supran (Games Boy); M. K. Kuriakose; Jacob Ninan ; K. Sreedharan ; P. A. Isaac.

## FOOT BALL TEAM

Sitting (Left to Right): Sri. C. P. Andrews (Physical Director); Thomas Verghese; C. G. Varghese (Captain); Sri. T. B. Thomas (Principal); Sri. C. T. Benjamin (President).

Standing 1st Row (Left to Right): C. C. Joy; P. T. Mathew; C. J. Thampi; Mathew C. Mathew; P. Cherunny; Isaac P. A.; George Thomas.

Standing 2nd Row (Left to Right): Mohammed (Games boy); Babu George Mathew; V. O. Oommen; Sasidharan Kuttan; A. V. Thompson ; Thomas Ninan ; K. Kuruvilla ; Supran (Games boy).

ടെ അധികാരത്തിൻ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ്. ശരിയാണ്. സ്വകാര്യ മേഖലയ്ക്ക് മൂക്കുകയറിടുവാൻ "നെഹ്രു സോഷ്യലിസ"ത്തിന് കഴിഞ്ഞിട്ടില്ല. എന്നാൽ "നെഹ്രു സോഷ്യലിസം" സ്വകാര്യമേഖലയ്ക്ക് മൂക്കുകയറിടുവാൻ ശ്രമിച്ചിട്ടേയില്ല എന്നതാണ് വാസ്തവം. സ്വകാര്യ മേഖലയിലും പൊതു മേഖലയിലും ഉള്ള പ്രവർത്തനങ്ങൾ മൂലം ഉണ്ടാകുന്ന സാമ്പത്തിക വ്യതിയാനത്തിലൂടെ സോഷ്യലിസം പ്രാപിക്കുകയാണ് "സോഷ്യലിസ്റ്റിക് പാറേറൺ ഓഫ് സൊസൈററി"യുടെ സ്വഭാവം. എന്നാൽ സ്വകാര്യമേഖലക്ക് പൊതുമേഖലയെ കവച്ചുവയ്ക്കാൻ അനുവാദവും, സൌകര്യവും നല്കിയിട്ടുമില്ല.

സോഷ്യലിസത്തിലേക്കുള്ള ത്വരിതഗമനത്തിന് സോഷ്യലിസ്റ്റിക് പാറേറൺ ഓഫ് സൊസൈററിയുടെ പ്രവർത്തനങ്ങൾ പററിയവയല്ലെന്നും, അവ റഷ്യയിലേയും, ചൈനയിലേയും പുരോഗമനോന്മുഖങ്ങളായ പരിപാടികളോട് തട്ടിച്ചുനോക്കിയാൽ "നിർവീര്യ"ങ്ങളാണെന്നും ആണ് മററൊരു ആരോപണം. എന്നാൽ ഇവിടെ ചില വസ്തുതകൾ സ്മരിക്കേണ്ടതുണ്ട്. റഷ്യയിലും, ചൈനയിലും സ്വീകരിക്കപ്പെട്ട മാർഗ്ഗങ്ങളെ പൊതുവായെടുക്കുമ്പോൾ അവയ്ക്ക് ധാർമ്മിക മൂല്യം ഇല്ലായിരുന്നുവെന്നും, അങ്ങനെയുള്ളവ ഇന്ത്യയ്ക്ക് അസ്വീകാര്യമാണെന്നും, ഇൻഡ്യയുടെ സാമ്പത്തിക വ്യവസ്ഥിതിയുടെ സാങ്കേതിക വശങ്ങൾ റഷ്യയിലേയും ചൈനയിലേയും പോലെ അല്ലെന്നും ഉള്ള വസ്തുതകൾ കണക്കിലെടുക്കുമ്പോൾ ഈ വാദഗതി അസ്ഥാനത്താണെന്ന് കാണുവാൻ സാധിക്കും.

മററൊരു വിധത്തിലുള്ള വിമർശനം, "സോഷ്യലിസ്റ്റിക് പാറേറൺ ഓഫ് സൊസൈററി"യുടെ പ്രവർത്തനങ്ങൾ കമ്മ്യൂണിസ്റ്റ് റഷ്യയിലേയും, കമ്മ്യൂണിസ്റ്റ് ചൈനയിലേയും പ്രവർത്തനങ്ങളുടെ അനുകരണങ്ങൾ ആണെന്നും അതുകൊണ്ട് അവ സ്വീകാര്യങ്ങളല്ലെന്നുമാണ്. ഈ വാദഗതിക്കാർ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നത് സഹകരണ കൃഷിയുടെ ആവിഷ്കരണമാണ്. ഇത് വെറും വിവേകശൂന്യമായ എതിർപ്പാണ്. റഷ്യയിൽനിന്നും ചൈനയിൽനിന്നും എന്തെങ്കിലും അനുകരിച്ചിട്ടുണ്ടെങ്കിൽ അത് ഇൻഡ്യയുടെ ധാർമ്മിക മൂല്യത്തിനും, സാമ്പത്തികഘടനയ്ക്കും തികച്ചും അനുയോജ്യമായതു മാത്രമാണ്. സഹകരണ കൃഷി ഇന്ത്യയുടെ കാർഷിക സാമ്പത്തിക ഘടനയ്ക്ക് അനുയോജ്യമെന്നു മാത്രമല്ല അവശ്യം ആവശ്യവുമാണ്. റഷ്യയിലേയും ചൈനയിലേയും പ്രവർത്തനങ്ങൾ ആയിപ്പോയി എന്നൊരു കാരണംകൊണ്ടു മാത്രം ഈ പരിപാടി എങ്ങനെ അസ്വീകാര്യമായി എന്നു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. നമുക്ക്, നമ്മുടെ നിർമ്മാണ പരിപാടികൾ ആവിഷ്കരിക്കുമ്പോൾ, അവ ഏതു രാജ്യത്തിന്റേതാണെന്നല്ല ചിന്തിക്കുവാനുള്ളത്. അവ നമ്മുടെ രാജ്യത്തിന് പററിയവയാണോ എന്നു പരിശോധിക്കുകയാണ് വേണ്ടത്.

സോഷ്യലിസ്റ്റിക് പാറേറൺ ഓഫ് സൊസൈററിയിലേക്കുള്ള പ്രയാണം ഇൻഡ്യയെ ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാൻ സഹായിക്കുമെന്നു നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. എന്നാൽ ഈ രാഷ്ട്രീയ നയത്തിന്റെ നേർക്കുള്ള അകാരണങ്ങളായ എതിർപ്പുകൾ ഇല്ലാതാക്കേണ്ടതാണ്. അതുപോലെ തന്നെ ഈ നയത്തിന്റെ തന്നെ വക്താക്കളിൽ പലരുടേയും, പ്രവൃത്തികൾക്ക് അതിന്റെ അടിസ്ഥാന തത്വങ്ങളുമായുള്ള വൈരുദ്ധ്യവും ഇല്ലാതാക്കേണ്ടതാണ്.

---

# ഒരോടക്കുഴൽ തകർന്നടഞ്ഞു

—സീത—

മധുരമായ്പ്പുഞ്ചിരി തൂകിനിന്നോ-
രൊരുകൊച്ചു നക്ഷത്രം കണ്ണു ചിമ്മി;
പൊട്ടിവിടരുവാൻ വെമ്പിയോരാ-
ക്കൊച്ചു പൂമൊട്ടു ഹാ! വാടിവീണു!

അലകളിളക്കിയുയർന്നു പോയാ
മധുരസംഗീതം നിലച്ചു പോയി...
ദ്രുതഗതി വിട്ടിട്ടരുവിപോലും
കളകളനാദമടക്കി നിന്നു!

ഒരു കൊച്ചു പാൽപ്പുഴ തീർത്തുവച്ചാ
നീലനിലാവും വിറച്ചു നിന്നു;
മർമ്മരനാദമുതിർത്തിരുന്നോ-
രാമുളങ്കാടുകൾ ഞെട്ടിഞെട്ടി!

വേദനതൻ രാഗം വായിക്കുമെ-
ന്നോടക്കുഴൽ ഹാ! തകർന്നടഞ്ഞു!!
നീലനിലാവിന്റെ കണ്ണുനീരെൻ
വേദനയിങ്കലടർന്നുവീണു!!!

പൊട്ടിത്തകർന്നോരെൻ വീണയിന്മേൽ
എൻ കൈവിരൽ ഹാ! ചലിച്ചു. പക്ഷേ,
ശോകമൂകം രാഗമൊന്നുപോലു-
മായതിൽ നിന്നങ്ങുതിർന്നതില്ല.

എന്നോമൽ വേണു തകർന്നടഞ്ഞു,
എൻ സ്വപ്നവാടിക വാടിനിന്നു!
മൂകമാമെൻ ഗാനമെന്നേക്കുമായ്
നേർത്തുനേർത്തില്ലാതെ യായിയെന്നോ?

പൊട്ടിയടരുമെൻ കണ്ണുനീരിൽ
ഒട്ടനുകമ്പയിന്നാർക്കുമില്ലേ?
എന്നോമൽ സ്വപ്നങ്ങൾ പോലുമയ്യോ!
എന്നിൽ നിന്നെങ്ങോ വിടചോദിച്ചു!

പൂജക്കു വേണ്ടിയൊരുക്കിവച്ച
പൂവുകളൊന്നാകെ വാടിപ്പോയി!
ശ്രീകോവിലിൽ ഞാൻ കത്തിച്ചദീപം
എണ്ണയില്ലാതെ പടർന്നു കത്തി!!

ആരുണ്ടെന്നോടൊത്തനുതപിക്കാൻ?
ആരുണ്ടെൻ കണ്ണീർ തുടച്ചു മാററാൻ?
ആരുണ്ടെൻ നീറുന്ന വേദനയിൽ
ആനന്ദമല്പം പകരുവാനായ്?

വേദന തന്നിൽ പിടഞ്ഞുവോരി
ബുദ്ബുദം തേങ്ങിക്കരയുകിലും
മൂകമായ് ഞാൻ നെയ്ത രാഗസ്വപ്നം
കണ്ണീരിലവ്യക്തമായിടിലും.

നീറുമെൻ വേദന പങ്കുവയ്ക്കാൻ
എന്തിനീ ലോകം തുനിഞ്ഞിടേണം?
നേർത്തലിയുന്നോരീരോദനത്തി-
ലാർദ്രതയെന്തിനണഞ്ഞിടേണം?

ഒരു കൊച്ചു പൂമൊട്ടു വാടിനിന്നാൽ
ഒരു കൊച്ചു വേണു തകർന്നടഞ്ഞാൽ
ഒരു നവഗാനം നിലച്ചു പോയാൽ
കരയാനതിലാരനുതപിക്കാൻ?



*By* P. A. ISAAC

ചെറുകഥ

# വാടിക്കൊഴിഞ്ഞ കാട്ടുപൂവ്

ജോർജ്ജ് മാത്യു, കുമ്പളാംപൊയ്ക.

അർദ്ധചന്ദ്രൻ പടിഞ്ഞാറു ദിക്കിൽ മങ്ങി മറയാറായി. നക്ഷത്രങ്ങൾ പൊട്ടിവിടരുന്ന മന്ദഹാസത്തോടുകൂടി നീലാകാശത്തിൽ ചിതറിക്കിടക്കുന്നു. വെൺമേഘശകലങ്ങൾ ദ്രുതഗതിയോടെ എങ്ങോ പാഞ്ഞുകൊണ്ടിരുന്നു.

ആ നാട്ടുവഴിയിലൂടെ ഒരു കാളവണ്ടി ഗ്രാമത്തിലേക്കു ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. പട്ടണത്തിൽ ചരക്കു കയററിയിറക്കി തിരിച്ചു പോകുന്ന ആ വണ്ടി നിശാദേവിയുടെ സ്പന്ദനംപോലെ 'ഘടഘടാ'രവത്തോടെ കുണ്ടും കുഴിയും കയറിമറിഞ്ഞു ഉരുണ്ടു പോകുകയാണ്. വെളുപ്പാൻകാലത്തിലെ ശീതക്കാററു വിടരാൻ വെമ്പിച്ചു നില്ക്കുന്ന സുമങ്ങളെ തലോടി വീശിക്കൊണ്ടിരുന്നു····

ഉശിരുള്ള രണ്ടു കാളകൾ····കഴിവും തൻറേടവും ഉള്ള വണ്ടിക്കാരൻ. പക്ഷേ ആയാളുടെ മുഖം വിഷാദമഗ്നമാണ്. ആ കണ്ണുകൾ അങ്ങു വിദൂരതയിൽ എങ്ങോ ഉററുനോക്കിക്കൊണ്ടിരുന്നു. മ്ലാനമായ ആ മുഖത്തു വികാരത്തിൻറയും, വിചാരത്തിൻറയും അലകൾ കളിയാടുന്നുണ്ട്. ഭൂതകാലത്തിലെ തേഞ്ഞു മാഞ്ഞ ഓർമ്മകൾ...അവ ചിന്തിക്കരുതെന്നുവെച്ചാലും വന്നുപോകയാണ്......

സന്തോഷവും, സൗഖ്യവും–അവ ഈ ലോകത്തിൽ മനുഷ്യൻ ആഗ്രഹിക്കുന്നവയാണ്. അതിനുവേണ്ടി അവൻ പ്രയത്നിക്കുന്നു. കൊച്ചാപ്പി അതിൽക്കൂടെയൊക്കെയും കടന്നിട്ടുള്ളവനാണ്···പലേ ദുഃഖങ്ങൾ, സന്താപങ്ങൾ അവനു മാറുപിടിക്കുന്നു. ജീവിതം മുന്നിൽ—ഇനിയും ആയുസ്സിൽ എന്തെല്ലാം സംഭവിക്കും—ജീവിതവുമായി ഏററുമുട്ടാൻ തയ്യാറെടുക്കുന്ന ഒരു പടയാളിയാണ് കൊച്ചാപ്പി.

......അമ്മിണി–തൻറെ പ്രേമ ശ്രീകോവിലിലെ ദേവത–അവളെപ്പററിയുള്ള സ്മരണകൾ—ഹൃദയത്തിൽത്തിങ്ങി നില്ക്കുകയാണ്. അവൾ മരിച്ചെങ്കിലോ?····എൻറെ അമ്മിണി...ഇന്നലെവരെ സുഖക്കേടിനു യാതൊരാശ്വാസവുമില്ല— ഓരോ ദിവസവും വർദ്ധിക്കുകയാണ്.

ദൂരെയെങ്ങോ ഒരു കുറുക്കൻ ഓലിയിടുന്നുണ്ടായിരുന്നു.

കൊച്ചാപ്പിയുടെ ചിന്തകൾ വീണ്ടും പഴയ ഏടുകളിലായി······

കൊച്ചാപ്പിക്കു അപ്പൻ സമ്പാദിച്ചു കൊടുത്തതു ആ വണ്ടിയും പത്തു സെൻറു ഭൂമിയും ആ കൊച്ചു വീടുമാണ്.

"കൊച്ചാപ്പി" അവറാൻ ചേട്ടൻ ദീനക്കിടക്കയിൽ കിടന്നു മകനെ വിളിച്ചു.

"എന്താപ്പാ"

"നിനക്കൊന്നിതെല്ലാം. ഞാൻ ഇത്രയും ഒക്കെ ഉണ്ടാക്കി. നീയും റോസയും കൂടെ ഇതനുഭവിച്ചുകൊള്ളണം. ഈശോ മശിഹാക്കു സ്തുതിയായിരിക്കട്ടെ." പിന്നെ വളരെ ദിവസം വേണ്ടിവന്നില്ല–അവറാൻ ചേട്ടൻ മരിച്ചു.

റോസ...കൊച്ചാപ്പിയുടെ പെങ്ങൾ... റോസയിപ്പോൾ വിധവയായി വീട്ടിലാണ്. കൊച്ചാപ്പിയും റോസയുംകൂടി ആ വീട്ടിൽ താമസിക്കയാണ്. ......കൊച്ചാപ്പി ജീവൻറെ ജീവനായി സ്നേഹിക്കുന്ന അമ്മിണി–വേർപെടുത്താനാവാത്ത സ്നേഹബന്ധം···· ആ ബന്ധം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല............

അവിടെയാണ് ആ കഥ തുടങ്ങുന്നതു്···

അവറാച്ചനു് കൊച്ചാപ്പിയെ പഠിപ്പിക്കണമെന്നു വലിയ ആഗ്രഹമുണ്ടായിരുന്നു. റോസയേയും കൊച്ചാപ്പിയേയും പഠിപ്പിക്കണം. ചെറുപ്പത്തിലെ അമ്മയില്ലാതെ വളർന്ന കുഞ്ഞുങ്ങൾ:

"ഏതായാലും പെണ്ണുങ്ങളെ പഠിപ്പിക്കുന്നതു നല്ലതല്ല." അയൽവക്കത്തെ കീവച്ചൻ അഭിപ്രായം പാസ്സാക്കി.

"ശരിയാ. എന്നാ കൊച്ചാപ്പിയെ വിടണം."

അവറാൻ ചേട്ടൻ നേരം വെളുക്കുമ്പോൾ വണ്ടിയുംകൊണ്ടു പോകും. കൊച്ചാപ്പിയും ചിലപ്പോഴൊക്കെ പോകും. അപ്പഴാ സ്കൂളിൽ പോകേണ്ടിവന്നതു്. പഠിപ്പിക്കുന്നതു കൊച്ചാപ്പി ശ്രദ്ധിക്കില്ല. ചിന്ത കാളവണ്ടിയിലായിരിക്കും. ഗോപാലൻസാറിന്റെ അടി ഒന്നെങ്കിലും കൊള്ളാതെ ഒരു ദിവസവും കൊച്ചാപ്പി വീട്ടിൽ വന്നിട്ടില്ല. പിന്നെ, പിന്നെ...സ്കൂളിൽപ്പോകാതെ ആറ്റിന്റെ വക്കത്തും—വട്ടുകളിക്കുന്നിടത്തും—പള്ളത്തും......

അങ്ങനെയിരിക്കുമ്പോഴാണു് അയൽപക്കത്തു പുതിയ താമസക്കാർ വന്നതു്...അമ്മിണി...കൊച്ചാപ്പിയുടെ ക്ലാസ്സിലാണു്. ഇപ്പോൾ പള്ളിക്കൂടത്തിൽ പോകുന്നതിനു മടിയില്ല. അറിയാൻ പാടില്ലാത്തതു് അമ്മിണി പറഞ്ഞു കൊടുക്കും.

ആ കാലങ്ങൾ—അവ ഓർക്കുമ്പോൾ കുളിരണിയുകയാണു്. ആ ശൈശവകാലം—ബാല്യകാല വിനോദങ്ങൾ......

ചന്ദ്രനെ മേഘങ്ങൾ മൂടിക്കളഞ്ഞു. പുലർകാലത്തിൽ എങ്ങോ ഒരു കോഴി കൂകി!

കൊച്ചാപ്പിക്കു സ്ലേറ്റും സഞ്ചിയും ഷർട്ടും നിക്കറും എല്ലാം അവറാൻ ചേട്ടൻ വാങ്ങിക്കൊടുക്കും. അവൻ യോഗ്യനായി വളരണം. മറ്റുള്ളവരുടെ കൂട്ടത്തിൽ മോശക്കാരനാകാൻ പാടില്ല. അമ്മിണി സ്കൂളിൽ പോയില്ലെങ്കിൽ അന്നു കൊച്ചാപ്പിയും പോകില്ല. പോയാൽ ക്ലാസ്സിലിരുന്നു നുള്ളിയും അടിയിട്ടും ലഹളയുണ്ടാക്കും.

"നിന്നോടു ഞാൻ കൂടില്ല."

"കൂടില്ലേ എനിക്കു വല്യചേതമാ."

അന്നു ആരുമാരും മിണ്ടില്ല. വീട്ടിന്റെ പടിവരെ നീണ്ടുപോകും ആ വിരോധം.

"കൊച്ചാപ്പിക്കു് എന്നോടു് കെറുവാണോ" അവളുടെ നുണക്കുഴികൾ തെളിയും

"എനിക്കു അമ്മിണിയോടോ, ഒരിക്കലുമില്ല."

ആ കാലങ്ങൾ എന്നെന്നേക്കുമായി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു കഴിഞ്ഞു.

കൊച്ചാപ്പി നാലാം ക്ലാസ്സിൽ തോററു. അമ്മിണി ജയിച്ചു.

"എടാ നീ പോകണ്ടാ പള്ളിക്കൂടത്തിൽ. വീട്ടിൽ നിക്കു്. അരക്കാശിനു ഗുണമില്ലാത്തോൻ...കാളക്കു പുല്ലു പറിക്കു്."

അങ്ങനെ കൊച്ചാപ്പി വിദ്യാഭ്യാസത്തിനു വിരാമമിട്ടു.

ജോണിച്ചേട്ടനു്—അമ്മിണിയുടെ അപ്പച്ചൻ—മകളെ വിടണമെന്നാഗ്രഹമുണ്ടായിരുന്നു. പക്ഷെ അപ്പോഴാണു് ഭാര്യ മരിച്ചതു്.

"നീ വീട്ടിലിരിക്കു്."

അങ്ങനെ ആ രണ്ടു കുഞ്ഞുഹൃദയങ്ങൾ ഒന്നുപോലെ വളർന്നു വന്നു. കഞ്ഞിയും കറിയും കളിച്ചു്—അപ്പനുമമ്മയുമായി—രാജാവും രാജ്ഞിയുമായി—കള്ളനും പോലീസുമായി ആ കൊച്ചുഗ്രാമത്തിന്റെ സന്തോഷത്തിലും സന്താപത്തിലും—ദുഃഖത്തിലും നെടുവീർപ്പിലും, അവർ ഭാഗഭാക്കുകളായി വളർന്നു. സൂര്യൻ കിഴക്കു നീലമലയുടെ മുകളിൽ ഉദിച്ചു് പടിഞ്ഞാറു് ആഴിയിൽ താണുകൊണ്ടിരുന്നു. ജനനവും മരണവും ഉണ്ടായിട്ടുണ്ടു്. സായംസന്ധ്യക്കു് ഇണക്കുയിലുകൾ രാഗാലാപത്തോടെ ചേക്കേറും. നാട്ടും നാട്ടാരും ദിനംതോറും വളർന്നു വന്നു. കഞ്ഞിവച്ചിട്ടില്ലാത്ത കുടിലുകളും സദ്യകഴിക്കുന്ന ബംഗ്ലാവുകളും—നെടുവീർപ്പിടുന്ന കർഷകനും, മേളിക്കുന്ന കണോരനും. ഹിന്ദുവും, മുസൽമാനും, ക്രിസ്ത്യാനിയും തോളോടു തോളുരുമ്മിക്കഴിഞ്ഞു. ഇതിനിടയിൽ ആ രണ്ടാത്മാക്കൾ പ്രേമത്തിന്റെ മണിദീപവുമായി—സ്നേഹസാമ്രാജ്യത്തിലെ രാജാവും രാജ്ഞിയുമായി വാണു.

വസന്തങ്ങൾ വന്നു മറഞ്ഞു...പൂക്കാലവും മഴക്കാലവും പലതു കഴിഞ്ഞു. ഇന്നും ആ മൊട്ടക്കുന്നും ആ പള്ളിയുടെ കുരിശും ആകാശത്തിലേക്കു തലയുയർത്തി നില്പുണ്ടു്.

നിലാവാനത്തു താരഗണങ്ങൾ കണ്ണുചിമ്മാതെ നോക്കി നില്ക്കും.

..."അമ്മിണി" അവളുടെ അളകങ്ങൾ തലോടിക്കൊണ്ടു് കൊച്ചാപ്പി വിളിക്കും.

"ഉം!" മൃദുലമായ ആ കൈത്തണ്ടു് രോമാവൃതമായ ശരീരത്തിൽ മന്ദം മന്ദം സഞ്ചരിക്കും.

ഒരു ദിവസം കൊച്ചാപ്പി നല്ല ഒരു മോതിരം വാങ്ങി. കൊച്ചാപ്പി എന്നതിൽ മുദ്രണം ചെയ്യിട്ടുണ്ടായിരുന്നു. അത് അമ്മിണിയുടെ വിരലിൽ ഇട്ടു.

" ഞാൻ...ഞാൻ "

അമ്മിണി വിക്കി വിക്കി കൊച്ചാപ്പിയുടെ കണ്ണുകളിലേക്കു നോക്കി. അവാച്യമായ ഏതോ ഒന്നു ലഭ്യമായ അനുഭൂതി " ... "

വണ്ടിയിൽ തൂക്കിയിട്ടിരുന്ന റാന്തൽ വിളക്കു കാറ്റുകൊണ്ടു കെട്ടുപോയി. പക്ഷേ കൊച്ചാപ്പി അതു കത്തിച്ചില്ല. ആ വണ്ടിയിൽ ചാക്കിൽ കച്ചിയിട്ടു കുഷ്യനിൽ ഇരുന്നിരുന്ന കൊച്ചാപ്പിയുടെ മനസ്സ് ദൂരെയെങ്ങോ ആയിരുന്നു.

ഓർമ്മകൾ. അവ വർഷങ്ങൾക്കു പിറകിലേക്കു പായുകയാണ്...വേദനിക്കുന്ന ചിന്തകൾ ഓളംതല്ലുന്നു......

പ്രഭാതാഗമനത്തിന്റെ നാന്ദിയെന്നോണം രണ്ടിണപ്രാവുകൾ വൃക്ഷത്തലപ്പിലിരുന്നു സ്വകാര്യം പറയുന്നുണ്ടായിരുന്നു.

കുളക്കടവിൽ വച്ചും—വിറകു പെറുക്കാൻ പോകുമ്പോഴും കൂട്ടുകാർ പിറുപിറുക്കും...

" അമ്മിണീ—ആ—കൊള്ളാം ! " അതു നാട്ടിലെല്ലാം പരന്നു—നാടോടിപ്പാട്ടായി... അതുപോലെയുള്ള അനുഭവങ്ങൾ കൊച്ചാപ്പിക്കും ഉണ്ടാകാതിരുന്നിട്ടില്ല...ദൂരെ വണ്ടിയുംകൊണ്ടുപോയിട്ടു വരുമ്പോൾ കൊച്ചാപ്പി അമ്മിണിയ്ക്കെന്തെങ്കിലും കൊണ്ടുവരും.

അന്നൊരിക്കൽ ജോണിച്ചേട്ടൻ അവറാൻചേട്ടനോടു പറഞ്ഞു.

" അവറാൻചേട്ടാ "

" എന്താ ജോണേ "

" നമുക്കിതങ്ങു നടത്താം. "

" ആ ! വരട്ടെ. അല്പംകൂടി കഴിഞ്ഞോട്ടെ. " കാലങ്ങൾ കഴിഞ്ഞുപോയി. മൂന്നു ദിവസങ്ങൾക്കു മുൻപ് ആയിരുന്നു അത്. കൊച്ചാപ്പി വണ്ടിയുംകൊണ്ട് പടിഞ്ഞാറു എവിടെയോ പോയി. നെല്ലും കച്ചിയും കയറി നാലഞ്ചു ദിവസങ്ങൾ കഴിഞ്ഞാണ് വന്നത്. വഴിയിൽ വച്ചുതന്നെ ആ സംഭവം കൊച്ചാപ്പി അറിഞ്ഞു.

ആ കാപ്പിക്കടയിൽവച്ച് ഔതച്ചേട്ടൻ കൊച്ചാപ്പിയോടു പറഞ്ഞു. " കുഞ്ഞറിഞ്ഞോ ജോണിച്ചേട്ടന്റെ മോള് അമ്മിണി നീലക്കാവിൽ ഇന്നലെ കൂട്ടുകാരുടെകൂടെ വിറകിനു പോയി. വെഷം തൊട്ടെന്നാ പറേന്നേ. വെഷഹാരീടടുക്കേന്നു ഇന്നു കൊണ്ടുവന്നു. "

" ഏ ! " കൊച്ചാപ്പിയുടെ ഹൃദയമിടിപ്പു വർദ്ധിച്ചു. " നീലക്കാവിൽവച്ചോ ? "

അവിടെ പോയവർ—അവിടങ്ങളിൽ മൂന്നുപേർ മരിച്ചിട്ടുണ്ട്. നിലക്കളവും—നിബിഡമായ കാടും—ആകപ്പാടെ അവിടം വിഷമം പിടിച്ചതാണ്. കൊച്ചാപ്പിക്കറിയാം.

" അല്പം കൂടുതലാ " കൊച്ചാപ്പി ഒരു യന്ത്രംപോലെ വീട്ടിലെത്തി. ആവശ്യങ്ങളായ എല്ലാം ജോണിച്ചേട്ടൻ ചെയ്തുകൊടുത്തു. പണവും എല്ലാം...അമ്മിണി ജീവിക്കണം ....പക്ഷെ യാതൊരു കാര്യവുമില്ല........

കിഴക്കു വെള്ള വീശി. വണ്ടി ആ വഴിയിൽ ഇറക്കത്തിലെത്തി. അതു വേഗം വീട്ടിലേക്കാണു.

പടിക്കലെത്തി കാളകളെ അഴിച്ചു. റോസി കാപ്പിയുമിട്ട് കൊച്ചാപ്പിയെ കാത്തിരിക്കയാണ്.

" പെങ്ങളേ അമ്മിണിയ്ക്കു കുറവുണ്ടോ ? "

" ഇല്ല "

കാപ്പി കുടികഴിഞ്ഞ് കൊച്ചാപ്പി വേഗം പടിഞ്ഞാറേലേക്കു നടന്നു. ഭാരമുള്ള ഹൃദയം—നീറുന്ന മനസ്സ്...കാലുകൾക്കും കൈകൾക്കും ചേതസ്സറ്റതുപോലെ.

ആ പരിസരമാകെ ഒരു മ്ലാനത. അതു മീണ്ടും രണ്ടുമൂന്നാളുകൾ ഉണ്ട്.

" അമ്മിണീ " ! കൊച്ചാപ്പി വിളിച്ചുപോയി. അടക്കാൻ നോക്കിയിട്ടും സാധിക്കുന്നില്ല. ദിഗന്തങ്ങളെ ഉൾക്കൊള്ളുന്ന ശക്തിയുണ്ടായിരുന്നു ആ വിളിക്ക്.

അവൾ ക്ഷീണിതങ്ങളായ നയനങ്ങൾ തുറന്നു കൊച്ചാപ്പിയെ നോക്കി. മണിക്കൂറുകൾ കഴിഞ്ഞു. കൊച്ചാപ്പി ആ കിടക്കയ്ക്കരികിൽ മുട്ടുകുത്തിയിരുന്നു. നിമിഷങ്ങൾ ...മിനിറ്റുകൾ ഓരോന്നോരോന്നായികഴി

ഞ്ഞുപോയി. അമ്മിണിയുടെ ജലസാന്ദ്രമായ ആ കണ്ണുകൾ മൂകമായ ഭാഷയിൽ എന്തോ സംസാരിക്കുന്നുണ്ടായിരുന്നു. കൊച്ചാപ്പിയ്ക്കു തടുക്കാൻ കഴിഞ്ഞില്ല.

ദിവാകരൻ പടിഞ്ഞാറെ ദിക്കിൽ വിലയം പ്രാപിക്കാൻ ഏതാനും സമയംമാത്രമേയുള്ളു. അസ്തമിച്ചുകതിർ അതിന്റെ കൈവേല പശ്ചിമാംബരത്തിൽ ചെയ്യുന്നതിനെ ഇരുണ്ട കാർമേഘം ഉന്തു കൊണ്ടിരുന്നു.

ലോകത്തിൽ നിന്നും ജഡത്തിൽ നിന്നും വേർപിരിയാൻ വെമ്പൽ കൊള്ളുന്ന ഒരാത്മാവ്…അതേ അതിന്റെ ഉദ്ദേശ്യം സാധിച്ചു. എന്നേക്കുമായി വേർപെട്ടു.

അപ്പോഴേക്കും സൂര്യൻ അതിന്റെ ഉറക്കറയിൽ കടന്നു കഴിഞ്ഞു—അന്ധകാരം ഭൂമിയെ മൂടി…ആ കാട്ടുപൂവ് വാടിക്കൊഴിഞ്ഞു. മുറ്റത്തെ വാഴക്കുമ്പിൽ തേൻ കുടിച്ചുകൊണ്ടിരുന്ന കണ്ണാറാക്കിളികൾ ദൂരെയെങ്ങോ പറന്നു മറഞ്ഞു…

* * * *

മറ്റൊരു പ്രഭാതം അതിന്റെ പ്രകൃതികളെയും വികൃതികളെയും ലോകത്തിനു കാഴ്ചവയ്ക്കാൻ ആഗതമായിക്കഴിഞ്ഞു. പക്ഷിഗണങ്ങൾ കളകൂജനത്തോടെ കൂടുകളെവിട്ടു. മഞ്ഞണിഞ്ഞ നിലങ്ങൾ സുഖമായ നിദ്രയിൽ നിന്നുണരാൻ ഇനി അധിക സമയം വേണ്ട. ശീതക്കാറ്റ് ഉരുഉരെ അടിച്ചുകൊണ്ടിരുന്നു.

ആ ഗ്രാമത്തിലെ പള്ളിയുടെ സെമിത്തേരിയിൽ പുത്തനായി മണ്ണിളക്കിയിടക്കുന്ന ഒരു കുഴിമാടത്തിന്റടുത്തു കരൾ കവിയുന്ന ദുഃഖവുമായിരിക്കുന്ന കൊച്ചാപ്പിയെ കണ്ടിട്ടെന്നവണ്ണം മഞ്ഞുകണങ്ങൾ ഭൂമിയിൽ പതിച്ചുകൊണ്ടിരുന്നു.

ആ നാട്ടിൽ ചെമ്പിച്ച ദീക്ഷയണിഞ്ഞ ബ്രഹ്മചാരിയായ ഒരു കാളവണ്ടിക്കാരൻ ഇന്നും ഉണ്ട്…കൊച്ചാപ്പി.



"പ്രതീക്ഷകൾ നാമ്പെടുക്കുന്നു"

*by* Ibrahim M. A.
Class I Philo.
U. C. C.

# ചിരിക്കുന്ന ചിന്തകൾ

പ്രകൃതി പാടുന്നതെന്താ. അതു് തന്റെ വയലിനിലൂടെ പകർത്തിക്കാട്ടുകയാണോ കവിയുടെ കൃത്യം? അതോ, ആ പാട്ടുകേട്ടു് ഉന്മത്തതയുൾക്കൊണ്ടു് അതിലും മുന്തിയ തനതായ രാഗതാളങ്ങളോടെ പാടുകയോ?

* * *

സന്തോഷത്തിന്റെ പൂമാലയേക്കാൾ ദുഃഖത്തിന്റെ കല്ലേറിനാണു കൂടുതൽ ഫലം; എന്തുകൊണ്ടെന്നാൽ പൂമാലപെട്ടെന്നു് വാടിക്കൊഴിഞ്ഞുപോകുന്നു! കല്ലേറോ അതു് വാടാതെ, മായാതെ, 'കല'കെട്ടിക്കിടക്കുന്നു.

* * *

നമ്മുടെ സാഹിത്യത്തിൽ നിരവധി കെട്ടിടങ്ങളുണ്ടു്! പക്ഷേ, ഒരൊററ താജ്മഹൽ പോലുമില്ല.

* * *

വിജ്ഞാനത്തിനു് ഒരിക്കലും പിടികൊടുക്കാതെ, അന്തർഗ്ഗൃഹത്തിൽ പതുങ്ങി നടക്കുന്ന ഒരു 'പുള്ളി'യുണ്ടു്—അജ്ഞത!

* * *

കവിതയ്ക്കുമുണ്ടു് ഒരു കാൽച്ചങ്ങല—വ്യാകരണം! കടലാസുകൊണ്ടുള്ള കാൽച്ചങ്ങല!

* * *

വിവാഹങ്ങൾ സ്വർഗ്ഗത്തിൽ വെച്ചു നടക്കുന്നു, അതുകൊണ്ടു് ഭൂമിയിലെ വിവാഹങ്ങൾ നിയമലംഘനങ്ങളാണു്

* * *

സൃഷ്ടിയുടെ നേർക്കുള്ള ഒരു കരിങ്കൊടി പ്രയോഗമാണോ, കുടുംബാസൂത്രണ പദ്ധതി?

* * *

ശീലകീറി, കമ്പിപൊട്ടി, തകരാറിലായ ഒരുകുടയത്രേ 'വിധി.' അതു് അന്തസ്സിൽ പിടിച്ചു നടക്കുന്നവനാരോ അവന്റെ സ്ഥിതി അനുകമ്പാർഹം!

* * *

പുരുഷനിൽനിന്നു് ഒരാളുടെ ശബ്ദമേ കേൾക്കൂ. സ്ത്രീയിൽനിന്നോ ലോകത്തിന്റെ മുഴുവൻ കൊഞ്ചലുകളും!

* * *

ഒരു യുവതി:— "എന്റെ കാമുകനൊരു പലവ്യഞ്ജനക്കടക്കാരനാണു്. അദ്ദേഹമെപ്പോഴുമെന്നോടു് പറയും, ഉപ്പു്, മുളകു് പഞ്ചസാര എന്നൊക്കെ."

കൂട്ടുകാരി:— "എന്റെ കാമുകനൊരു ബസ്സ് കണ്ടക്ടറാണു്; എപ്പോഴുമെന്നോടു പറയും 'നീങ്ങിയിരിക്കു്'; 'കുറച്ചുകൂടി അടുത്തിരിക്കു്' എന്നൊക്കെ."

* * *

പ്രസവിക്കുന്ന ഉടനെയുള്ള ശിശുവിന്റെ കരച്ചിൽ, മനുഷ്യവർഗ്ഗത്തോടാകമാനമുള്ള വിപ്ലവാഹ്വാനമാണു്.

* * *

കരയാനറിഞ്ഞുകൂടാത്ത സ്ത്രീ? ലോകത്തിലെ ഏററവും വലിയ അത്ഭുതം.

* * *

നിങ്ങൾക്കൊരു രഹസ്യം പരസ്യമാക്കണമെന്നുണ്ടോ? ഒരു വിഷമവുമില്ലാതെ ഞൊടിയിടയ്ക്കുള്ളിൽ സാധിക്കാം. നിങ്ങൾ പരിചയമുള്ള ഒരു സ്ത്രീയുടെ അടുക്കൽച്ചെന്നു് ആ രഹസ്യം, വളരെ സ്വകാര്യമായിട്ടവളോടുപറയുക. എന്നിട്ടു് ഇങ്ങനെ കൂടി മന്ത്രിക്കുക "ഇതു വളരെ രഹസ്യമാണു് ആരോടും പറയരുതു്" എന്നു്.

* * *

വികാര ജീവിയായ ഒരു മറയനെപ്പോലെ വലിയ ഒരു മറയൻ വേറെയില്ല തന്നെ.

* * *

മരണം ഒരു നീണ്ട ഉറക്കമാണു്. അപ്പോൾ ഉറക്കം ഒരു ചെറിയ മരണമാണു്.

* * *

# ആ കണ്ണീർക്കണങ്ങൾ

മേരി ജേക്കബ്, യു. പി. ക്ലാസ്സ് എ.

ഉല്ലാസഭരിതമായ അന്തരീക്ഷമാണു ചുറ്റുപാടും. മഞ്ഞണിഞ്ഞ മാമലകളും പൊട്ടിച്ചിരിക്കുന്ന കാട്ടാറുകളും നിറഞ്ഞ മൂന്നാർ. അവിടെ ദുഃഖത്തിന്നവകാശമെവിടെ? സന്ധ്യയുടെ മടിത്തട്ടിലേക്കു തലചായ്ക്കുന്ന അവൾ പൂർവ്വാധികം മനോഹാരിണിയാണ്. ആ കാശഭിത്തിയിൽ ആരോ കുസൃതിക്കുട്ടന്മാർ ചുവപ്പും മഞ്ഞയും ചായങ്ങൾ ക്രമമില്ലാതെ വാരിത്തേച്ചു. നീണ്ടുനീണ്ടു കണ്ണെത്താത്ത ദൂരത്തിൽ തേയിലച്ചെടികൾ നിവർന്നുനില്ക്കുകയാണ്. അതിനിടയിലൂടെ ഒരു കുസൃതിക്കാറ്റ് കടന്നുപോയി. ഇലകൾ തലയിളക്കി നൃത്തപരിശീലനം നടത്തുകയാണ്.

അങ്ങകലെയായി വളഞ്ഞുപുളഞ്ഞ ഒരു റോഡു കാണാം. കാറുകൾ പൊടി പാറ്റിച്ചുകൊണ്ട് പായുകയാണ്. പണികഴിഞ്ഞു സ്വഗൃഹങ്ങളിലേക്കു മടങ്ങുന്ന പാണ്ടിപ്പെണ്ണുങ്ങളുടെ ചിലമ്പൽ അകലെനിന്നും അവ്യക്തമായി കേൾക്കാം. പകലന്തിയോളം എല്ലുമുറിയെ പണിയെടുത്തിട്ടും ജീവിതത്തിന്റെ കയ്പ് അവർ മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു.

മനുഷ്യപരിശ്രമത്തിന്റെ മാഹാത്മ്യത്തെ വിളിച്ചറിയിച്ചുകൊണ്ട് ആ താഴ്വരയിൽ ഒരണക്കെട്ട് തലയുയർത്തി നിൽക്കയാണ്. വസന്തം നൃത്തം വയ്ക്കുന്ന ആ പരിസരത്തിൽ ഇരുപതാം നൂറ്റാണ്ടിലെ ആ ഉന്നതശില്പം ഒരു വൈരുദ്ധ്യമായിത്തോന്നി. പാടലവർണ്ണമാർന്ന ആകാശം ആ തടാകത്തിൽ പ്രതിഫലിച്ചുകാണാം. ചെഞ്ചോര തളംകെട്ടിക്കിടക്കുന്നതുപോലെ. ഈ വിചിത്രമായ കാഴ്ച കാണുവാൻ ചുറ്റുമുള്ള പുഷ്പങ്ങൾ ജലത്തിലേക്കെത്തിനോക്കി.

അന്തരീക്ഷം ശാന്തമായിട്ടും സണ്ണി മാത്രം അവിടെനിന്നെഴുന്നേറ്റില്ല. ആ കൺപീലികൾ നനഞ്ഞിരിക്കുന്നു. അവന്റെ ഹൃദയത്തിൽ വിചാരത്തിന്റെ ഒരു വേലിയേറ്റമാണ്. ചിന്തകൾ; നീറുന്ന ചിന്തകൾ—അവ മാത്രം ശേഷിച്ചിട്ടുണ്ട്. ഹൃദയത്തിൽ ആയിരം സൂചികൾ തറച്ചുകയറുന്നതുപോലെ തോന്നി. മറക്കാൻ സാധിക്കാത്ത സംഭവങ്ങൾ. അവൻ തേങ്ങിക്കരഞ്ഞു. രാജന്റെ ആത്മാവിനെ അതു ക്ഷതപ്പെടുത്തിക്കാണും. ആ പാവനാത്മാവിനെ വേദനിപ്പിക്കുവാൻ പാടില്ല. അണ പൊട്ടിയൊഴുകിയ കണ്ണുനീർ സണ്ണി തടഞ്ഞുനിർത്തി.

നീണ്ട നാലു വർഷങ്ങൾക്കു മുമ്പാണതു സംഭവിച്ചത്.

രാജനും സണ്ണിയും; അവർ ആത്മാർത്ഥസ്നേഹിതന്മാരായിരുന്നു. വിട്ടുപിരിയാത്ത സ്നേഹിതന്മാർ. രാജൻ ഒരു ധനികന്റെ ഏകപുത്രൻ. ആനന്ദത്തിന്റെ അന്തരീക്ഷത്തിലാണ് അവൻ ജനിച്ചത്. പൊട്ടിച്ചിരിയിൽക്കൂടി അവൻ വളർന്നു. എന്നാൽ സണ്ണിയോ, അവൻ മരിക്കാതിരുന്നുകൊണ്ട് ജീവിച്ചു. അരവയറും കീറത്തുണിയും അവനു അപരിചിതമല്ലായിരുന്നു. എന്നിട്ടും അവർ കൂട്ടുകാരായി. ഒരു കാര്യത്തിൽ മാത്രം അവർക്കു തുല്യതയുണ്ട്. രണ്ടുപേരും മാതൃ

---

കുരിശുട്ട് രണ്ട് കണ്ണോമനകളെ പ്രസവിച്ചു. സൂര്യനും ചന്ദ്രനും. പക്ഷെ, എത്ര കഷ്ടം! തന്റെ കുഞ്ഞുങ്ങളുടെ കുളിർമുഖം സന്തോഷമൊന്നു മുകരാൻ കൂടി അതിനു കിട്ടുന്നില്ല.

* * *

വള്ളത്തോൾ കാഹളമായിരുന്നു— ആവേശത്തിന്റെ; ആശാൻ തത്വചിന്തയുടെ ശംഖനാദം! ചങ്ങമ്പുഴയോ, പ്രേമത്തിന്റെ മുരളീരവവും! ഈ മൂന്നിലും മലയാളത്തിന്റെ ചേതന ഉണർന്ന് ഉന്മേഷംകൊണ്ട് നീന്തിത്തുടിച്ചു.

P. G. George
B. Sc. Final year

സുഖം അനുഭവിച്ചിട്ടില്ല. എങ്കിലും ആ കുറവറിയാതെ രാജൻ വളർന്നുവന്നു. എന്തുകൊണ്ടു്? അവനു് സ്നേഹനിധിയായ ഒരപ്പച്ചനുണ്ടായിരുന്നു. എന്നാൽ സണ്ണിയുടെ മദ്യപാനിയായ പിതാവിനു് പുത്രൻ ഒരു പ്രശ്നമല്ലായിരുന്നു. എന്നിട്ടും ആ ഹൃദയങ്ങൾ തമ്മിലടുത്തു. ഏകാന്തമധുരമായ ആ അന്തരീക്ഷം അവരുടെ കൂട്ടുകെട്ടിനു് വളമിട്ടുകൊടുത്തു.

സണ്ണി സ്കൂളിൽപ്പോകാൻ തുടങ്ങിയതു് രാജന്റെ പുസ്തകം ചുമക്കുക എന്ന മഹനീയ ലക്ഷ്യത്തിനായിരുന്നു. എങ്കിലും അവൻ പഠിച്ചു. ക്ലാസ്സിൽ നല്ലസ്ഥാനം കരസ്ഥമാക്കി. രാജന്റെ പിതാവിനു് അതറിഞ്ഞപ്പോൾ സന്തോഷമേ ഉണ്ടായുള്ളൂ. അദ്ദേഹം അവനും ഫീസു കൊടുത്തു. അവനെയും പഠിപ്പിച്ചു.

രണ്ടുപേരും സ്കൂൾഫൈനൽ പാസ്സായി. രാജൻ കോളേജിൽ ചേരുവാൻ പോകുകയാണു്. ഇനിയും രാജന്റെ അപ്പച്ചനെ വിഷമിപ്പിക്കുവാൻ സണ്ണി തയ്യാറില്ല. എന്തെങ്കിലും ഒരു ചെറിയ ജോലികൊണ്ടു് തൃപ്തിപ്പെട്ടുകൊള്ളാമെന്നു അവൻ ഏറ്റു.

ആ ഹൃദയങ്ങൾ ഇതിനകം വളരെയേറെ അടുത്തുകഴിഞ്ഞിരുന്നു. ആരും അതിനെ വേർപെടുത്തുവാൻ തയ്യാറായില്ല. അവിടെ അസംതൃപ്തിയുടെ കരിനിഴൽ വീശിയില്ല. അവരുടേതായ ഒരു ലോകത്തിൽ അവർ ജീവിച്ചു.

കുന്നുകൾ മഞ്ഞിന്റെ മൂടുപടം വലിച്ചു നീക്കി. ഇളംവെയിൽ കൊടുത്ത മഞ്ഞപ്പരവതാനിയും വിരിച്ചു് ആ പ്രദേശം വസന്തലക്ഷ്മിയെ സ്വീകരിക്കുവാൻ തയ്യാറായി. അന്നൊരു ദിവസം സന്ധ്യക്കു് രാജനും സണ്ണിയും ഒരു ചെറുതോണിയിൽക്കയറി ആ അണക്കെട്ടിലേക്കിറങ്ങി. അവിടെ സ്ഥിരതാമസക്കാരായ സുവർണ്ണമത്സ്യങ്ങളും മണ്ഡൂകങ്ങളും ആ കൊച്ചുതോണിക്കു് അകമ്പടി സേവിച്ചു. പൂനിലാവിൽക്കുളിച്ചു് നീലജലത്തിൽച്ചാഞ്ചാടി ആ തോണി മുമ്പോട്ടു നീങ്ങി. നീലാകാശത്തെയും നക്ഷത്രങ്ങളെയും പ്രതിഫലിപ്പിക്കുന്ന ആ തടാകത്തിൽക്കൂടി അവരുടെ ഹൃദയങ്ങൾ വാചാലങ്ങളായി. അനുഭൂതികൾ നിറഞ്ഞുകവിയുന്ന അന്തരീക്ഷം. എത്ര സമയം അങ്ങനെ കഴിഞ്ഞു എന്നറിഞ്ഞുകൂടാ. സ്വർഗ്ഗീയസുഖം അനുഭവിച്ച നിമിഷങ്ങൾ. തോണി ലക്ഷ്യമില്ലാതെ സഞ്ചരിക്കുകയാണു്. അതവർ അറിയുന്നില്ല. അവാച്യമായ സന്തോഷം. മാദകമായ ആ മധു അവർ ആവോളം നുകർന്നു. തൃപ്തിയായില്ല. അതിനുമുമ്പു സംഭവിച്ചു. പെട്ടെന്നു് അന്തരീക്ഷം പ്രക്ഷുബ്ധമായി. ലളിത പൂതനയായി മാറിയതുപോലെ. ഭയങ്കര മഴയും ചീറിയടിക്കുന്ന കാറ്റും. കാറ്റിനൊപ്പം ആ തോണി വട്ടംതിരിഞ്ഞു. തോണി മറിഞ്ഞു.

'രാജാ'... സണ്ണി ഉച്ചത്തിൽ വിളിച്ചു. മറുപടി ഉണ്ടായില്ല. കൊടുങ്കാറ്റിൽ ആ ശബ്ദം ലയിച്ചുചേർന്നു. സണ്ണി ആവോളം ശക്തി പ്രയോഗിച്ചു നീന്തി. പക്ഷേ എങ്ങനെ നീന്തും? ശരീരത്തെ കുത്തിത്തുളക്കുന്ന കാറ്റു്. തണുത്തു മരവിച്ച വെള്ളവും. നട്ടെല്ലുവരെ കോച്ചിപ്പോയി. ഞരമ്പുകൾ വലിഞ്ഞുപൊട്ടുകയാണോ? എങ്ങനെയോ കരയ്ക്കു കയറി വീണെന്നു തോന്നുന്നു.

* * *

കണ്ണു തുറന്നപ്പോൾ താൻ മനോഹരമായ ഒരു മുറിയിലായിരുന്നു. അവനുടൻതന്നെ അവിടം തിരിച്ചറിയാൻ കഴിഞ്ഞു. രാജന്റെ ഭവനം. പക്ഷേ തന്റെ പ്രിയപ്പെട്ട രാജനെവിടെ.

"രാജാ" .. സണ്ണി വിളിച്ചു.

"രാജനിവിടെത്തന്നെയുണ്ടു്"— ചുറ്റും നിന്നവരിൽ ആരോ മറുപടി പറഞ്ഞു.

"എനിക്കു രാജനെ കാണണം"....സണ്ണി എഴുന്നേൽക്കാൻ ശ്രമിച്ചു. ആരോ അവനെ താങ്ങിപ്പിടിച്ചു് അടുത്ത മുറിയിലേക്കു കൊണ്ടുപോയി.

അവിടെ ഒരു കട്ടിലിൽ വാടിത്തളർന്നു രാജൻ കിടക്കുന്നു. രാജന്റെ നില അപകടകരമായിരുന്നു. തോണി മറിഞ്ഞപ്പോൾ രാജൻ തോണിയുടെ അടിയിലായിപ്പോയി. അങ്ങനെ എത്രനേരം കിടന്നെന്നറിഞ്ഞുകൂടാ. രാജന്റെ മനോഹരമായ കണ്ണുകൾ കൂമ്പിപ്പോയിരിക്കുന്നു. തലേന്നാളത്തെ ആ

പുഞ്ചിരി വിളറി വെളുത്ത ആ ചുണ്ടുകളിൽ ഇപ്പോഴും തങ്ങിനിൽക്കുന്നുണ്ട്. എല്ലാവരും ഉൽക്കണ്ഠാഭരിതരാണ്. അവരുടെ കണ്ണുകളിൽ ആകാംക്ഷയും കാരുണ്യവും മുററിനിൽക്കുന്നതായിക്കാണാം.

"എൻെറ രാജാ"...... സണ്ണി ഉറക്കെ വിളിച്ചു.

രാജൻെറ കണ്ണുകൾ മെല്ലെത്തുറന്നു. ആ കൃഷ്ണമണികൾ കരയ്ക്കെടുത്തിട്ട കരിമീനുകളെപ്പോലെ പിടച്ചു. തലയ്ക്കലിരുന്നു കരയുന്ന അപ്പച്ചനെയും സണ്ണിയെയും അവൻ മാറിമാറി നോക്കി. ആ ചുണ്ടുകൾ ചലിച്ചു. "ഇ...നി...സണ്ണി....യാ...ണ്....അപ്പ...ച്ചൻെറ മോ...ൻ." രാജൻെറ മുഖം ഒരു കടമ നിറവേററിയതുപോലെ സംതൃപ്തമായിരുന്നു.

ചുററും നിന്നവർ പകച്ചുനോക്കി. രാജൻെറ അപ്പച്ചൻ ഒരു ഭ്രാന്തനായി മാറിപ്പോയി.

"മോനേ" അതൊരു പൊട്ടിത്തെറിക്കലായിരുന്നു. ആ മുറിയുടെ ഭിത്തികൾ ആ ശബ്ദം ആവർത്തിച്ചു.

"രാജാ" സണ്ണി പൊട്ടിക്കരഞ്ഞു.

രാജൻെറ കണ്ണുകൾ അടഞ്ഞു. "സണ്ണി" ആ ചുണ്ടുകൾ മന്ത്രിക്കുന്നതായി തോന്നി.

* * *

ആ സംഭവം കഴിഞ്ഞിട്ട് വർഷങ്ങൾ നാലു കഴിഞ്ഞിരിക്കുന്നു. സണ്ണി വിദൂരദേശത്തേക്കയയ്ക്കപ്പെട്ടു. അവൻ പഠിച്ച് ഉന്നതബിരുദങ്ങൾ കരസ്ഥമാക്കി.

നീണ്ട നാലു വർഷങ്ങൾക്കുശേഷം സണ്ണി തിരിച്ചു വന്നിരിക്കയാണ്. രാജൻെറ വേർപാടിന് സാക്ഷിനിന്ന ആ അന്തരീക്ഷത്തിലേക്ക്; സ്നേഹിതൻെറ ആത്മാവിന്റെ തേങ്ങലുകൾ പങ്കിടുവാൻ.

രണ്ടു തുള്ളിക്കണ്ണുനീർ ആ ജലത്തിൽ അടർന്നുവീണു. രാജൻെറ ജീവൻ അലിഞ്ഞുചേർന്ന ആ ജലത്തിൽ.

"എൻെറ ഔന്നത്യത്തിനുവേണ്ടി സ്വയം ബലിയർപ്പിച്ച പ്രിയ സ്നേഹിതാ" സണ്ണിയുടെ ചുണ്ടുകൾ മന്ത്രിച്ചു. "നീ എന്തിനെൻെറ ഹൃദയത്തിലേക്കു കടന്നുവന്നു. ഞാനിവിടെ രണ്ടു തുള്ളിക്കണ്ണുനീരെങ്കിലും അർപ്പിക്കട്ടെ. നീയതിൽ ഖേദിക്കല്ലേ."

പാവനമായ ആ അന്തരീക്ഷത്തോടു വിടവാങ്ങാൻ മനസ്സുണ്ടായിട്ടില്ല; എങ്കിലും സണ്ണി അതിനു നിർബ്ബന്ധിതനായി. ഒരു മന്ദമാരുതൻ അവനെ തലോടിക്കടന്നുപോയി. രാജൻെറ നിശ്വാസംപോലെ.



# ചെറുകഥാപ്രസ്ഥാനം

K. I. Vikraman, Class I Maths.

ആശയവിനിമയത്തിന് ഭാഷ ഉണ്ടായ കാലം മുതൽക്കു തന്നെ കഥയും ആരംഭിച്ചിരിക്കണമെന്നാണ് അനുമാനിക്കേണ്ടത്. കാലചക്രത്തിന്റെ ശീഘ്രഗതിമൂലം സമയത്തിന് കുറവു നേരിടുകയും അതിന്റെ മൂല്യത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുകയും ചെയ്തു. അതിനാൽ ധനസമ്പാദനത്തിൽ മാത്രം അതീവ ശ്രദ്ധ ചെലുത്തിയിരുന്ന മനുഷ്യന് വിക്ടോറിയൻ കാലഘട്ടങ്ങളിലും മറ്റും എഴുതപ്പെട്ട ദീർഘമായ നോവലുകൾ വായിക്കുവാൻ ധാരാളം സമയം ലഭിക്കാതെയായി. ഈ സമയ ദാരിദ്ര്യത്തിന്റെ ഫലമായി അവൻ കണ്ടുപിടിച്ച നൂതന മാർഗ്ഗമായിരിക്കണം ചെറുകഥ. കാലക്രമത്തിൽ ചെറുകഥയെഴുത്ത് സാഹിത്യത്തിന്റെ ഒരു ശാഖയായി രൂപം പ്രാപിക്കുകയും ചെയ്തു.

ക്രിസ്തുവിന് വളരെക്കൊല്ലങ്ങൾക്കു മുമ്പു തന്നെ ചെറുകഥ ഉണ്ടായിരുന്നു. പക്ഷേ അന്ന് 'ചെറുകഥ' ഒരു പ്രസ്ഥാനമെന്ന നിലയിൽ വികസിച്ചിരുന്നില്ല. ഏകദേശം 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടിയാണ് അത് ഒരു സാഹിത്യപ്രസ്ഥാനമെന്ന രീതിയിൽ രൂപമെടുത്തത്.

ഒരു കഥ ചെറിയ കഥയായതുകൊണ്ട് അത് 'ചെറുകഥ' യാകുന്നില്ല. നോവലും ചെറുകഥയും കഥകൾ തന്നെയാണ്. പക്ഷേ രണ്ടിനും അതിന്റേതായ ചില ഗുണവൈശിഷ്ട്യങ്ങൾ ഉണ്ട്. ചെറുകഥ എത്ര തന്നെ പൊലിപ്പിച്ചാലും അതൊരു നോവലാകുകയില്ല. അതുപോലെ തന്നെ നോവൽ എത്ര തന്നെ ചുരുക്കിയാലും അതൊരു ചെറുകഥയും ആകുകയില്ല. ഈ രണ്ടു സാഹിത്യസരണികൾക്കും തമ്മിൽ പല പ്രകാരത്തിൽ അന്തരമുണ്ട്.

ചെറുകഥക്ക് അത്യാവശ്യം ഉണ്ടായിരിക്കേണ്ട ചില ഗുണങ്ങളെ താഴെ ചുരുക്കി വിവരിക്കാം. ഒരു സംഭവത്തെ മാത്രം കേന്ദ്രീകരിച്ചാണ് ചെറുകഥയെഴുതുന്നത്. അത് കഴിയുന്നത്ര ഋജുവും ഹ്രസ്വവുമായിരിക്കണം. കഥാകൃത്തിന്റെ ഹൃദയം വികാരോഷ്മളമായേ പറ്റൂ. എന്നാൽ അതേ സമയം തന്നെ അദ്ദേഹത്തിന് ആത്മസംയമനശക്തിയും ഉണ്ടായിരിക്കണം. അതിനെ മാനദണ്ഡമാക്കി നോക്കിയാൽ കുറെക്കൂടി കേന്ദ്രീകരണവും ആത്മനിയന്ത്രണ ശക്തിയും ഉണ്ടായാൽ ചെറുകഥ ഒരു ഭാവകാവ്യമായി പരിണമിക്കുന്നതാണ്.

കഥാകാരന് താൻ എഴുതുന്ന കഥയോട് പ്രത്യക്ഷവും സ്നേഹപൂർണ്ണവുമായ ഹൃദയസമ്പർക്കം ഉണ്ടായിരിക്കണം. അപ്രകൃതമായ സംഗതികളും മറ്റും അധികം കുത്തിച്ചെലുത്തിയാൽ അത് കഥാഭംഗിക്ക് ഹാനികരമാണ്. ഔചിത്യമാണ് കഥയുടെ ജീവൻ എന്നു പറയുന്നതിൽ തെറ്റില്ല.

കഥയുടെ ആരംഭം തന്നെ അലസമായിരുന്നാൽ അത് അനുവാചകരിൽ വിമുഖതയുളവാക്കുന്നു. അതുപോലെ തന്നെ കഥയുടെ അവസാനവും യുക്തിവിരുദ്ധമാകരുത്.

ചെറുകഥകളെ വിഷയമനുസരിച്ച് മൂന്നായി തരംതിരിക്കാം. അവ സംഭവപരം സ്വഭാവവർണ്ണനാപരം, വസ്തുസ്ഥിതി വിവരണപരം, എന്നിവയാണ്.

കഥക്ക് പല ആഖ്യാന രീതികളുമുണ്ട്. അവയിൽ ഏറ്റവും നല്ലത് കഥാകാരൻ സ്വയം കഥ പറയുന്ന സമ്പ്രദായമാണ്.

പ്രകൃതിദത്തമായ കഥാബീജത്തെ അതേപടിതന്നെ ചിത്രീകരിച്ചാൽ കഥാഭംഗി കുറയുകയും അനുവാചകർക്ക് കഥയിൽ രസം ഉണ്ടാകാതിരിക്കുകയും ചെയ്യുന്നു. അതിനാൽ വായനക്കാരന് രസം ഉണ്ടാകത്തക്ക വിധത്തിൽ കഥാബീജത്തിന് അല്പസ്വല്പ മാറ്റങ്ങൾ വരുത്തിയേ തീരൂ. എന്നാൽ മാത്രമേ അയാൾ തന്നേയും ഗ്രന്ഥകാരനേയും മറന്ന് ഗ്രന്ഥത്തെ ആസ്വദിക്കുകയുള്ളു.

കഥയിലെ സംഭാഷണത്തിന് വേണ്ടത്ര ഗതിവേഗവും ഉദ്വേഗജനകത്വവും സരസത്വ

# ഞാൻ പാതാളത്തിലായിരുന്നു

ജഫ്രീസ് കെ. സാമുവൽ Class III Botany

ആരും പാതാളലോകത്തിൽ പോകാൻ ആഗ്രഹിക്കയില്ല. പക്ഷേ വളരെ നാളായി എന്നിൽ ഒരാഗ്രഹം കുടികൊണ്ടിരുന്നു. അതായതു് പാതാളം ഒന്നു സന്ദർശിക്കണം. എന്നിട്ടു് തിരികെപ്പോരണം. ചില മനുഷ്യർ മരിച്ചുകഴിഞ്ഞാൽ പാതാളത്തിലോട്ടു പോകുന്നതെന്നു കേട്ടിട്ടുണ്ടു്. പക്ഷേ ഞാൻ മരിച്ചാൽ സ്വർഗ്ഗത്തിലേ പോകയുള്ളു എന്നെനിക്കു് വലിയ ഉറപ്പാണു്. പിന്നെ പാതാളം ഒന്നു സന്ദർശിക്കാനെന്താണു് വഴി? അതെന്റെ മുമ്പിലൊരു വലിയ ചോദ്യചിഹ്നമായിരുന്നു. ഞാൻ മരിച്ചുകഴിഞ്ഞാൽ നേരെ സ്വർഗ്ഗത്തിലോട്ടു പോകാതെ പാതാളമൊക്കെയൊന്നു് ചുററി സഞ്ചരിച്ചിട്ടു് അതുവഴി സ്വർഗ്ഗത്തിലോട്ടു പോയാൽ മതിയെന്നു ഞാനാഗ്രഹിച്ചിരുന്നു.

പെട്ടെന്നാണു് അതു സംഭവിച്ചതു്. ഞാൻ മരിച്ചെന്നാണു് തോന്നുന്നതു്. എങ്ങനെയായാലും എന്നെ പാതാളത്തിലോട്ടു കൊണ്ടുപോകുവാൻ കുറേപേര വന്നിട്ടുണ്ടു്. അവരിലൊരാൾ കൂടെയുള്ളവർക്കു് ആജ്ഞ

---

വും ഉണ്ടായിരിക്കണം. കൂടാതെ സംഭാഷണം അസ്ഥാനത്തു പ്രയോഗിക്കാതിരിക്കുവാൻ കഥാകൃത്തു് കൂടുതൽ നിഷ്കർഷിക്കണം. കഥയ്ക്കു് തലക്കെട്ടുകൊടുക്കുന്ന കാര്യത്തിലും ശ്രദ്ധ ചെലുത്തേണ്ടതാണു്. അതിൽ ഇതിവൃത്തത്തിന്റെ ഒരു സൂചനയേ ആകാവൂ.

ചെറുകഥാ പ്രസ്ഥാനത്തെക്കുറിച്ചു പറയുമ്പോൾ അതിന്റെ ആഗമത്തേയും ചില കഥാകൃത്തുക്കളേയുംകുറിച്ചു് അറിയുന്നതു് നല്ലതാണു്. പാശ്ചാത്യ രാജ്യങ്ങളിൽ നിന്നാണു് ചെറുകഥയുടെ ആഗമം. നഥാനിയൽ ഹാതോൺ (Nathaniel Hawthorne 1804-1864) എന്ന അമേരിക്കൻ ഗ്രന്ഥകാരനെയാണു് ഇംഗ്ലീഷിലുള്ള ചെറുകഥകളുടെ ഉപജ്ഞാതാവായി ഗണിക്കേണ്ടതു്. എഡ്ഗാർ അല്ലൻപോ (Edgar Allen Poe) എന്ന അമേരിക്കൻ കാഥികനും ചെറുകഥയെഴുത്തുകാരുടെ കൂട്ടത്തിൽ മാന്യസ്ഥാനത്തിനു് അർഹനാണു്. റഷ്യയിലെ അന്റോൺ ചെക്കോവും (Antone Tchekove) ഫ്രാൻസിലെ മോപ്പസാങ്ങും (Guy De Mouppasang) മറക്കുവാൻ വയ്യാത്ത രണ്ടു മഹനീയ വ്യക്തികളാണു്.

മററു സാഹിത്യങ്ങളിലെന്നപോലെ തന്നെ മലയാള സാഹിത്യത്തിലും ചില നല്ല ചെറുകഥാകാരന്മാരെ കാണാൻ കഴിയും. ചെറുകഥാ പ്രസ്ഥാനത്തിന്റെ അരുണോദയത്തിൽ ജീവിച്ചിരുന്ന ചില മികച്ച ചെറുകഥാകൃത്തുക്കളാണു് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, അമ്പാടി നാരായണപ്പുതുവാൾ, എം. ആർ. നായർ, ഈ. വി. കൃഷ്ണപിള്ള, എം. ആർ. കെ. സി. മുതലായവർ.

ഇന്നും മലയാള സാഹിത്യത്തിൽ ഒന്നാംതരം ചെറുകഥയെഴുത്തുകാരുണ്ടു്. തകഴി ശിവശങ്കരപ്പിള്ള, കേശവദേവു്, കാരൂർ, ആർ. എസ്. കുറുപ്പു്, പൊററക്കാട്ടു്, പൊൻകുന്നം വർക്കി, ബഷീർ, ഉറൂബ്, ഈ. എം. കോവൂർ, പോഞ്ഞിക്കര റാഫി, ലളിതാംബിക അന്തർജ്ജനം, കെ. ടി. മുഹമ്മദ്, മുതലായവരാണു് അവരിൽ ചിലർ. കല്പനാവൈഭവത്തിൽ ഇവർ പൂർവ്വഗാമികളിൽ നിന്നു് തികച്ചും വ്യത്യസ്തരാണു്. ഇവരുടെ കൃതികൾ മലയാള സാഹിത്യത്തിലെ മികച്ച സമ്പത്താണു്. ഇങ്ങനെ നോക്കുന്ന പക്ഷം കഥകൾ കണ്ണുമാനം എഴുതിത്തള്ളാൻ നോക്കാതെ അവയുടെ ഗുണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചു് നല്ല നല്ല ചെറുകഥകൾ എഴുതുകയാണെങ്കിൽ ഈ പ്രസ്ഥാനത്തിനു് ശോഭനമായ ഒരു ഭാവി സിദ്ധിക്കുമെന്നു് നമുക്കു് വിശ്വസിക്കാം.

കൊടുത്തു. "വേഗമാകട്ടെ, ഇയാളെ എടുത്തുകൊണ്ടു നടക്കണം" എനിക്കാദ്യം അവരെക്കണ്ടിട്ട് രസം തോന്നിയെങ്കിലും അയാളുടെ ഗർജ്ജനം കേട്ടിട്ട് വാസ്തവത്തിൽ ഭയമാണുണ്ടായതു്. അവരെക്കണ്ടിട്ട് ഏകദേശം മനുഷ്യരെപ്പോലൊക്കെയിരിക്കുന്നു. ഏതായാലും സ്ത്രീകളൊന്നുമല്ല. അവരുടെ തലയിൽ ഈരണ്ടു കൊമ്പുകളുണ്ട്. വാവലിനുള്ളതുപോലെ ഈരണ്ടു ചിറകുകൾ അവർക്കുണ്ട്. അവരുടെ നിറം കറു കറാ കറുത്തതാണ്. കണ്ണുകൾ ഉപ്പന്റെ കണ്ണുകൾപോലെ ചുവന്നാണിരിക്കുന്നതു്. അവരുടെ കയ്യിൽ കുന്തം പോലെയുള്ള ഏതോ ആയുധങ്ങളുണ്ട്. ആ സാത്താന്മാര് എന്നെ പാതാളത്തിലോട്ടു കൊണ്ടുപോയി. പോകുന്ന വഴിക്ക് ഞാൻ ചോദിച്ചു നിങ്ങളെന്നെ ഇതുവഴി സ്വർഗ്ഗത്തിലോട്ടു വിടുമോ എന്ന്. പക്ഷെ അവർ ആംഗ്യം കൊണ്ട് എന്നോടു മിണ്ടരുതെന്നു പറഞ്ഞു. ഞാൻ പിന്നൊന്നും മിണ്ടാൻ പോയില്ല. എല്ലാം അവരുടെ ഇഷ്ടം പോലെയാകട്ടെ എന്നു വിചാരിച്ചു.

അവരെന്നെ വലിയൊരു പിളപ്പിന്റെ അടുക്കൽ കൊണ്ടുചെന്നു. അവിടെ നിന്നു കൊണ്ടെനിക്ക് പാതാളം കാണാമായിരുന്നു. ആ പിളപ്പു കഴിഞ്ഞ് അങ്ങോട്ടു കടന്നു ചെല്ലാൻ മനുഷ്യർക്കാർക്കും സാദ്ധ്യമല്ല. പക്ഷേ ആ സാത്താന്മാർ എന്നെയും കൊണ്ട് അങ്ങോട്ടു പറന്നു.

അങ്ങനെ ഞാൻ പാതാളത്തിലായി. എന്നെ അവർ അവരുടെ രാജാവിന്റെ സന്നിധിയിലേക്ക് ആനയിച്ചു. അയാൾ ഒരു സിംഹാസനത്തിലിരിക്കയാണ്. ഒരു പർവ്വതംപോലൊരുത്തൻ. അയാൾക്കുമുണ്ട് ഭയങ്കര രണ്ടു ചിറകുകൾ. അയാളുടെ തലയിൽ രണ്ടിനു പകരം മൂന്നു കൊമ്പുകൾ ഉണ്ട്. അയാളുടെ കണ്ണുകളിൽ നിന്ന് തീപ്പൊരി ചിതറുകയാണ്. ഞാനൂഹിച്ചു ഇയാളായിരിക്കും ലൂസിപ്പേർ. അയാൾ ആദ്യം അനുചരന്മാരോട് എന്തൊക്കെയോ പറഞ്ഞു. എന്നിട്ട് എന്നോടു ചോദിച്ചു "അന്ത്യാഭിലാഷം വല്ലതുമുണ്ടോ"യെന്ന്. ഞാൻ ആദ്യം പറയാൻ തുടങ്ങിയതാ എന്റെ അന്ത്യാഭിലാഷം സ്വർഗ്ഗത്തിൽ പോകണമെന്നുള്ളതാണെന്ന്. എങ്കിലും പാതാളം മുഴുവൻ ഒന്നു സന്ദർശിക്കണമെന്നുള്ള എന്റെ അഭിലാഷം വളരെ ആയിരുന്നതിനാൽ ഞാനതു ഉണർത്തിച്ചു. അയാൾ അതിനുള്ള അനുവാദം തന്നു. കൂടെ ഒരു സാത്താനെയും വിട്ടുതന്നു.

എന്റെ കൂട്ടുകാരൻ സാത്താൻ എന്നെ ആദ്യം ഘാതകന്മാർ പാർക്കുന്ന കോളനിയിലേക്കു കൊണ്ടുപോയി. ഒരു വലിയ ഗേറ്റു കടന്നുവേണം ഉള്ളിലേക്കു പ്രവേശിക്കാൻ. അവിടെ ഒരു സാത്താൻ ഗാർഡ് നിൽപ്പുണ്ട്. അയാൾ ഞങ്ങളെ അകത്തേക്കു കയററിവിട്ടു. ആ കോളനിയുടെ ഒരു ഭാഗത്തു് താമസിക്കുന്നവർ ധനത്തിനുവേണ്ടി കൊലപാതകം നടത്തിയിട്ടുള്ളവരാണ്. അവർ അവിടെയും കിടന്ന് തമ്മിൽ തല്ലുകയാണ്. അതിന്റെ കാരണം ഞാൻ കൂട്ടുകാരനോട് ചോദിച്ചു. അയാൾ അതിന്റെ കാരണം വിശദമാക്കി. അവരിൽ ചിലർ കൊലപാതകം നടത്തി വളരെ സമ്പാദിച്ചിട്ടുള്ളവരാണ്. ചിലർക്ക് കുറച്ചേ കിട്ടിയിട്ടുള്ളൂ. അങ്ങനെ കുറച്ചു സമ്പാദിച്ചവർക്ക് മററവരോട് പിണക്കമാണ്. അതാണ് ശണ്ഠക്കു കാരണം. ഇവരെ ചില സന്ദർഭങ്ങളിൽ കുറെ സമയത്തേക്ക് സ്വതന്ത്രരായി വിടുക പതിവാണ്. അപ്പോൾ ഇവർ ബാഹ്യലോകത്തിലേക്കു ചെന്നിട്ട് മററു മനുഷ്യരുടെ ഉള്ളിൽ കയറി അവരെക്കൊണ്ട് കൊലപാതകങ്ങൾ നടത്തിക്കും. അങ്ങനെ അവരുടെ എണ്ണം വളരെ വർദ്ധിച്ചു വരികയാണ്. ഇതേ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് താമസിക്കുന്നതിന് പ്രത്യേക സൌകര്യങ്ങൾ ഉണ്ട്. മുമ്പ് അവരുടെ എണ്ണം വളരെ കുറവായിരുന്നെന്നും ഇപ്പോൾ അതും വർദ്ധിച്ചു വരികയാണെന്നും എന്റെ സ്നേഹിതൻ പറഞ്ഞു.

ഘാതകന്മാരുടെ കോളനിയിലെ ഒരു പ്രധാന വിഭാഗം പ്രേമം കൂടിപ്പോയതുകൊണ്ട് കൊലപാതകം നടത്തിയവരാണ്. ഇവരുടെയും എണ്ണം വളരെ കൂടുതലാണ്. ഇവരിൽ ചിലരെക്കുറിച്ചുമാത്രം എനിക്കു നേരത്തെ അറിവുണ്ടായിരുന്നു. അതിൽ രണ്ടുപേര് എന്റെ സ്നേഹിതന്മാരായിരുന്നു. ഇതിലൊരുവൻ തന്റെ ഇഹലോക വാസകാലത്ത് ഒരു യു

വതിയെ പ്രേമിച്ചിരുന്നു. ആ യുവതിയെ തന്നെ മറ്റൊരാളും സ്നേഹിച്ചു. അതറിഞ്ഞ് ഒന്നാമത്തവൻ രണ്ടാമനെ കൊലപ്പെടുത്തി. അങ്ങനെ അയാൾ ആദ്യമെ പാതാളത്തിലേക്ക പോന്നു. ഒന്നാമനെ കോടതി വിധിപ്രകാരം തൂക്കിയും കൊന്നു. അയാളും പാതാളത്തിൽ വന്നു. ഇപ്പോൾ രണ്ടുപേരും പാതാളത്തിൽക്കിടന്ന് വലിയ സമരമാണ്. ഇടയ്ക്കിടെ ഇവരെ ഓരോരുത്തരെ മാത്രം സ്വതന്ത്രരായി വിടും. അങ്ങനെ അവർക്ക് മാറി മാറി ബഹിർലോകത്തു ചെന്ന് അവരുടെ കാമുകിയെ സന്ദർശിക്കാനുള്ള സൗകര്യമുണ്ട്.

ഇവിടെവച്ച് അവിചാരിതമായി കണ്ടുമുട്ടിയ ചാണ്ടി എന്റെ ഒരു സ്നേഹിതനായിരുന്നു. അയാൾ ബാഹ്യലോകത്തു ജീവിക്കുമ്പോൾ ഇപ്പോൾ പാതാളത്തിലുള്ള നങ്ങേലി എന്ന സ്ത്രീയെ സ്നേഹിച്ചിരുന്നു. പക്ഷെ നങ്ങേലി അയാളെ ധിക്കരിച്ചിട്ട് ലോനപ്പൻ എന്ന മറ്റൊരുവനെ സ്നേഹിച്ചു. അതിനാൽ ചാണ്ടി നങ്ങേലിയെ കൊലപ്പെടുത്തി. അങ്ങനെ അവൾ പാതാളത്തിൽ വന്നു. ഉടനെ ലോനപ്പൻ ചാണ്ടിയെ വധിച്ചശേഷം ആത്മഹത്യ ചെയ്തു. അങ്ങനെ രണ്ടുപേരും നങ്ങേലിയുടെ പുറകെ പാതാളത്തിൽ വന്നു. ലോനപ്പൻ ആത്മഹത്യ ചെയ്തവരുടെ കോളനിയിലാണ് താമസം. എങ്കിലും സ്വാതന്ത്ര്യം കിട്ടുമ്പോൾ നങ്ങേലിയുടെ കോളനിയിൽ വരും. പക്ഷെ ഇടയ്ക്കുവച്ച് ചാണ്ടി അയാളെ പിടികൂടും. ഉടനെ നങ്ങേലി ചെന്ന് ലോനപ്പന്റെ സൈഡിൽ നിന്നുകൊണ്ട് ചാണ്ടിയോടെതിർക്കും. അങ്ങനെ അവരുടെ ബഹളം അസഹ്യമായിത്തീരുമ്പോൾ ലൂസിപ്പേർ ഇടപെടുകയും മൂവരെയും മൂന്നിടങ്ങളിലായി കാരാഗൃഹത്തിലടയ്ക്കുകയും ചെയ്തു.

ഘാതകന്മാരുടെ കോളനിയിലെ ഒരു പ്രത്യേക വിഭാഗം നെപ്പോളിയൻ, അലക്സാണ്ടർ, ഹിറ്റ്ലർ, മുസ്സോളിനി, സ്റ്റാലിൻ തുടങ്ങിയവരെപ്പോലെയുള്ള വമ്പിച്ച കൊലപാതകന്മാരായ നേതാക്കന്മാരാണ്. ഇവർക്ക് പല സൗജന്യങ്ങളും അനുവദിച്ചുകൊടുത്തിട്ടുണ്ട്. ലൂസിപ്പേറിനെയും അനുചരന്മാരെയും ആവശ്യം വേണ്ട സന്ദർഭങ്ങളിൽ സഹായിക്കുന്നത് ഇവരാണ്. ഇടയ്ക്കിടെ ഇവർ ബഹിർലോകത്തു വന്ന് ക്രൂഷ് ചെയ്ത്. ഐസനോവർ തുടങ്ങിയവരെപ്പോലെയുള്ള വലിയ നേതാക്കളെ സന്ദർശിക്കാറുണ്ട്. ഇവരുടെ നേതൃത്വത്തിൽത്തന്നെ അനേകം ചെറോട്ടാ നേതാക്കളുമുണ്ട്. അവരെല്ലാം തന്നെ ബഹിർ ലോകത്തുവച്ച് അവരവരുടെ പാർട്ടിക്കു വേണ്ടി കൊലപാതകം നടത്തിയവരാണ്. പാതാളത്തിൽ അവരെ അവരവരുടെ രാഷ്ട്രീയ ചേരിതിരിവ് അനുസരിച്ച് പ്രത്യേകം പ്രത്യേകം സബ് കോളനികളിലാക്കിയിരിക്കയാണ്. അവിടെയും അവർ മുദ്രാവാക്യങ്ങൾ മുഴക്കാറുണ്ട്.

ഇനിയും മറ്റൊരു വിഭാഗമാണ് ആത്മഹത്യ ചെയ്തവരുടെ വിഭാഗം. അതിൽ തൂങ്ങിച്ചത്തവരുണ്ട്. വിഷംകുടിച്ചു മരിച്ചവരുണ്ട്. തന്നത്താൻ കുത്തിമരിച്ചവരുണ്ട്. അങ്ങനെ പലവിഭാഗത്തിൽപ്പെട്ടവരുണ്ട്. ഇവരിൽ ഒന്നു രണ്ടു പേരുടെ കാര്യം മാത്രം ഞാൻ ഓർക്കുന്നുണ്ട്. ഒരാൾ ദാരിദ്ര്യം സഹിക്കാൻ വയ്യാതെ തൂങ്ങിമരിച്ചതാണ്. പാതാളത്തിൽ വന്നശേഷം ഒരു ദിവസം അയാളെ ബഹിർ ലോകത്ത് സഞ്ചരിക്കുവാൻ അനുവദിച്ചു. അയാൾ ചെന്ന് ഒരു തടിച്ചു കൊഴുത്ത മനുഷ്യന്റെ ശരീരത്തിൽ പ്രവേശിച്ചു. അയാളുടെ രക്തം കുറേശെ പാനം ചെയ്യണമെന്നുള്ളതായിരുന്നു ഉദ്ദേശ്യം. പക്ഷേ യാതൊരു നിവൃത്തിയുമില്ല. കാരണം അയാൾ തൂങ്ങിച്ചപ്പോൾ കയറു കഴുത്തിൽ വളരെ മുറുകിപ്പോയതിനാൽ അന്നനാളത്തിൽക്കൂടെ ഒന്നും കടക്കയില്ല. അങ്ങനെ നിരാശനായി അയാൾ പാതാളത്തിലേക്ക തിരിച്ചുപോന്നു.

മേൽപ്പറഞ്ഞ വിഭാഗത്തിൽത്തന്നെ ദാരിദ്ര്യം മൂലം കലശലായി ദുഃഖിച്ചിരിക്കുന്ന ഒരു സ്ത്രീയെ ഞാൻ പരിചയപ്പെട്ടു. ബാഹ്യലോകത്തിലായിരിക്കുമ്പോൾ ആ സ്ത്രീയും അവളുടെ കാമുകനും കൂടെ ഒന്നിച്ചു വിഷം കുടിച്ചു മരിക്കുവാൻ തീർച്ചപ്പെടുത്തിയതാണ്. രണ്ടുപേരും വിഷദ്രാവകം കയ്യിലെടുത്തു. കുടിക്കുവാൻ. സ്ത്രീ ആദ്യം കുടിച്ചു. അവൾ മരിച്ചിട്ട് പാതാളത്തിൽ വന്നിട്ട് കാമുകൻ കൂടെയില്ല. ഒടുവിൽ അവൾ തിരി

# ഭാരതത്തിലെ കണ്ണാടി വ്യവസായം

P. RAMACHANDRAN Pre-University Class

നവീന ലോകത്തിൽ ഏറ്റവും ഉപയോഗം വർദ്ധിച്ചുവരുന്ന ഒരു വസ്തുവാണ് കണ്ണാടി അഥവാ ഗ്ലാസ്സ്. ഗാർഹിക തുറയിലും, വ്യാവസായിക തുറയിലും, ശാസ്ത്രരംഗത്തും കണ്ണാടിക്കുള്ള സ്ഥാനം ബൃഹത്താണ്. ശാസ്ത്രീയ ഗവേഷണങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ മിക്കതും നിർമ്മിക്കുന്നത് കണ്ണാടികൊണ്ടാണ്. വൻകിട ഫാക്ടറികൾക്കു വേണ്ട അനേകതരത്തിലുള്ള യന്ത്രസാമഗ്രികളുടെ നിർമ്മിതിക്കും കണ്ണാടി ആവശ്യമാണ്. വിവിധയിനം രാസദ്രവ്യങ്ങളും ഔഷധങ്ങളും സൂക്ഷിക്കുന്നതിനാവശ്യമായ കുപ്പികൾ നിർമ്മിക്കുന്നത് സാധാരണ ഗ്ലാസ്സുകൊണ്ടാണ്. മുഖക്കണ്ണാടി നിർമ്മാണത്തിന് നല്ലയിനം ഗ്ലാസ്സ് ഉപയോഗിക്കുന്നു. ശാസ്ത്രമണ്ഡലത്തിൽ പ്രവർത്തിക്കുന്നവന് ഒപ്റ്റിക്കൽ ഗ്ലാസ്സുകൊണ്ടുള്ള ഉപകരണങ്ങൾ കൂടാതെ കഴികയില്ല. എന്നാ

---

കെ അന്വേഷിച്ചു ചെന്നപ്പോൾ അവളുടെ കാമുകൻ മറ്റൊരുത്തിയെ വിവാഹം കഴിച്ച് സുഖമായി ജീവിക്കുന്നതു കണ്ടു. അതു കണ്ട് നെടുവീർപ്പിട്ടുകൊണ്ട് അവൾ തിരികെപ്പോന്നു. എങ്കിലും തരം കിട്ടുമ്പോൾ അവൾ തിരികെച്ചെന്ന് തന്നെ വഞ്ചിച്ച കാമുകന്റെ ഭാര്യയെ ഉപദ്രവിക്ക പതിവാണ്.

വേറെ പല ഭാഗങ്ങളിലായി പോലീസ് ഇൻസ്പെക്ടറന്മാർ, ബാങ്ക് മാനേജരന്മാർ, വലിയ കച്ചവടക്കാർ, മറ്റു വലിയ ഓഫീസറന്മാർ തുടങ്ങിയ വൻകിട നേതാക്കന്മാരാണ് പാർക്കുന്നത്. അവർക്കു പാതാളത്തിൽ പ്രവേശനം ലഭിക്കാൻ പ്രധാന യോഗ്യത ആളുകളെ ചൂഷണം ചെയ്ത് സ്വന്തം ധനാഗമനമാർഗ്ഗത്തെ വിപുലപ്പെടുത്തുന്നതിലുള്ള അവരുടെ കഴിവാണ്. ഈ വിഭാഗങ്ങളിലും സ്ത്രീകളുടെ സംഖ്യ അധികം കുറവല്ല. ഇവരുടെയിടയിലും ശണ്ഠകൾ വർദ്ധിച്ചുവരികയാണ്.

ഒടുവിൽ ഞാൻ കണ്ട കോളനിയാണ് ഏറ്റവും വലുത്. അതിൽ തിങ്ങിക്കൂടി ആളുകൾ താമസമുണ്ട്. അവരിൽ പ്രധാനികൾ അസൂയക്കാർ, കുരളക്കാർ, ഏഷണിക്കാർ, ആത്മപ്രശംസക്കാർ, ദൈവദോഷികൾ, നിഷ്ഠുരന്മാർ, ഗർവ്വിഷ്ഠന്മാർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ, തുടങ്ങിയവരാണ്. ഇവരിൽ പലരും എനിക്കു നേരത്തെ പരിചയമുള്ളവരായിരുന്നു. ഇവർ ബാഹ്യലോകത്തിൽവച്ച് വലിയ പരിശുദ്ധന്മാരായി നടന്നവരാണ്. അവരെങ്ങനെ ഇവിടെ വന്നതെന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടുപോയി.

ഞാനും മേൽപ്പറഞ്ഞ കോളനിയിൽ താമസിച്ചുകൊള്ളുവാൻ എന്റെ കൂട്ടുകാരൻ സാത്താൻ എന്നോട് ആജ്ഞാപിച്ചു. അതു കേട്ടപ്പോൾ ഞാനാകപ്പാടെ ഭയന്നുപോയി. ഞാൻ പറഞ്ഞു, എനിക്കിതുവഴി സ്വർഗ്ഗത്തിലും പോയി അവിടമൊക്കെ കാണണമെന്ന്. ഉടനെ ആ ചെകുത്താൻ സാദ്ധ്യമല്ലെന്നു ഗർജ്ജിച്ചുകൊണ്ട് ആ ജാതികളുടെ ഇടയിലേക്ക് എന്നെ ഒരു തള്ളുതള്ളി. ഞാനവരുടെ നടുക്കുചെന്നു വീണു. പുറകെ വാതിലുമടഞ്ഞു. അങ്ങനെ അവിടെ വിഷമിച്ചു കിടക്കുമ്പോൾ ആരോ വാതിലിന് മുട്ടുന്നതു ഞാൻ കേട്ടു. വാതിൽ തുറന്നാലുടനെ ഓടി രക്ഷപെടുന്നതിനു വേണ്ടി ഞാൻ തയ്യാറായി എഴുന്നേറ്റു നിന്നു. ഉടനെ വെളിയിൽ നിന്നു ആരോ വിളിച്ചു പറഞ്ഞു "എഴുന്നേൽക്കെടാ കാപ്പി കുടിക്കാൻ നേരമായി" എന്ന്. അപ്പോൾ കോളജിൽ 8 മണിക്കുള്ള ബെല്ലടിക്കുന്നുണ്ടായിരുന്നു.

വേണം, എല്ലാ തുറകളിലും അത്യന്താപേക്ഷിതമായ ഒരു ദൈനംദിന സാധനമാണ് കണ്ണാടി.

ഇപ്രകാരം ജനതയുടെ ദൈനംദിന ജീവിതത്തിൽ വളരെയധികം ആവശ്യമായ ഒരു സാധനം നമ്മുടെ നാട്ടിൽ വേണ്ടത്ര ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല എന്നതാണ് വാസ്തവം. ഇന്നും നല്ലയിനം കണ്ണാടി നാം ഇറക്കുമതി ചെയ്യുകയാണ്. അങ്ങനെ നമ്മുടെ ധനം അന്യരുടെ കൈകളിലേക്ക് മാറുന്നു. ഈ നിർഭാഗ്യകരമായ പരിതഃസ്ഥിതി മാറേണ്ടിയിരിക്കുന്നു. കണ്ണാടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയാണെങ്കിൽ നമുക്ക് ഇറക്കുമതിയിനത്തിൽ മിച്ചം വരുന്ന തുക രാഷ്ട്രപുരോഗതിക്കുവേണ്ടി ചെലവിടാൻ സാധിക്കും. അതുകൊണ്ട് കണ്ണാടി വ്യവസായത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് ഭാരതത്തിന്റെ പുരോഗതിക്ക് ആവശ്യമാണ്.

കണ്ണാടിയുടെ ഉപയോഗം ആദ്യമായി മനസ്സിലാക്കിയത് ഏതു രാജ്യക്കാരാണ്? വിദഗ്ദ്ധന്മാർ വിവിധ അഭിപ്രായങ്ങളാണ് വിളംബരം ചെയ്യുന്നത്. ഏററവും വിശ്വസനീയമായത് അറബികൾ ആദ്യമായി കണ്ണാടി കണ്ടുപിടിച്ചു എന്നതാണ്. വരണ്ട മരുഭൂമിയിൽ അനുദിനം യാത്ര ചെയ്തു വന്ന വർഗ്ഗക്കാരാണല്ലോ അറബികൾ. അവരിൽ ആരെങ്കിലും ആകസ്മികമായി മണലിൽത്തിളങ്ങുന്ന ഗ്ലാസ്സിന്റെ തരികൾ ആദ്യമായി കണ്ടെത്തിയിരിക്കാം. എങ്ങനെയായാലും പുരാതന ലോകത്തിൽ കണ്ണാടിയുടെ ഉപയോഗം അറിയപ്പെട്ടിരുന്നു എന്നുള്ളതിന് യാതൊരു സംശയവുമില്ല; പക്ഷേ അത് ഇന്നത്തെപ്പോലെ സർവ്വത്ര പ്രചുരപ്രചാരമാർന്നിരുന്നില്ലെന്നു മാത്രം. പ്രാചീന ഭാരതത്തിൽ കണ്ണാടിയെക്കുറിച്ചുള്ള ജ്ഞാനം ഉണ്ടായിരുന്നു എന്നുള്ളതിനു ധാരാളം തെളിവുകൾ കണ്ടുകിട്ടിയിട്ടുണ്ട്. ബുദ്ധന്റെ കാലത്ത്, അതായത് ക്രിസ്തുവിനു മുൻപ് 6-ാം ശതാബ്ദത്തിൽ, ഉണ്ടാക്കിയതെന്ന് വിശ്വസിക്കപ്പെടുന്ന കണ്ണാടിമുത്തുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. പക്ഷേ അക്കാലത്ത് ഭാരതത്തിൽ കണ്ണാടിക്ക് വേണ്ടത്ര പ്രചാരമോ, വികസനമോ ഉണ്ടായില്ലെന്നുള്ളത് ഒരു സത്യംമാത്രമത്രെ! അക്കാലത്ത് ഭാരതത്തിലുണ്ടായിരുന്ന ഋഷികൾ തങ്ങളുടെ ഗവേഷണങ്ങൾക്ക് മൺപാത്രങ്ങളും ഓട്ടുപാത്രങ്ങളും മററുമാണ് ഉപയോഗിച്ചിരുന്നത്. കേരളത്തിലെ ആറന്മുളക്കണ്ണാടി സുപ്രസിദ്ധമായിരുന്നുവല്ലോ. ഏതായാലും ഭാരതത്തിൽ കണ്ണാടി മററുപലതിനേയും കൂട്ടത്തിൽ ഒരു വ്യവസായ വസ്തുവായി അക്കാലത്തൊന്നും അംഗീകരിച്ചിരുന്നില്ല.

പത്തൊൻപതാം നൂററാണ്ടോടുകൂടി ഭാരതത്തിൽ കണ്ണാടിക്ക് കൂടുതൽ പ്രചാരം ലഭിച്ചു തുടങ്ങി. വിദേശീയരാണ് കണ്ണാടി ഇവിടെ ഇറക്കുമതി ചെയ്തത്. ഫാക്ടറികളിൽ വൻതോതിൽ ഉണ്ടാക്കിയിരുന്ന കണ്ണാടിസാമാനങ്ങൾ അവർക്കവിടെ സാമാന്യം വിലകുറച്ചു വിൽക്കുവാൻ സാധിച്ചു. തന്മൂലം ഭാരതത്തിൽ അങ്ങുമിങ്ങും അപൂർവ്വമായി നിലനിന്നിരുന്ന കണ്ണാടി കുടിൽ വ്യവസായവും പൂർണ്ണമായി നശിച്ചു.

സോഡിയം കാൽസിയം ഇവയുടെ സംയുക്ത സിലിക്കേററാണ് കണ്ണാടി. ഇതിന്റെ നിർമ്മാണത്തിനു ഉപയോഗിക്കുന്ന പ്രധാന അസംസ്കൃത സാധനങ്ങൾ മണൽ, സോഡിയംകാർബണേററ്, കാൽസിയം കാർബണേററ് എന്നിവയാണ്. കണ്ണാടിയിൽ ഏതാണ്ട് എഴുപതു ശതമാനത്തോളം സിലിക്കോൺ ഓക്സൈഡാണ്. നമ്മുടെ നാട്ടിൽ ഗ്ലാസ്സ് നിർമ്മാണത്തിനു പററിയ നല്ലയിനം മണൽ ധാരാളം ഉണ്ട്. ഇതു മനസ്സിലാക്കിയ ബ്രിട്ടീഷ് വ്യവസായ പ്രമുഖർ ഇവിടെ കണ്ണാടി വ്യവസായം കൂടുതൽ ആദായകരവും സൗകര്യപ്രദവുമാണെന്നു കണ്ടു. ആദ്യമായി ഇൻഡ്യയിൽ കണ്ണാടി വ്യവസായം തുടങ്ങിയതു 1870-ൽ ആയിരുന്നു. ഒരു ജർമ്മൻകാരന്റെ മേൽനോട്ടത്തിലും ഒരു ബ്രിട്ടീഷുകാരന്റെ ഉടമസ്ഥതയിലുമാണ് അതു ആരംഭിച്ചതു. എന്നാൽ ഒരു ഇൻഡ്യാക്കാരന്റെ മേൽനോട്ടത്തിൽ ഇവിടെ ആദ്യമായി ഒരു ഫാക്ടറി സ്ഥാപിച്ചതു 1890-ൽ മാത്രമായിരുന്നു. ഒരു ഓസ്ട്രിയൻ കണ്ണാടി വ്യവസായിയായിരുന്നു അതിനു സഹായം നൽകിയതു.

1908 ഭാരതത്തിലെ കണ്ണാടി വ്യവസായ

# FOOT-BALL TEAM ON TOUR



The players in front of the Central College Sports Pavilion—Bangalore.



Players near Maharajas' College Grounds—Mysore.



Players in the Botanical Garden, Ooty.



Players in the Bhrindhavan Gardens.



RADIO CLUB



TENNIS CLUB

## RADIO CLUB

Sitting (Left to Right): M/s. M. Mathew (Secretary); K. Govindan Kutty Menon M. Sc.; T. B. Thomas M. Sc. (Dunelm) A Inst P. (Principal); Dr. P. M. Mathai M. Sc., Ph. D. (Toronto); Mr. George Joseph M. Sc.

Standing 1st Row (Left to Right): C. K. Mackar (attender); Misses Susan E. John; B. Radha Devi; M. A. Suvarna Kumari; Saramma Varghese, S. Valsala; Shamala Devi; Aisha Beevi; Aley T. Thomas; Mayme Thomas; Annamma Jacob; Leelamma Varghese; Elzabeth Jacob; K. Abdul Rahiman (Attender).

2nd Row: M/s. K. Rajagopalan; John Mathew; P. J. Paul; Thomas Chandy; K. R. Vishwanathan; Hari K. Bhaskar; A. J. Mathew; N. M. Jacob; George Philip; Ramachandran Unni; K. K. Anandan; Abdul Rahiman; George Jacob; Venugopalan Nair; T. Purushothaman; John Joseph.

## COLLEGE TENNIS CLUB

Sitting (L. to R.): Messrs. Abraham Tharakan P. N. (Captain); C. P. Andrews (Physical Director); T. B. Thomas (Principal); T. C. Joseph (President); V. Vinaya Babu (Secretary).

Standing 1st Row: Messrs. W C. Thomas; R. Krishnan Nair; Thomas Abraham; S. Narayana Sarma; K. Jayakumar; Thomas Varughese; P. J. Sam; I. Narayanan Kutty; M. P. John; C. Alex; Joseph Stephen; M. Mohammed Moopen.

2nd Row: Messrs C. M. Mani; P. George John; Samuel Varughese; Abraham Varughese; Thomas Chandy; C. K. Philip; Kochummen P. Thomas; P. G. George; K. K. Roy; P. Sivasankara Pillai; Mathulla Singh Abraham; Raju C. Mathai; M. R. Krishnan.

ഒരു സംബന്ധിച്ചിടത്തോളം ഒരു നാഴികക്കല്ലാണ്. ആയാണ്ടിലാണ് പൂനായ്ക്കടുത്ത് ഒരു മികച്ച കണ്ണാടി ഫാക്ടറി ഉടലെടുത്തത്. ഈ മഹനീയമായ ഫാക്ടറിയുടെ നാമധേയം "പൈസാഫണ്ട് ഗ്ലാസ്സ് ഫാക്ടറി" എന്നായിരുന്നു. ജനങ്ങളുടെ ഇടയിൽ നിന്നും നിസ്സാര തുകകൾ സംഭാവന പിരിച്ച് സ്ഥാപിച്ചതുകൊണ്ടാണ് ഇതിനെ 'പൈസാ ഫണ്ട് ഫാക്ടറി' എന്നു നാമകരണം ചെയ്തത്. ലോകമാന്യൻ, ഗോഖലെ തുടങ്ങിയ രാഷ്ട്രീയ നേതാക്കന്മാരുടെ ആശീർവാദത്തോടെയാണ് പൈസാ ഫണ്ട് പ്രവർത്തനമാരംഭിച്ചത്. ഈ ഫാക്ടറി സ്ഥാപിക്കുന്നതിനു മുൻപും പിമ്പും വളരെയധികം ചെറുകിട കണ്ണാടി ഫാക്ടറികൾ ഉടലെടുത്തു. പക്ഷേ അവയെല്ലാം പുതുമഴയ്ക്കു മുളച്ച തകരച്ചെടികളെപ്പോലെ അല്പായുസ്സുകളായിരുന്നു.

അവയുടെ നാശത്തിനുള്ള കാരണങ്ങൾ പലതായിരുന്നു. ഏറ്റവും പ്രധാനപ്പെട്ടത് ഗവൺമെന്റിന്റെ വ്യവസായകാര്യത്തിലുള്ള അനാസ്ഥയായിരുന്നു. അന്നു ഭാരതത്തിൽ ഭരണം നടത്തിക്കൊണ്ടിരുന്ന വിദേശ സർക്കാരിന് ഇവിടത്തെ ഗ്ലാസ്സ് വ്യവസായം വികസിപ്പിക്കണമെന്ന് തെല്ലും ആഗ്രഹമുണ്ടായിരുന്നില്ല. ഇൻഡ്യയിൽ കണ്ണാടി നിർമ്മാണം പുരോഗമിച്ചാൽ തങ്ങളുടെ നാട്ടിലുണ്ടാക്കുന്ന ഗ്ലാസ്സിന് ഇവിടെ വിപണി നഷ്ടപ്പെട്ടു പോകുമെന്നും അവർ ഭയപ്പെട്ടു. രണ്ടാമത്തെ കാരണം ഭാരതത്തിലെ കണ്ണാടി വ്യവസായികൾക്ക് വിദേശികളുമായി വ്യാപാരവിപണികളിൽ മത്സരിക്കുവാൻ കഴിഞ്ഞില്ല എന്നതാണ്. അന്നു വെറും ശൈശവാവസ്ഥയിൽ സ്ഥിതിചെയ്യുകയായിരുന്നു ഭാരതത്തിലെ കണ്ണാടി വ്യവസായം. വിദേശത്ത് വൻകിടയന്ത്രസാമഗ്രികൾ ഉപയോഗിച്ച് ധാരാളം ഉല്പാദിപ്പിച്ചിരുന്ന നല്ലയിനം കണ്ണാടിസാമഗ്രികൾ അവർക്കിവിടെ വളരെ താണവിലയ്ക്കു വിൽക്കുവാൻ കഴിഞ്ഞു. കൂടാതെ വിദേശവ്യവസായികൾക്ക് പരിചയസമ്പന്നരായ ധാരാളം വിദഗ്ദ്ധന്മാർ ഉണ്ടായിരുന്നു. ബ്രിട്ടനിൽ നിന്നും സാധനങ്ങൾ ഇവിടെ ഇറക്കുമതി ചെയ്യാൻ ചുങ്കം ഏർപ്പെടുത്തിയിരുന്നില്ല. തന്മൂലം ബ്രിട്ടീഷ് കണ്ണാടിസാമാനങ്ങൾ ഇവിടെ കനത്ത വിലയ്ക്ക് ധാരാളം വിറ്റുകൊണ്ടിരുന്നു. ഒപ്പം തന്നെ നമ്മുടെ ധനം അവരുടെ രാജ്യത്തിലേയ്ക്ക് ഒഴുകുവാനും ആരംഭിച്ചു.

ഈ പ്രശ്നങ്ങളെല്ലാം പരിചിന്തനം ചെയ്തിട്ടാണ് പൈസാ ഫണ്ട് ഫാക്ടറി ഉടലെടുത്തത്. വിദേശ വിദഗ്ദ്ധന്മാർ പണിയെടുക്കുന്നിടത്തോളം കാലം കണ്ണാടി വ്യവസായം ഇവിടെ പുരോഗമിക്കുകയില്ലെന്ന് അതിന്റെ സംഘാടകർക്ക് നല്ലവണ്ണം അറിയാമായിരുന്നു. അതുകൊണ്ട് അവർ ഏതാനും ഉത്സാഹശീലരായ യുവാക്കളെ ഗ്ലാസ്സ് നിർമ്മാണത്തിൽ പരിശീലനം നേടുവാനായി ജപ്പാനിലേക്കയച്ചു. ഏതാനും വർഷം കഴിഞ്ഞ് അവർ ഭാരതത്തിൽ മടങ്ങിയെത്തി. മറ്റു ഗ്ലാസ്സ് നിർമ്മാണതൊഴിലാളികൾക്കും കണ്ണാടി നിർമ്മാണത്തിൽ പ്രായോഗിക പരിചയം നേടിക്കൊടുത്തു. ഇങ്ങനെ ഇൻഡ്യൻ കണ്ണാടി വ്യവസായശാലകൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് പൈസാ ഫണ്ട് ഗ്ലാസ്സ് ഫാക്ടറി പ്രവർത്തനം തുടർന്നു.

ഇക്കാലങ്ങളിലൊക്കെയും ഇൻഡ്യൻ കണ്ണാടി വ്യവസായികൾ ഗവൺമെന്റിനോട് ഇവിടത്തെ കണ്ണാടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാനും ഗ്ലാസ്സ് സാധനങ്ങൾക്ക് ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തുവാനും അപേക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ അന്നത്തെ സർക്കാർ ഇതൊന്നും ചെവിക്കൊള്ളുവാൻ തയ്യാറില്ലായിരുന്നു. ഇക്കാലത്താണ് ഒന്നാം ലോകമഹായുദ്ധം പടർന്നു പിടിച്ചത്. അതോടെ യുദ്ധാവശ്യങ്ങൾക്കും മറ്റുമായി കണ്ണാടിയുടെ ആവശ്യം വർദ്ധിച്ചു. യുദ്ധം കാരണമായി ബ്രിട്ടനിൽ നിന്നുമുണ്ടായിരുന്ന ഇറക്കുമതിയും നിലച്ചു. അതോടെ ഇൻഡ്യൻ കണ്ണാടി സാധനങ്ങൾക്ക് ഇവിടെ ഒരു മികച്ച വ്യാപാര നിലവാരമുണ്ടായി. പക്ഷേ യുദ്ധം നിലച്ചതോടെ സംഗതികൾ പഴയതുപോലെതന്നെയായിത്തീർന്നു. വീണ്ടും മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ഇറക്കുമതി തുടങ്ങി. അതോടെ ഇൻഡ്യൻ ഗ്ലാസ്സ് നിർമ്മാതാക്കൾ സമ്പാദിച്ച വ്യാപാരവിപണികളും അവർക്ക് നഷ്ടപ്പെട്ടു.

1931 ആയപ്പോഴേക്കും ഗവണ്മെൻറിന് വ്യവസായികളുടെ അപേക്ഷകളെക്കുറിച്ച് ശ്രദ്ധിക്കാതിരിക്കാൻ നിവൃത്തിയില്ലാതെ വന്നു. കണ്ണാടി വ്യവസായത്തെക്കുറിച്ച് അന്വേഷണം നടത്താൻ ഗവണ്മെൻറ് ഒരു കമ്മററിയെ നിയമിച്ചു. കമ്മററി ഇൻഡ്യൻ കണ്ണാടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കണമെന്നും ബ്രിട്ടനിൽ നിന്നുമുള്ള ഇറക്കുമതി നിയന്ത്രിക്കേണ്ടതാണെന്നും ശുപാർശ ചെയ്തു. ഗവണ്മെൻറ് കുറെക്കാലം പരിഗണനയിൽ വച്ചശേഷം കമ്മററിയുടെ നിർദ്ദേശങ്ങളെ തള്ളിക്കളഞ്ഞു. അപ്പോഴേക്കും ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കിയ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു കഴിഞ്ഞിരുന്നു.

എന്നാൽ ഇക്കാലത്തൊന്നും ഇൻഡ്യയിൽ നല്ലയിനം കണ്ണാടി ഉണ്ടാക്കിയിരുന്നില്ല. ഗവേഷണാവശ്യങ്ങൾക്കുള്ള വിവിധ ശാസ്ത്രോപകരണങ്ങൾ, ക്യാമറ, ടെലസ്കോപ്പ്, മൈക്രോസ്കോപ്പ് തുടങ്ങിയവയിൽ ഉപയോഗിക്കുന്ന ഓപ്ടിക്കൽ ഗ്ലാസ്സ് മുതലായവ ഭാരതത്തിൽ നിർമ്മിച്ചിരുന്നില്ല. രണ്ടാം ലോകമഹായുദ്ധകാലത്ത് സൈന്യത്തിന് വളരെയധികം കണ്ണാടി സാധനങ്ങൾ ആവശ്യമായി വന്നു. റാഡാർ ഉപകരണങ്ങൾ, ശക്തിയേറിയ ടെലസ്കോപ്പുകൾ മുതലായവ സൈന്യത്തിന് അത്യന്താപേക്ഷിതമായിരുന്നു. ഇൻഡ്യൻ കണ്ണാടി വ്യവസായത്തിനു മേൽപ്പറഞ്ഞ ആവശ്യങ്ങളൊന്നും തന്നെ നിറവേറ്റാൻ കെല്പില്ലായിരുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം കണ്ണാടിവ്യവസായത്തിൽ ബഹുമുഖമായ പുരോഗതി കൈവന്നുകൊണ്ടിരിക്കുകയാണ്. 1950-ൽ ഭാരത ഗവണ്മെൻറ് കൽക്കട്ടായിൽ കണ്ണാടി നിർമ്മാണത്തെക്കുറിച്ച് ഗവേഷണം നടത്താൻ ഒരു ഗ്ലാസ്സ് ഇൻസ്റ്റിററ്യൂട്ട് സ്ഥാപിച്ചു. കണ്ണാടി വ്യവസായികൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുക; കണ്ണട, ടെലസ്കോപ്പ്, ക്യാമറ, മൈക്രോസ്കോപ്പ് മുതലായവയ്ക്കു വേണ്ട നല്ലയിനം ഓപ്ടിക്കൽ ഗ്ലാസ്സ് നിർമ്മിക്കുക. (ഇതിൽ ഇൻസ്റ്റിററ്യൂട്ട് വിജയിച്ചിരിക്കുകയാണ്.) ഗ്ലാസ്സ് നിർമ്മാണത്തിൽ ഉപരി ഗവേഷണം നടത്തുക; സർവ്വോപരി വിജ്ഞാനവിതരണം തുടങ്ങിയവയാണ് ഇൻസ്റ്റിററ്യൂട്ടിൻെറ പ്രാഥമിക ലക്ഷ്യങ്ങൾ. ഭാരതത്തിലെ ഗ്ലാസ്സ് വ്യവസായത്തിൻെറ കേന്ദ്രമായ കൽക്കട്ടായിൽ ഗ്ലാസ്സ് ഇൻസ്റ്റിററ്യൂട്ട് സ്ഥാപിച്ചതു് ഏററവും ഉചിതമായിട്ടുണ്ട്.

നമ്മുടെ നാട്ടിൽ ചുരുങ്ങിയ വിലയ്ക്കു കിട്ടുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് നല്ലയിനം ഓപ്ടിക്കൽ ഗ്ലാസ്സും, വണ്ണക്കണ്ണാടികളും ഇൻസ്റ്റിററ്യൂട്ടിൽ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബംഗാളിൽ ദുർഗ്ഗാപ്പൂരിൽ ഇങ്ങനെ ഓപ്ടിക്കൽ ഗ്ലാസ്സ് നിർമ്മിക്കുന്നതിനുള്ള ഒരു ഫാക്ടറിക്ക് പ്ലാനിംഗ് കമ്മീഷൻെറ അംഗീകാരം ലഭിച്ചിട്ടുണ്ട്. റഷ്യൻ സഹായത്തോടെയാണ് ഈ ഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതു്. ഇവിടെ നല്ലയിനം ഓപ്ടിക്കൽ ഗ്ലാസ്സും കണ്ണാടികൊണ്ടുള്ള ശാസ്ത്രീയോപകരണങ്ങളും വൻതോതിൽ നിർമ്മിക്കുവാൻ കഴിയും. ഈ ഫാക്ടറി പ്രവർത്തിച്ചു തുടങ്ങിയാൽ ഭാരതത്തിന് ലെൻസുകളും മററും ഇറക്കുമതി ചെയ്യാതിരിക്കുവാൻ കഴിയും. അതോടെ പ്രതിവർഷം ഏതാണ്ട് രണ്ടു കോടി രൂപ സമ്പാദിക്കുവാനും.

കേരളത്തിൽ ആലുവായിൽ ഒരു ഗ്ലാസ്സ് ഫാക്ടറി പ്രവർത്തിക്കുന്നുണ്ടല്ലോ. നമ്മുടെ നാട്ടിൽ ഇനിയും കൂടുതൽ ഗ്ലാസ്സ് ഫാക്ടറികൾ സ്ഥാപിക്കുവാൻ സാധ്യതയുമുണ്ട്. കേരളത്തിൻെറ കടൽത്തീരത്തുള്ള ഗ്ലാസ്സ് നിർമ്മാണത്തിന് അനുയോജ്യമായ നല്ലയിനം മണൽ ധാരാളം ഉണ്ട്. ഭാരതത്തിലെ കണ്ണാടി വ്യവസായത്തിന് കൂടുതൽ സുശോഭനമായ ഒരു ഭാവി നമുക്ക് പ്രതീക്ഷിക്കാം.

ചെറുകഥ

# സ്ത്രീഹൃദയം

കെ. എസ്സ്. വിശ്വംഭരദാസ്, ദേശം III Eco.

വളരെയേറെ ആഗ്രഹങ്ങളുമായിട്ടാണു് ഞാൻ അങ്ങോട്ടു ചെന്നതു്. എത്രയോ ഏറെ കൊല്ലങ്ങൾക്കു മുമ്പാണു് ഞാൻ അവസാനമായി പണിക്കരെ കണ്ടതു്. എന്നാൽ കുറെ നാളായി, അയാളെ ഒന്നു കണ്ടേ തീരൂ എന്ന ആഗ്രഹമുണ്ടായിട്ടു്. അതിനുവേണ്ടിയാണു് നാട്ടും ആൾക്കാരേയും ഒന്നും പരിചയമില്ലെങ്കിലും ഇറങ്ങിത്തിരിച്ചതു്. അവിടെ ചെന്നപ്പോളാണു്, അദ്ദേഹം രണ്ടു മാസം മുമ്പു്, 'രണ്ടു കവിള് ഛർദ്ദിച്ചു, മറിഞ്ഞു വീണു, മരിച്ചു' എന്നറിഞ്ഞതു്. അതും അൻപതാം പിറന്നാളിനു് തലേദിവസം തന്നെ. അപ്പോളാണു് മനസ്സിലായതു്, പണിക്കര ചേട്ടനു് എന്നെക്കാളും പത്തുപന്ത്രണ്ടു വയസ്സു മൂപ്പാണെന്നു്. എന്നാൽ അദ്ദേഹത്തിന്റെ പെരുമാറ്റമൊന്നും അതുപോലല്ലായിരുന്നു. ഞങ്ങൾ കുടിപ്പള്ളിക്കൂടം മുതലേ ഒരുമിച്ചു പഠിച്ചു വളർന്നവരായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഞാൻ കോളജിൽ ചേർന്നു, അയാൾ കൃഷിപ്പണിക്കും കുടുംബഭരണത്തിനും ഇറങ്ങി. അത്രമാത്രം. അങ്ങനെ ക്രമേണ ഞങ്ങൾ അകന്നു തുടങ്ങി. സ്കൂൾ ജീവിതകാലത്തു് ഞങ്ങളിരുവരും അന്യോന്യമറിയാത്ത രഹസ്യങ്ങളിരുവർക്കുമുണ്ടായിരുന്നില്ല. എന്നാൽ ഞാൻ കോളജിൽ ചേർന്നതോടെ എല്ലാത്തിനുമൊരു വ്യതിയാനം സംഭവിച്ചു. മറ്റു ചില വൈഷമ്യങ്ങൾ മൂലം, എനിക്കു് കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനോ ഡിഗ്രിയെടുക്കുന്നതിനോ സാധിച്ചില്ല. അതുകൊണ്ടാണു് ഞാൻ ഈ നാടു വിട്ടതും പട്ടാളത്തിൽ ചേർന്നതും.

ഇനി എവിടെയാണു് തങ്ങേണ്ടതു്? ആ പ്രശ്നമാണു് എന്നെ കൂടുതൽ വിഷമിപ്പിച്ചതു്. ഒന്നിനും ഒരെത്തും പിടിയുമില്ല. സന്ധ്യയാകാൻ തുടങ്ങി. അവിടെയെങ്ങും മനുഷ്യശബ്ദം കേൾക്കാനേ ഇല്ല. അങ്ങനത്ത ഒരു കാട്ടു പ്രദേശം. ഒരു കറുത്ത പൂച്ച മാത്രം മൂന്നു നാലു തവണ കരഞ്ഞതിനു് ശേഷം, ഇടവഴി കുറുകെച്ചാടി, ഓടി ഒരു പ്ലാപ്പുറത്തിൽ കയറി. പിന്നീടാ ശബ്ദവും നിലച്ചു.

ആ വഴിയുടെ ഒരരികിൽ ഞാൻ യാതൊന്നും നിശ്ചയമില്ലാത്തവനെപ്പോലെ അങ്ങനെ നിന്നു. അപ്പോഴുണ്ടു്, ദൂരെ നിന്നും ഒരാൾ വരുന്നതു് കാണാറായി. അടുത്തപ്പോഴാണു്, അയാൾ മുടന്തനായ ഒരു ചെറുപ്പക്കാരനാണെന്നു് മനസ്സിലായതു്.

ഞങ്ങൾ തമ്മിൽ ഏകദേശം ഒരു നാഴിക നേരം സംസാരിച്ചു. താൻ സ്കൂൾ ഫൈനൽ പരീക്ഷക്കു് മൂന്നു തവണ ചേർന്നിട്ടും ശ്രമം സഫലമാകാത്തതിനാൽ ഇപ്പോൾ ഒരു 'നാട്ടെഴുത്താശാൻ' അഥവാ ട്യൂഷൻ മാസ്റ്ററായിക്കഴിയുകയാണെന്നും മറ്റും അയാളിൽ നിന്നും മനസ്സിലായി. അയാൾക്കു കുറച്ചു മനുഷ്യത്വമുണ്ടായിരുന്നതിനാൽ, എന്റെ പരിതസ്ഥിതി വിവരിക്കുന്നതിനു് എനിക്കു് അധികസമയം വേണ്ടിവന്നില്ല. അയാൾ എന്നെ അന്നു് ഒരു വീട്ടിൽ കിടത്താമെന്നും തൽക്കാല സഹായങ്ങൾ ചെയ്യാമെന്നും സമ്മതിച്ചു.

അന്ധകാരത്തിനു് കട്ടി കൂടിക്കൂടി വന്നു. ഞങ്ങൾ ഇടുങ്ങിയ ഒരു വഴിയിലേക്കു് കടന്നു് തപ്പിത്തടഞ്ഞു തുടങ്ങി. മുടന്തൻ എന്നെയും വഹിച്ചുകൊണ്ടു് പാറകളിലൂടെയും കുഴികളിലൂടെയും നീങ്ങുകയാണു്.

അന്തരീക്ഷത്തിലങ്ങിങ്ങായി കൊള്ളിമീൻ മിന്നി. മിന്നാമിനുങ്ങുകളുടെ എണ്ണം ക്രമത്തിലധികം വർദ്ധിച്ചു. അതോടെ ഞങ്ങൾ കടന്നിരിക്കുന്നതു് ഒരു വയലിലേക്കാണെന്നു് മനസ്സിലായി. അങ്ങകലെ ഒരു സംഘം കുറുക്കന്മാർ ഓലിയിടുന്നതു് അവ്യക്തമായി കേൾക്കാമായിരുന്നു. വയലിനു് തൊട്ടപ്പുറത്തുള്ള ഒരു പുലയന്റെ മാടത്തിലെ ചൊക്ലിപ്പട്ടി കുറെ കുരച്ചതിനു ശേഷം, ഒന്നു തേങ്ങി, ഫലമില്ലെന്നു കണ്ടു് പിന്നീടു നിശ്ശബ്ദത പാലിച്ചു. നെൽച്ചെ

ടികളിലുള്ള ചീവീടുകളുടെ ഗാനസരണി അനർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരുന്നു.

പ്രഭാകരൻ—അതായിരുന്നു ആ മുടന്തന്റെ പേര്—എന്നെ അയാളുടെ വീട്ടിലേക്കാണ് നയിച്ചത്. വയലിന് തൊട്ടപ്പുറത്തുള്ള ഒരു മൊട്ടക്കുന്നിന്റെ ചരിവിലാണ് അയാളുടെ വീട്. പരിശുദ്ധമായ ഗ്രാമാന്തരീക്ഷം അവിടെ തളംകെട്ടി നില്ക്കയാണെന്നു തോന്നും.

അയാളുടെ വീട്ടിലാകെ പതിനൊന്ന് അംഗങ്ങളുണ്ടായിരുന്നു. അമ്മയും മുത്തശ്ശിയും, അവരുടെ ഒരു സഹോദരൻ കാരണോരും, ബാക്കി അയാളുടെ സഹോദരികളും. മൂന്ന് സഹോദരികൾ വിവാഹപ്രായം കഴിഞ്ഞു നില്ക്കുന്നവരാണ്. അവരുടെ എല്ലാം മൂത്ത സഹോദരനായ ആ മുടന്തനാണ്, എല്ലാവർക്കും തുണയായിട്ടുള്ളത്.

അത്താഴം കഴിഞ്ഞതിനു ശേഷം, രണ്ട് കീറത്തഴപ്പായും എടുത്തുകൊണ്ട് അയാൾ എന്നെ അതിനടുത്തുള്ള, ആൾപാർപ്പില്ലാത്ത ഒരു വീട്ടിലേക്ക് നയിച്ചു……

ഞങ്ങളുടെ മുകളിൽക്കൂടി ഒരു രാപ്പാടി, തന്റെ സ്വച്ഛന്ദ മധുരമായ ഗീതിയും പൊഴിച്ചുകൊണ്ട്, എങ്ങോട്ടെന്നില്ലാതെ പറന്നുപോയി.

* * *

അത് വയലിന് അഭിമുഖമായി നില്ക്കുന്ന പഴയ ഓരോടിട്ട കെട്ടിടമായിരുന്നു. ഇന്ത്യയിലെ പല ഗ്രാമങ്ങളും, ഞാൻ പട്ടാളത്തിലായിരുന്ന കാലത്ത് സന്ദർശിച്ചിട്ടുണ്ട്. എന്നാൽ ആ പ്രദേശത്തിനോളം മനോഹാരിത—അവർണ്ണനീയമായൊരു വശ്യത ഒന്നിനും അനുഭവപ്പെട്ടിട്ടില്ല. ആ കെട്ടിടം പ്രഭാകരന്റെ ഒരകന്ന അമ്മാവന്റേതായിരുന്നു.

മെഴുകുതിരിയുടെ ജീവനററ വെളിച്ചത്തിൽ ഇറയത്തെല്ലാം കിടന്നിരുന്നത് ചാണകമാണെന്ന് മനസ്സിലായി. വയലിലും കുന്നിലും മേഞ്ഞുനടന്നിരുന്ന കന്നുകാലികളുടെ വിശ്രമസ്ഥലമായിരുന്നു അന്ന് ആ ഭവനം. ഞങ്ങൾ ചെന്നതോടെ കുറെ വാവലുകളും നരിച്ചീറുകളും ചിറകിട്ടടിച്ച് അങ്ങിങ്ങായി പ്പറന്നുപോയി, അവിടെയുള്ള മുററൻ വൃക്ഷങ്ങളിൽ തൂങ്ങി. തട്ടിൻപുറത്തു കിടന്ന് കുറെ മരപ്പട്ടികൾ അസഹ്യമായി ശബ്ദമുണ്ടാക്കി.

അയാൾ ഒരു ചായിപ്പു തുറന്ന് എന്നെ അതിനുള്ളിൽ കയററി. കടൽത്തീരങ്ങളിൽ മത്സ്യവലകൾ [illegible] പോലെ മുറിയുടെ നാലു ഭാഗത്തും മാറാമ്പലകൾ സ്ഥലം പിടിച്ചിരുന്നു. അകത്തോട്ടു കയറിയപ്പോൾ തന്നെ മുഖം തുടച്ചുകൊണ്ടാണ്. തറ മുഴുവൻ പൊളിഞ്ഞു കിടന്നിരുന്ന ആ മുറി, അടിച്ചുവാരിയിട്ട് എത്രയോ കൊല്ലങ്ങൾ കഴിഞ്ഞിരുന്നു. അതിന്റെ ഒരു മൂലയിൽ, യാതൊരു തട്ടും ചിട്ടയുമില്ലാതെ ഒരു പെട്ടിയും കുറെ കീറിയ കടലാസും കിടന്നിരുന്നു. ആകപ്പാടെ ഉത്സവം കഴിഞ്ഞ ഭഗവതിക്ഷേത്രത്തിന്റെ പ്രതീതിയുണ്ട്.

പ്രഭാകരൻ എന്തിനോ വേണ്ടി ആ പെട്ടി തുറന്നുനോക്കി. പാററ, കടലാസ്, പൂച്ചി, എന്നിവയുടെ ഒരു "മഹത്തായ രണ്ടാം വാരപ്രദർശനം" തന്നെ നടന്നു. ചീട്ടുകളി കഴിഞ്ഞിട്ട്, തങ്ങളുടെ വിദ്വേഷം പ്രകടിപ്പിക്കുന്നതിനു വേണ്ടി ചീട്ടെല്ലാം കരകരാന് കീറിയിട്ടിരുന്നതുപോലെയുണ്ട്. ആ പെട്ടിയിൽ കിടക്കുന്ന കടലാസ്സു തുണ്ടുകൾ, അഞ്ചു മൂലകളുള്ള, രസം പോയ ഒരു കണ്ണാടി, കീറിപ്പോയ ഒരു കറുത്ത തോൽപേഴ്സ് ഇങ്ങനെ പല പല വസ്തുക്കളും അതിൽക്കിടക്കുന്നതു കണ്ടു.

അയാൾ പായ് വിരിക്കാതെ എന്തൊക്കെയോ തിരഞ്ഞുകൊണ്ടിരിക്കയാണ്. എനിക്കാണെങ്കിൽ ഒന്നു കിടക്കാതെ വയ്യ. ഞാനും അയാളെ സഹായിക്കുന്നതിനു ശ്രമിച്ചു. ഒരു കീറിയ ഫോട്ടോയുടെ മുഖഭാഗം മാത്രം എന്റെ കയ്യിൽക്കിട്ടി. അതിനെന്തോ ഒരു പ്രത്യേകത തോന്നിച്ചു. ഞാനതു തിരിച്ചും മറിച്ചും വെളിച്ചത്തിൽ നോക്കി.

കീശയിൽ നിന്നും ഒരു സിഗരററെടുത്തു തീ കൊളുത്തി. ഹാ എന്തു സുഖം. പ്രഭാകരൻ സിഗരററുപയോഗിക്കയില്ലത്രെ! പല്ലുവേദനയുള്ളതിനാൽ എപ്പോഴും ഒരുണ്ട പുകയില വായിൽക്കാണും.

പുകവലിച്ചിട്ടും, എന്റെ ശ്രദ്ധ ഫോട്ടോയിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. ഇല്ല, ഒന്നും മനസ്സിലാകുന്നില്ല, അല്ല......എന്തൊക്കെയോ അവ്യക്തമായ ചില സ്മരണകളുണ്ടെന്നു മാത്രം. എന്നാൽ അവയൊന്നും അയവിറക്കുവാൻ സാധിക്കുന്നുമില്ല. "ഹേ, മിസ്റ്റർ ഇതാരുടേതാ?" അവസാനം ഞാൻ പ്രഭാകരന്റെ സഹായമാരാഞ്ഞു.

ഓ, അതോ, ഈ വീട്ടിലെ ഉടമസ്ഥയുടെ പടമാണ്. അവർ മരിച്ചിട്ട് എട്ടൊൻപതു കൊല്ലം കഴിഞ്ഞു." ഒന്നും സംഭവിക്കാത്ത മട്ടിലാണ് പ്രഭാകരൻ പറഞ്ഞതു്.

"അവരുടെ പേരു്?" ഞാൻ

"പത്മിനി" അയാൾ.

"പത്മിനി?"—എന്റെ അദ്ഭുതം കാരണമാണെന്നറിഞ്ഞുകൂടാ, പെട്ടെന്നു് തീപ്പെട്ടിയുരച്ചതുപോലെ, പടിഞ്ഞാറൻ ചക്രവാളത്തിൽ നിന്നും ഒരു മിന്നലുണ്ടായി.

"എന്താ സാറേ, ഇത്ര പകപ്പ്" ഞാൻ വിയർക്കുന്നതു് കണ്ടു് അയാൾ ചോദിച്ചു. "അല്ല അനിയാ അവരെപ്പററി ചുരുക്കിയൊന്നറിഞ്ഞാൽ കൊള്ളാം"—എന്റെ ആവശ്യം അത്യാവശ്യമായിത്തീർന്നു. വലത്തെ കവിളത്തുനിന്നും പുകയിലക്കഷണം ഇടത്തോട്ടു് മാററിയിട്ടു് അയാൾ തുടർന്നു, "പത്മിനി ഒരു റെയിൽവേ ഇൻസ്പെക്ടറുടെ മകളായിരുന്നു. അങ്ങകലെ, എവിടെയോ ഒരു കോളേജിൽ പഠിച്ചിട്ടുണ്ടു്. നാലാമത്തെ കൊല്ലമോ മറേറാ പഠിച്ചുകൊണ്ടിരുന്നപ്പോഴാണു് ഏതോ ഒരു കുട്ടി അവൾക്കൊരെഴുത്തു കൊടുത്തതു്. ഇതെല്ലാം, ഞാൻ മററുള്ളവർ പറഞ്ഞു കേട്ടിരിക്കുന്നതാണു്. അല്പം തന്റേടമുണ്ടായിരുന്ന അവൾ തനിക്കു് സംഭവിച്ച അഭിമാനഭംഗത്തിനു് പകവീട്ടുന്നതിനായി ആ എഴുത്തുംകൊണ്ടു് അവളുടെ ചെരിപ്പു ഉടച്ചതു മാത്രമല്ല, പ്രിൻസിപ്പാളുടെ മുമ്പാകെ ഒരു കേസ്സു് ഹാജരാക്കുകയും ചെയ്തു. അങ്ങനെ ആ യുവാവിനെ പ്രിൻസിപ്പാൾ കോളജിൽ നിന്നും പുറന്തള്ളി. അതോടെ ആ ജീവിതം താറുമാറായി. അയാളെപ്പററി നാട്ടുകാർക്കോ വീട്ടുകാർക്കോ പിന്നീട്ടു് യാതൊരറിവുമുണ്ടായിരുന്നില്ല. അയാളെ ആരും തന്നെ പിന്നീട്ടു് കണ്ടിട്ടുമില്ല."

മി. പ്രഭാകരൻ പെട്ടിയിൽ നിന്നും പല സാധനങ്ങളും എടുത്തിട്ടുകൊണ്ടിരുന്നു. എന്റെ ഹൃദയം ആകപ്പാടെ മരവിച്ചുപോയപോലെ തോന്നി. അയാൾ തുടർന്നു. ആ സംഭവങ്ങളെല്ലാം കഴിഞ്ഞിട്ടു് രണ്ടു മൂന്നു കൊല്ലങ്ങൾ കഴിഞ്ഞു. പത്മിനിക്കു് അത്യാവശ്യമായി ഒന്നു ബോംബെവരെ പോകേണ്ടിയിരുന്നു. രാത്രിയിൽ അവളേയും വഹിച്ചുകൊണ്ടു് ട്രെയിൻ, അതു് അനന്തതയിലേക്കെന്നോണം പ്രയാണം ചെയ്യുകയാണു്. അവൾ കയറിയ ആ രണ്ടാം ക്ലാസ്സു് മുറിയിൽ മററാരും ഉണ്ടായിരുന്നില്ല"

"സമയം രാത്രി ഒരുമണി കഴിഞ്ഞുകാണും. വണ്ടി 'ഗാഡിയൻവാലാ' സ്റ്റേഷൻ വിട്ടപ്പോൾ അവളുടെ മുറിയിൽ മൂന്നുപേർ കയറി. അവരിൽ രണ്ടുപേർ മുഖമൂടികൾ ധരിച്ചിരുന്നു. മൂന്നാമത്തെയാൾ ഒരു ദിക്കുകാരനായിരുന്നു."

മുഖമൂടികൾ അവളിൽനിന്നും പലതും ചോദിച്ചു മനസ്സിലാക്കിയിട്ടു്, അവളെ കൊള്ളചെയ്യുന്നതിനു ശ്രമിക്കുകയാണുണ്ടായതു്. എന്നാൽ ആ താടിക്കാരനാകട്ടെ, കുറേനേരം അവളെ കണ്ണെടുക്കാതെ നോക്കിയശേഷം, തന്റെ കൂട്ടുകാരായ കൊള്ളക്കാരോടു് ബലപ്രയോഗത്തിനൊരുങ്ങി."

"അവളെ രക്ഷിക്കുന്നതിനു വേണ്ടി അയാൾ അത്യധികമായിപ്പൊരുതി. അതിനിടയിൽ അവന്റെ കൈത്തരിപ്പു തീർച്ച ഒരുത്തൻ വണ്ടിയിൽനിന്നും ചാടി. ദ്വന്ദ്വയുദ്ധമാണു് പിന്നീട്ടു നടന്നതു്. തുറന്നുപോയ വാതുക്കൽ നിന്നാണു് അവർ രണ്ടുപേരും ഗുസ്തിപിടിച്ചതു്. ഒരു നിമിഷം! അതാ അവർ രണ്ടുപേരും റെയിൽവേപ്പാളത്തിലേക്കു് പിടഞ്ഞുവീണു"

'പത്മിനിക്കു് ആ താടിയുള്ള 'സിക്ക' കാരനെ മനസ്സിലാക്കുവാൻ സാധിച്ചു. അവളെ രക്ഷിച്ച ആ കൈകൾ തന്നെയായിരുന്നു ഒരിക്കൽ അവൾക്കൊരു പ്രേമലേഖനം കൊടുത്തതു്."

മുടന്തൻ, ഒന്നു് ഉപ്പുവാൻവേണ്ടി എഴു

ണ്ടോറു. പായ് രണ്ടും ഒന്നിച്ചു വിരിച്ച്, ഞാനൊന്ന് തലചായ്ച്ചു. നാക്ക അനങ്ങുന്നേയില്ല. എങ്ങനെയോ അയാൾ പറയുന്നതിനെല്ലാം മൂളുന്നുണ്ട്.

"സാറേ, ഞാൻ ചുരുക്കുകയാണ്. ബോംബെയിൽ നിന്നും വന്നതിൽപ്പിന്നെ അവളിൽച്ചില മാററങ്ങൾ കണ്ടുതുടങ്ങി. ഏകാന്തമായ ഒരു സ്ഥലത്തു ചെന്ന് താടിക്കു കയ്യുംകൊടുത്ത്, അപസ്മാരരോഗിയെപ്പോലെ ഇരിക്കുന്നതു് കാണാം. ആഹാരം തീരെ കഴിക്കാതെയായി. തലമുടി കിളിക്കൂടു പോലെയായിത്തീർന്നു. വിളറിത്തുറിച്ച ആ കണ്ണുകൾ മുഖത്തെ കൂടുതൽ വിരൂപമാക്കിത്തീർത്തു. എന്തിന്, ആറേഴുമാസം കൊണ്ട് അവളൊരു എല്ലുന്തിയ പേക്കോലമായിത്തീർന്നു."

"പല പ്രസിദ്ധന്മാരായ ഡോക്ടർന്മാരും പരിശോധിക്കുകയുണ്ടായെങ്കിലും ഒരുതരം രോഗം പോലും കണ്ടുപിടിക്കുവാൻ സാധിച്ചില്ല.

"അന്ന് ഒരു ഞായറാഴ്ചയായിരുന്നു. അവളുടെ ജീവനററ കണ്ണുകളുടെ സ്ഥാനത്ത് രണ്ടു കുഴികൾ മാത്രമവശേഷിച്ചു. അന്നവളെ ചികിത്സിച്ചിരുന്നതിവിടെ വച്ചാണ്. അവർ അമ്മയെ വിളിച്ച് സകല കാര്യങ്ങളും വിസ്തരിച്ചു. സ്ത്രീഹൃദയത്തെപ്പററിയുള്ള മനശ്ശാസ്ത്രപരമായ ഒരപഗ്രഥനം തന്നെ അവൾ സ്വയം നടത്തി. പനി ക്രമേണ കൂടി ജ്വരം വരെയെത്തി. 'പിച്ചും പേയും' പറച്ചിലുകൾ ഈ അന്തരീക്ഷത്തെ ആകപ്പാടെ അലങ്കോലപ്പെടുത്തി. എന്തെല്ലാമോ അവ്യക്തമായ വാക്കുകൾ അവൾ ആവർത്തിക്കുന്നുണ്ടായിരുന്നു. പിച്ചും ...പേയും...പിച്ചും...

അന്തിവെയിലിൽ സ്വയം അടിയറവെക്കുന്ന ഒരു ചെമ്പകപ്പൂപോലെ ആ കണ്ണുകൾ എന്നന്നേക്കുമായി അടഞ്ഞു.

മുടന്തൻ പ്രഭാകരൻ. ആ 'ഗൃഹസ്ഥ'യുടെ ചരിത്രം സംക്ഷേപിക്കുന്നതോടൊപ്പം ആ പെട്ടി പരിശോധിക്കുന്നുമുണ്ടായിരുന്നു. അതിന്റെ അടിയിൽ നിന്നും അയാൾക്ക് ഒരു ബുക്കു കിട്ടി. അതിന്റെ ആദ്യപേജിൽ കലാരസികതയോടെ ഇപ്രകാരം എഴുതിയിരുന്നു.

"സ്ത്രീഹൃദയത്തെ അപഗ്രഥിച്ച് മനസ്സിലാക്കുന്നതിന് ആരും ശ്രമിക്കാതിരിക്കട്ടെ. അത് പരാജയത്തിലേ അവസാനിക്കുകയുള്ളു."—ഒരു സ്ത്രീ.

കെട്ടടങ്ങിയ ഒരു ചിതയുടെ പ്രതിനിധിയാണ് അതു് വായിച്ചു കഴിഞ്ഞപ്പോളെനിക്കനുഭവപ്പെട്ടത്. കഴിഞ്ഞുപോയ ബഹളങ്ങളുടെ ഓർമ്മകൾ മാത്രം തങ്ങിനില്ക്കുന്ന ശോകമൂകമായ അന്തരീക്ഷം.

'ആ യുവാവിന്റെ പേരെന്തായിരുന്നു?' എല്ലാം മനസ്സിലാക്കിയ ഞാൻ ആ കട്ടപിടിച്ച മൂകത ഭഞ്ജിക്കുവാൻ വേണ്ടി ചോദിച്ചതാണ്. അയാൾ ഒരു മേനവനായിരുന്നു. പേര് ഓർക്കുന്നില്ല."

* * *

അങ്ങനെ എനിക്ക് എന്റെ പൂർവ്വകാല ചരിത്രം ഒന്നുകൂടി ഓർക്കുന്നതിനു സാധിച്ചു. എന്റെ നെററിയിലുള്ള സാമാന്യം വലിയ ഒരു മുറിവുപാട്, പണ്ടൊരിക്കൽ റെയിലിൽ വീണു പററിയതാണെന്ന് ആ മുടന്തനോട് പറയുവാൻ ഞാൻ മറന്നുപോയില്ല.

# ഒരു പിഞ്ചുഹൃദയം

സാവിത്രി, പ്രീയൂണിവേഴ്സിററി.

" ഇന്നെന്താപ്പോ ഇവിടിത്ര പുകില്ല്? " ഉഷ ഉമ്മറത്തുണ്ണുംചാരിയിരുന്ന് ആലോചിച്ചു. അച്ഛൻ കരയണൊണ്ട്. അമ്മ എന്തൊക്കെയോ പറയണൊം ഉണ്ട്. മുത്തശ്ശിയമ്മ മാത്രം " നാരായണാ " എന്നു ജപിച്ചോണ്ടിരിക്കുന്നു. ഈ ചേച്ചി എന്താ വാതം പൊളിച്ചിരിക്കണത്?

" ചേച്ചി " ഉഷ വിളിച്ചു.

" ഒന്നു മിണ്ടാണ്ടിരിക്ക് പെണ്ണേ. "

ഓ, ചേച്ചിയുടെ ഒരു ശാസന! അല്ലെല്ലും ചേച്ചി എപ്പോഴും ഇങ്ങനെയാണ്. സ്കൂളിലെ ഏററം മുതിന്ന ക്ലാസ്സിലാത്രേ പഠിക്കണത്. എന്നാൽ പടിഞ്ഞാറേതിലെ കമല ചേച്ചിയും ആ ക്ലാസ്സിൽത്തന്നെയാണല്ലോ. എന്നിട്ടെന്താ ആ ചേച്ചി എപ്പോഴും ചിരിച്ചോണ്ടേ വർത്തമാനം പറയുള്ളു. " ഉഷേ " എന്ന് ആ ചേച്ചിയുടെ വിളി കേക്കാൻ തന്നെ എന്തു രസാ. എപ്പോഴെങ്കിലും കമല ച്ചേച്ചി ഒന്നെടുക്കാൻ വന്നാൽ ഒടനേ ഇടഞ്ഞും ചേച്ചി:

" ഓ, കമല. അവള് വല്യ കുറുമ്പിയാ. അവള് ആരേടേം അടുത്ത് പൂവ്വല. "

അപ്പോഴൊക്കെ തോന്നും. ചേച്ചിക്കാ കുറുമ്പ് എന്നു പറയാൻ. പക്ഷേ പറയൂല. മൂത്തോരോട് മറുത്ത് ഒന്നും പറേരുതത്രേ. മുത്തശ്ശിയുടെ നിയമമാണ്. ഈ മൂത്തോര് കാരണം......

എന്നാലും അച്ഛനെന്തേ ഇന്നു കരയാൻ? മുത്തശ്ശി പറഞ്ഞിട്ടുണ്ടല്ലോ ' ആണുങ്ങള് കരയൂല്യ ' എന്ന്.

ഓ, ഇല്ലേ പോണു ഒരു തുമ്പി. അതിനെ പിടിക്കാം. ഇതെന്തൊരു തുമ്പ്യാപ്പാ. ചെല്ലുമ്പോഴേക്കും പറക്കണു. ങാ, പിടികിട്ടിപ്പോയി. അയ്യോ ഇല്ല. ദേ അത് പിന്നേം പറന്നു.

" എന്റീശ്വരാ അതിനെ ഒന്നു കിട്ടണേ. "

അല്ലാ, നമ്മുടെ പുള്ളിപ്പയ്യിന്റെ മോളു ദേ " ഉമ്പേ "ന്ന് വിളിക്കണു. എന്നെ ആണേൽ ഞാൻ വരാം.

ഈ ഉമ്പയ്ക്കും ഇന്ന് എന്നോട് ഇഷ്ടംല്യ. ഞാൻ ചെന്നപ്പഴേക്കും ഉണ്ട് ഓടിപ്പോവണു. ആ, അങ്ങനെവരട്ടെ. ആ തുള്ളക്കുറുമ്പി കരഞ്ഞിട്ടാ.

ഓ, അപ്പ പിന്നേം ഓമ്മ വന്നു. അച്ഛനെന്തിനാ കരേണെ?

മുത്തശ്ശിയോടൊന്നു ചോദിച്ചുളയാം. മുത്തശ്ശി പാവാ. എന്തു ചോദിച്ചാലും പറഞ്ഞുതരും. ഞാൻ ചോദിക്കാണ്ടന്നെ ഏഴു തലയുള്ള രാക്ഷസന്റേയും പറക്കണ യക്ഷിയുടേയും കഥ പറഞ്ഞുതന്നിട്ടുള്ളത് മുത്തശ്ശിയാണ്.

ഉഷ ഓടി മുത്തശ്ശിയുടെ അടുക്കൽ ചെന്നു. എന്നിട്ട് മടിയിൽക്കയറി രണ്ടു കാലും നീട്ടി ഇരുപ്പായി.

" എന്തേയ് കുഞ്ഞുമോളേ, എന്തുണ്ടായി മോക്ക്? "

മുത്തശ്ശിയുടെ ചോദ്യമാണ്. എന്തു ചോദിക്കണം? ഇങ്ങിനാണെന്ന ചോദിക്കാം.

" മുത്തശ്ശി, കുഞ്ഞുമോളോട് ഒന്നു പറയു എന്തിനാ ഈ അച്ഛൻ കരേണെ? "

" മോളെ, അച്ഛന്റമ്മയ്ക്ക് സുഖല്ല്യാത്രേ. "

എന്തു നല്ല മുത്തശ്ശി! ചോദിച്ചപ്പോഴേക്കും പറഞ്ഞുതന്നു. ചേച്ചീടെ പവ്വറു ഒട്ടും കാണിച്ചില്ല. എന്നാലും ഒരു സംശയം.

" സുഖക്കേടായാൽ എന്തിനാപ്പോ, ഇത്ര കരേണെ? "

ഇന്നാളൊരിക്കൽ ലീലേച്ചിക്ക് സുഖക്കേടു വന്നിട്ട് ആരും കരഞ്ഞില്ലല്ലോ. അച്ഛൻ പോയി ഒരു കണ്ണടവെച്ച മിശക്കാരനേം കൊണ്ടുവന്നു. അച്ഛന്റെ കയ്യിൽ ഒരു പെട്ടീം ഉണ്ട്. പെട്ടില് മിഠായി ആണെന്നാ ഉഷ കരുതീത്. ഓടിച്ചെന്ന് പിടിച്ചപ്പോ അല്ലെ അച്ഛൻ പറേണെ:

" കുഞ്ഞുമോളേ, പോയി കളിച്ചോ, ഇത് ഡാക്ടരുടെ മരുന്നാണ്. "

എന്താപ്പൊ ഈ ഡാക്കിട്ടറ്?

മിറ്റോം, കണ്ണ്യടേം ഉള്ളോനാത്രേ.

എന്നാൽ അച്ഛനും ഒരു കണ്ണടേം കൂടി വച്ച് ഡാക്കിട്ടറായ്ക്കൂടെ എന്ന് ചോദിക്കാൻ തോന്നി. ചോദിച്ചില്ല. അപ്പഴേക്കും അച്ഛൻ പോയ്ക്കഴിഞ്ഞു.

എന്തായാലും മുത്തശ്ശിയോട് ചോദിച്ചറിയാം.

" എന്തേ മുത്തശ്ശി, ലിലേച്ചിക്ക് സുക്കേട് വന്നപ്പൊ ആരും കരഞ്ഞില്ല ?"

മുത്തശ്ശി ചിരിച്ചു. മോണകാട്ടി ചിരിച്ചു. മുത്തശ്ശീടെ ചിരി കാണാൻ ഒരു രസം തന്നെയാണേയ്. എല്ലാരും ചിരിക്കുമ്പൊ പല്ലു കാണും. മുത്തശ്ശിക്ക് പല്ല്യാന്നല്ല.

മുത്തശ്ശി പറയാറുണ്ട്, "മുത്തശ്ശിക്ക് വായ നിറയെ പല്ലായിരുന്നത്രെ."

" എന്നിട്ടിപ്പൊ എവിടെപ്പോയി ? "

" എല്ലാർക്കും വയസ്സാവുമ്പോ, പോവുത്രേ."

" എന്നിട്ടെന്തേ, ഏഴു കടലിന്നപ്പുറത്തെ രാജ്യത്തെ അമ്മാവന്റെ അച്ഛന് വയസ്സായിട്ടും പല്ല്യോള്ളേ ?"

" അതു ഡാക്കിട്ടരെക്കൊണ്ട് വയ്പിച്ചതാത്രേ."

" എന്നാ മുത്തശ്ശിക്കും വച്ചൂടെ ?"

ഓ, ഇതൊക്കെ, ചിലപ്പോൾ മുത്തശ്ശീടെ നൊണയായിരിക്കും.

എന്നാലും ഈ മുത്തശ്ശി നൊണ പറേമോ? എപ്പോഴും " നൊണ പറേരുത്, പറഞ്ഞാ പാപം, കണ്ണു പൊട്ടും" എന്നൊക്കെ പറഞ്ഞോണ്ടു നടക്കണ മുത്തശ്ശി.

എന്തായാലും ലിലേച്ചീടെ കാര്യം പറേമ്പം ഇപ്പൊ മുത്തശ്ശി ചിരിക്കണൊണ്ട്. മറ്റുള് ലിലേച്ചീടെ കാര്യം എന്തേലും പറഞ്ഞാൽ ഒടനെ മുത്തശ്ശി കരയാൻ തുടങ്ങും. എന്നിട്ട് പറയും:

"ഓ, നാരായണ, പാവം ! ഓൾടെ വിധി ഇങ്ങിനായല്ലോ. ഒരു ആൺതൊണ വന്നേല് എന്നു നന്നാർന്നു. ഓൾടെ അച്ഛനും അമ്മേം ഉണ്ടാർന്നപ്പോ എന്തു കാലായിരുന്നു. ഇപ്പോ എന്റെ ശിവനേ! ഓൾടെ ഒരു കഷ്ടപ്പാട്."

എന്നാ ഈ ലിലേച്ചിക്ക് " കഷ്ടപ്പാട് " എന്ന് കൊറെ ആലോചിച്ചു. പിടി കിട്ടില്ല. മുത്തശ്ശിയോ, അമ്മയോ, അച്ഛനോ വഴക്ക പറേണതു കേട്ടിട്ടില്ല. എന്നാലും ഒരു സംശയം. ഇനി താൻ രമേടേം രാമന്റേം ഒക്കെ കൂടെ കളിച്ചോണ്ടിരിക്കുമ്പോൾ അമ്മ ലിലേച്ചിയെ വഴക്ക പറഞ്ഞിട്ടുണ്ടാവ്വോ? ഓടി ലിലേച്ചീടെ അടുത്തേക്ക്. എന്നിട്ട ചോദിച്ചു:

"ലീലേച്ചി, അമ്മ വഴക്ക പറ്യാറുണ്ടോ ?"

ലിലേച്ചി ആദ്യം ഒന്നും മിണ്ടീല്ലാ. എന്നിട്ട് ഉമ്മവച്ചു. എന്നിട്ട പറഞ്ഞു: "കുഞ്ഞുമോൾടെ അമ്മ ലിലേച്ചിയെ ചീത്ത പറ്യോ ?" അപ്പോഴാണ് ആശ്വാസായി. എന്നാലും മുത്തശ്ശീടെ കഷ്ടപ്പാട് പറച്ചില് തീർന്നതും ചിരിക്കാൻ തൊടങ്ങീതും രണ്ടു മാസത്തിന് മുമ്പു തുടങ്ങ്യാ.

അന്നൊരു ദിവസം ഒരു കഷണ്ടിക്കാരനായതും വേറെ രണ്ടുമൂന്നുപേരും കൂടി വീട്ടിൽ വന്നു. അമ്മേം അച്ഛനും ആയിട്ട് കൊറെ കുശുകുശുത്തു. കുഞ്ഞുമോള് അടുത്തു ചെന്നപ്പോ, അമ്മ പറഞ്ഞു:

" മോളെ, പോയി രമയോടുകൂടി കളിച്ചോ."

ഓ, അമ്മേടെ ഒരു പറ്റ്. അവരുടെ സംസാരം ഇഷ്ടോ കേക്കേ വേണ്ട. ഒടനെ ഇങ്ങോട്ട് ഓടിപ്പോന്നു. പിന്നെല്ലേ മനസ്സിലായേ. ലിലേച്ചീടെ കല്യാണത്രേ. മുത്തശ്ശി പറഞ്ഞുതന്നതാണ്. എന്നാലും കല്യാണം നടന്നാൽ എന്താന്ന ചോദിച്ചപ്പോൾ മുത്തശ്ശീം പറഞ്ഞതു കുഞ്ഞുമോള് അറിയാറായിട്ടില്ല എന്നാണ്.

" അമ്മേടേം ചേച്ചീടേം പറ്റു മുത്തശ്ശിക്കും പിടിച്ചാണോ ?"

രണ്ടു ദിവസം കഴിഞ്ഞപ്പോ കുഞ്ഞുമോൾക്കും മനസ്സിലായിത്തുടങ്ങീട്ടോ, കല്യാണംന്നു ച്ചാൽ എന്താന്ന് കൊറേശ്ശേക്കെ.

മിറ്റവും പെരേക്കെ കെട്ടി. കൊറെ നെറോള്ള കടലാസ്സും കൊണ്ടോന്ന് എവിടോക്ക്യാ ഒട്ടിച്ചു. പിന്നെ ഒരു ദിവസം ധാരാളം ആളുകള് വന്നു. കൊട്ടും കുരവയും. ഹായ്! എന്തു രസായിരുന്നു. എന്തൊരം കുട്ട്യോളായിരുന്നു. എന്നിട്ടും നാണായിപ്പോ

COMMITTEE OF THE DAY SCHOLARS' ASSOCIATION 1960-'61.

Sitting (Left to Right): Miss Rosy Thomas (Secretary); Mr. O. M. Mathen (President); Mr. T. B. Thomas (Principal); Mr. K. Krishna-Pillai (President); Miss A. Amminikutty Amma (President); Mr. Govindankutty Menon (President); M/s. Somasekharan Nair (Secretary): P. Gopinath (Secretary).

Standing Ist Row: Misses K. V. Sosa (Cl. III Eco); Leelamma K. Thachil (Cl. III Che.); Gigy Andrews (Cl. II Phy.); P. Sarala Devi (Cl. III Eco.); Akkamma Philip (P. U. C.): Daisy Peter (Cl. I. Math.)
Second Row: M/s. M. G. Venugopal (Cl. I. Che.); Jacob K. Devassy (Cl. III Che.); Ramaswamy (Cl. III Che.); Thampy K. John (Cl. III Che.); Bhaskara Menon (P. U. C.); A. Padmanabha Menon (Pre. Med.); Samuel K. John (Cl. I. Che.); Giles K. J. (Cl. II Phy.)

ROCK "N" ROLL PARTY FROM THE HOLLAND HOSTEL

(They contributed a Dance performance for the Annual Variety Entertainment of the Social Service League)

Sitting (L. to R.): Messrs Samuel Varughese; Abraham Tharakan; P. I. John B Sc. (Director); Kurian Abraham (Hostel Secretary); George M. Varughese; Jacob Mathew.

Standing (L. to R.): Messrs C. K. Philip; Mohammed Moopan; Jolly Joseph; Thomas Varughese; Thomas Abraham; Varughese K. John; Jacob Ninan; Thomas Ninan.



COMMITTEE OF THE DAY SCHOLARS' ASSOCIATION—1960'-61



ROCK "N" ROLL PARTY FROM THE HOLLAND HOSTEL



TENNIS TEAM

(Left to Right) Messrs. Abraham Tharakan P. N. (Captain) and V. Vinaya Babu.

Represented the College in the inter-Collegiate Tournament held at Alwaye.

യി ഒരു ഭംഗിയുള്ള അമ്മാമ ലീലേച്ചീടെ കഴുത്തിൽ മാല കെട്ടിയ്ക്കുന്നതു് കണ്ടപ്പോൾ. ഇത്രേം ചെറുതായിട്ടുടെ തന്റെ കുഞ്ഞിച്ചേച്ചിയിന് അമ്മ ഇടീയ്ക്കാൻ വരുമ്പോൾ ഉഷ തന്നത്താനിട്ടോളാം എന്നു പറഞ്ഞു് ലഹളകൂട്ടാറുണ്ടു്. എന്നിട്ടാണു്, ഇത്രേം വലുതായിട്ടു് ഈ ലീലേച്ചി ആ മാല തന്നത്താനിടാതെ ആ അമ്മാമയെക്കൊണ്ടു് കെട്ടിയ്ക്കുണതു്. എന്തായാലും ആ അമ്മാമ നല്ലൊരമ്മാമ തന്ന്യാണേയ്. എല്ലാരും അങ്ങോട്ടും ഇങ്ങോട്ടും പോയപ്പോ. ആ അമ്മാമ ഉഷേ വിളിച്ചു് ഒരു പൂമാല കയ്യിത്തന്നു. കല്യാണത്തിനാത്രേ. അതൊക്കെയെന്തായാലെന്താ ? കുഞ്ഞുമോൾക്കു് ഒരു മാല കിട്ട്യേ എന്നിട്ടു് ആ അമ്മാമ ലീലേച്ചിയേംകൊണ്ടു പോയപ്പോ കുഞ്ഞുമോളു് എന്തോരം കരഞ്ഞുന്നോ? ലീലച്ചീം കരഞ്ഞു.

എന്നിട്ടാ, ലീലേച്ചി പോയേപ്പിന്നെ, ആ ചേച്ചിയെപ്പറ്റി ആരേലും എന്തേലും പറമ്പം മുത്തശ്ശി ചിരിക്യാ.

“ലീലേച്ചിയ്ക്കു് നല്ലൊരു യോഗം വന്നൂത്രേ.”

എന്തായാലും അച്ഛൻ കരേണതിന്റെ കാര്യം പിടികിട്ടി. ഇനി മുത്തശ്ശീടെ മടീന്നു് ഒന്നിറങ്ങിപ്പോണം. അല്ലേലൊണ്ടല്ലോ മുത്തശ്ശി കെട്ടിപ്പിടിയ്ക്കും. കാര്യം മുത്തശ്ശീടെ കൂടെക്കിടന്നു് കഥ കേട്ടുറങ്ങുന്നതു് ഒരു രസാണു്. എന്നാലും മുത്തശ്ശി കെട്ടിപ്പിടിയ്ക്കുണ കാര്യം ഉഷയ്ക്കത്ര ഇഷ്ടാവാറില്ല. മുത്തശ്ശീടെ വിരലൊക്കെ പറമ്പീ നിക്കണ കാട്ടുചെമ്പകത്തിന്റെ ചോട്ടി കെടക്കണ ചുള്ളിപോലാ. അതോണ്ടു് ഉഷ ഒരു സൂത്രം എടുത്തു. മുത്തശ്ശിയോടു് പതുക്കെ പറഞ്ഞു :

“മുത്തശ്ശീ, കുഞ്ഞുമോളു് കളിയ്ക്കാൻ പോട്ടോ ? അപ്പുറത്തു് രമേം ശാന്തേം ഒക്കെ വന്നിട്ടുണ്ടെന്നു് തോന്നണുണ്ടു്.”

എന്നിട്ടോരോട്ടം കൊടുത്തു. വെറുതെ പറഞ്ഞതാണു്, ട്ടോ. എന്നിട്ടു് അപ്പുറത്തു് ചെന്നപ്പം ഉണ്ടു് രമേ, ശാന്തേം നില്ക്കുന്നു. കളിച്ചുതുടങ്ങി. ശാന്ത ഇത്തിരി കൂടിതാണു്, അവളെപ്പോഴും കള്ളക്കൊതി എടുക്കും. എന്നാൽ അതൊക്കെ ഉഷേടടുത്തു് പറ്റോ.

ഓ, അമ്മ വിളിയ്ക്കുന്നുണ്ടു്. ‘ഇപ്പ വരാട്ടോ’ എന്നു പറഞ്ഞു് ഓടിച്ചെന്നു.

അപ്പോ അമ്മ ചോദിയ്ക്കുാണു്, “കുഞ്ഞുമോൾക്കു് പാലു തരട്ടോ ?”

ദേഷ്യം തോന്നി. ഇതിനാപ്പിത്ര കളിയ്ക്കണേടത്തൂന്നു് വിളിച്ചുവരുത്തിതു്.

എന്തേലും കുടിച്ചൂന്നു് പേരു വരുത്തി തിരികെപ്പോയി.

ചെന്നപ്പോണ്ടു് രമേം ഇല്ല; ശാന്തേം ഇല്ല. കുറെ നേരം വിചാരിച്ചു അവരു് കളിപ്പിക്ക്യേം എന്നു്. ചുറ്റിനും നോക്കി; കണ്ടില്ല. സങ്കടം തോന്നി. അപ്പോഴേയ്ക്കും മുത്തശ്ശി വിളിച്ചു.

“കുഞ്ഞുമോളെ, ബാ, മുഖം കഴുകി നാമം ചൊല്ലു്.”

മുത്തശ്ശിയോടൊപ്പം ഇരുന്നു് നാമംചൊല്ലിയപ്പോഴേയ്ക്കും ഉറക്കം വന്നു. അമ്മ വിരിച്ചിട്ടിരുന്ന കോസടിയിൽ ചെന്നു കിടന്നു.

“കുഞ്ഞ മോളേ, എണീയ്ക്കു്.”

അമ്മേടെ വിളി കേട്ടാണുണർന്നതു്. തിരിഞ്ഞൊന്നു കിടക്കാംന്നു് കരുതിപ്പോ, അമ്മ പിന്നേം പറയണു, അമ്മൂമ്മേടെ വീട്ടിപ്പോന്നു്. കേട്ടപ്പോ സന്തോഷം തോന്നി. കുഞ്ഞുമോളു് അവിടെ പോയിട്ടില്ല. കൊറെനാളായിട്ടുണ്ടു് എന്നാ അമ്മ പറയാ. എങ്ങനാ വിശ്വസിക്കു ? അമ്മ വല്യ പറ്റുകാരിയല്ലേ. നുണ പറയ്യായിരിക്കും.

കഴിഞ്ഞകൊല്ലം ചേച്ചി പോയി വന്നിട്ടു് കുഞ്ഞുമോളോടു പറഞ്ഞു, “ഉഷേ, ഞാൻ തീവണ്ടി കേറീലോ.”

കിടക്കയിൽനിന്നെണീച്ചു് ചേച്ചിയുടെ അടുത്തു് ചെന്നു. എന്നിട്ടു പറഞ്ഞു : “ചേച്ചീ, ഇന്നു ഞാനും തീവണ്ടി കേറൂലോ.”

ചേച്ചി ഒന്നും മിണ്ടണില്ല. മുഖോം വീർപ്പിച്ചോണ്ടിരിക്യാണു്. ചേച്ച്യേ കൊണ്ടുവുല്ല്യായിരിക്കും.

തീവണ്ടി ഓടാൻ തുടങ്ങുമ്പോ ചൂളം വിളിയ്ക്കുമത്രേ. അപ്പോ ഓർമ്മ വന്നു.

ഇന്നലെ അച്ഛൻ കരഞ്ഞിരുന്നൂലോ. ഇന്നും കരയണുണ്ടാവോ ?

ചെന്നു നോക്കി. അപ്പോണ്ടു് അച്ഛൻ കുളിയൊക്കെ കഴിഞ്ഞു് ഉഷേടെ കുഞ്ഞുടുപ്പു് എടുത്തു് ബാഗിലേയ്ക്കു വയ്ക്കുന്നു.

"അമ്മൂമ്മേടടുത്തു് പോവ്വാണു്, അല്ലേച്ഛാ" എന്നു ചോദിച്ചു. ചോദിച്ചപ്പളേക്കും കരയുംന്നു് തോന്നി. അതോണ്ടു് പിന്നൊന്നും ചോദിച്ചില്ല.

അമ്മയുടെ അടുത്തു് ചെന്നു.

അമ്മ പല്ലു തേപ്പിച്ചു; കുളിപ്പിച്ചു. എന്നിട്ടു് കഴിഞ്ഞ മാസം അമ്പലത്തിലെ ഉത്സവത്തിനു വാങ്ങിയ പുതിയ റിബണെടുത്തു് തലമുടി കെട്ടിത്തന്നു. പൌഡറിടാൻ ഉഷക്കിഷ്ടമാണു്. എന്നാലും ഈ കണ്ണി കരി തേയ്ക്കാൻ. അമ്മ സമ്മതിക്ക്വോ? കുറെ കരീം തേച്ചു.

കുഞ്ഞുമോളു് കാപ്പി കുടിക്കണേ ഉള്ളൂ. അപ്പളേക്കും അച്ഛൻ വിളിച്ചു ചോദിക്കുണ കേട്ടു "എന്താ, ഒക്കെ ആയില്ലേ."

"ഓ, ഇപ്പ വന്നേക്കാം" അമ്മേടെ മറുപടിയാണു്.

സിൽക്കുടുപ്പും ഇട്ടു് പുതിയ മാലേം കഴുത്തിൽ കെട്ടിയപ്പോൾ ഉഷയ്ക്കു തണുപ്പുതോന്നി. അച്ഛന്റെ കൈവിരലിൽ തൂങ്ങി പുറത്തേക്കിറങ്ങിയപ്പോൾ ഉഷ തുള്ളിപ്പോയി. തിരിഞ്ഞുനോക്കിയപ്പോൾ അല്ലേ മനസ്സിലായതു് ചേച്ചീംണ്ടു് കൂടെ. അമ്പടി കള്ളി! ദേഷ്യം തോന്നി. മുഖം ഒന്നു വെട്ടിത്തിരിച്ചു. അമ്മേം ചേച്ചീംകൂടെ പുറകിലാ നടപ്പു്. മുത്തശ്ശീടമ്മ മാത്രല്ല അച്ഛനും അമ്മേം ഒക്കെ അമ്മൂമ്മേടടുത്തുന്നു് വരുന്ന വരെ അങ്ങേ വീട്ടിലെ പാറു വീട്ടിൽ വന്നു കിടക്കുമത്രേ. പാറൂ. ഓർത്തപ്പോൾ തന്നെ വെറുപ്പു തോന്നി കോന്ത്രപ്പല്ലുണ്ടു്. കയ്യിലെ നഖത്തിലെല്ലാം ചെളിയായിരിക്കും. നേരത്തെ അറിഞ്ഞിരുന്നെങ്കി കുഞ്ഞുമോളു് മുത്തശ്ശിയ്ക്കു് കൂട്ടുകിടക്കാരുന്നു. അല്ലെങ്കിൽ പാറൂനെ നിർത്തണ്ടാന്നു് പറാരുന്നു. പക്ഷേ അമ്മ ഇതേ പറയുള്ളൂ "ഒരാളെ കൂട്ടാണ്ടെ വയ്യല്ലോ?"

എന്തായാലും അച്ഛന്റൊപ്പം നടക്കണെ. ബസ്സിലാ കേറീതു്. "തീവണ്ടീക്കേറാന്നു പറഞ്ഞിട്ടെന്താ ബസ്സിക്കേറ്യേ?" എന്നു ചോദിച്ചപ്പളേക്കും കരഞ്ഞുപോയി.

അച്ഛൻ പറഞ്ഞു: "കുഞ്ഞുമോളു് കരയണ്ടാട്ടോ. ഈ ബസ്സിറങ്ങിയാ നമുക്കു് തീവണ്ടീപ്പോം."

എന്നിട്ടും കരച്ചില്ല നിന്നില്ല. പിന്നെ മരോം വീട്ടും ഒക്കെ ഓടിപ്പോവണ കണ്ടിട്ടും എന്താന്നു് ഉഷ ചോദിച്ചില്ല. പക്ഷെ ഏറെനേരം കഴിഞ്ഞു് അതിൽനിന്നിറങ്ങി മറ്റൊരു വലിയ വണ്ടിയിൽ കേറിയപ്പോൾ "ഇതാണോ, അച്ഛാ തീവണ്ടി" എന്നു ഉഷ മതിമറന്നു ചോദിച്ചുപോയി.

"അതേ, മോളെ." മറുപടി കേട്ടപ്പോൾ സന്തോഷം തോന്നി. പിന്നൊന്നും ചോദിച്ചില്ല.

ഉച്ചകഴിഞ്ഞപ്പോൾ അവിടെത്തി, അമ്മൂമ്മേടെ വീട്ടില്. ചുറ്റും വയലാണു്. പച്ചപിടിച്ചങ്ങനെ കിടക്കണ കാണാൻ നല്ല രസോണ്ടു്. ചെന്നു കേറണേള്ളൂ. വീട്ടില് നെറച്ചു് ആളുകള്. അതിനെടേലൂടെ ഒരു സ്ത്രീ ഓടിവന്നു് അച്ഛനെ കെട്ടിപ്പിടിച്ചുകൊണ്ടു് പറഞ്ഞു.

"അപ്പേ, നല്ല സമയത്തുതന്നെ നീ വന്നു ചേർന്നു്. അമ്മേം ദേ പോവാൻ തൊടങ്ങണു."

"ങേ, ചേട്ടനോ വണ്ടികേറി മരിച്ചു. ഇനി അതിന്റെ പുറകെ അമ്മയും?" എന്നു പറഞ്ഞു് അച്ഛനുണ്ടു് ഒരോട്ടം. എന്നിട്ടു് ഒരകത്തുചെന്നു് അവിടെ കട്ടിലിൽ കിടന്നിരുന്ന അമ്മൂമ്മയെ വിളിച്ചു: "അമ്മേ, അമ്മേടെ പൊന്നുമോൻ വന്നിരിക്കുണു."

ആ സ്ത്രീ കണ്ണു മിഴിച്ചു. എന്നിട്ടു് എന്തെല്ലാമോ കാണിച്ചു. ഉഷയ്ക്കു് ദേഷ്യം തോന്നി. ഒരിക്കലും തന്റെ മുത്തശ്ശി ഇങ്ങനൊന്നും കാണിച്ചിട്ടില്ല. തന്നെക്കണ്ടാൽ എടുത്തു മടിലിരുത്തും. ഉമ്മ വയ്ക്കും. കഥ പറഞ്ഞുതരും. ഒരിക്കലും ഉച്ചയ്ക്കു് കിടക്കാറില്ല. രാമായണം ഈണത്തിൽ വായിച്ചോണ്ടിരിക്കും.

പെട്ടെന്നു് ഒരു കൂട്ടനിലവിളി. രണ്ടുമൂന്നു സ്ത്രീകൾ കട്ടിലിൽ കിടന്നിരുന്ന അമ്മൂമ്മയെ കെട്ടിപ്പിടിച്ചിട്ടുണ്ടു്. ഉഷയ്ക്കു് സങ്കടം തോന്നി. ആരും കുഞ്ഞുമോളെ നോക്കണില്ല. ആരും എടുക്കണില്ല. ദാഹിക്കുണുണ്ടു്. പാലു വേണോന്നു് അമ്മകൂടി ചോദിക്കുണില്ല.

ആ പിഞ്ചുഹൃദയം നൊന്തു. എന്തെല്ലാം പ്രതീക്ഷകളോടുകൂടിയാണ് ആ വാടാമലർ അവിടെയെത്തിയതു്!

അടുത്തുള്ള കണ്ട ഒരു പുല്പായിൽ ഉഷ കമിഴ്ന്നു കിടന്നു. എന്നിട്ട് ഏങ്ങിയേങ്ങിക്കരഞ്ഞു. പക്ഷേ ആരു ശ്രദ്ധിക്കാനാണ്?

ഒരു 'മഹാദുഃഖം' എന്നു പറയുന്ന സംഭവത്തിനിടയിൽ ഈ പിഞ്ചുഹൃദയത്തിന്റെ വേദന ആരറിയാനാണ്?

എന്നാലും ആ വാടാമലരും പ്രതീക്ഷകളും ഒരിക്കലും വാടാതിരുന്നുവെങ്കിൽ!



"പ്രതീക്ഷകൾ തകരുന്നു"

*by* Ibrahim M. A.
Class I Philo.
U. C. C.



"പ്രതീക്ഷകൾ സാ
ക്ഷാത്കരിക്കുന്നു"

*by* IBRAHIM M. A.
Class I Philo.
U. C. C.

ഒരു പഞ്ചായത്തു തെരഞ്ഞെടുപ്പു
ഫലം

"എടീ, ഭാർഗ്ഗു, പെട്ടിക്കകത്തു നിൻ്റെ ഒരു വോട്ടുപോലും കാണുകില്ലെന്നു ഞാനറിഞ്ഞില്ല. വല്ല്യ അപമാനമായിപ്പോയല്ലോടി."

"സത്യം പറഞ്ഞാൽ ഇന്നലെ നിങ്ങടെ ഏജണ്ടന്മാരുടെ കണക്കുകൂട്ടലു കേട്ടപ്പോൾ വോട്ടെല്ലാം നിങ്ങക്കു കിട്ടുന്നു തീർച്ചയായി. അവരാച്ചനാണെങ്കിൽ നല്ലൊരു മനുഷ്യനാണ്. ഇവിടെ അരീം നെല്ലുമില്ലാതെ വരുമ്പോഴ് അവനു കടംതരുന്നു. അതുകൊണ്ടു ഞാനെൻ്റെ വോട്ട് അവനു കൊടുത്തു. ഏതായാലും നിങ്ങൾ ജയിക്കും. എന്നാപ്പിന്നെ അവനൊരു ഉപകാരം ചെയ്തെന്നും ഇരിക്കണം."



# पेन्सिलिन

By. A.V. Balachandran C L II

इग्लैंड के 'सेन्ट मेरीस' अस्पताल की प्रयोगशाला में एक आदमी बैठा था जिसके कपडे फटे पुराने थे, सिर के बाल बिखरे थे और जिसकी आँखे तेजहीन थी । अस्पताल के बाहर के किसी भी प्राणी की नज़र उसपर न पडती थी । उसकी ओर कोई आकृष्ट न होता था । परन्तु, न जाने ऐसी कौन सी शक्ति उनमें थी जिसके कारस अस्पताल के अन्दर के सभी प्राणी उनकी ओर खिंच आये । वह सब के आदरणीय व्यक्ति बन गये। यह व्यक्ति कौन था ? वह था अलेक्सेंडर फ्लेमिङ (Alexander Fle ning) जिन्होने पॆन्सीलिन का आविष्कार करके 'नोबुल' पुरस्कार पाया ।

१८२५ में वह रोगाणुवों की खोज कर रहे थे । एक दिन कई रोगों को फैलाने वाली स्टाफिलो कोक्स नामक अणुविशेष की जाँच कर रहे थे । उन्होने कई गिलासों में इन रोगाणुवों को पाल रखा था। अन्वेषक की असावधानी के कारण एक किरकिरी, खिडकी के जरिये उस गिलास में आगिरी । जब खोज के पदार्थ ऐसे गन्दे और बिगडे होते है तब अन्वेषक प्राय: उन्हें बाहर फेंका करते हैं । परन्तु दुनिया का भाग्यसितारा चमकने को था । इस लिए फ्लमिङ ने उसे फेंक नहीं दिया, परन्तु फिर अन्वेषण करते रहे । एक ऐसी वस्तु उस गिलास में दिखाई पडी जिससे उसका ध्यान खिंच गया । उस किरकिरी के चहुँओर एक प्रकार का हरा द्रव पदार्थ दिखाई पडा । इतना ही नहीं और जाँच करने पर उनको मालुम हुआ कि सब रोगाणु मिट गये थे । अभी तक किसी औषधि के सामने अपने सिर न झुकाने वाले ये अणु इस छोटी से किरकिरी के सामने अपने सिर झुकाए ।

फ्लमिङ्जी ने इन किरकिरी की और जाँच की। जब फल सड जाते है, तब काई सी कुछ उसके ऊपर दिखाई देती है। यह काई सी वस्तु और गिलास में पडी हुई किरकिरी के चारों तरफ दिखाई पडी वस्तु एक ही वर्ग की होती है । इन दोनों को मिलाने से पॆन्सीलिन नामक एक वस्तु उत्पन्न होती है । फ्लेमिङ्जी ने पेन्सीलिन का रसायन लेकर जाँच की । तब मालुम हुआ कि उसकी शक्ति करबोलिक आसिड (Carbolic acid) की शक्ति से तिगुनी है । इसके पश्चात् इस विद्वान अन्वेषक ने चूहा, बिल्ली आदि जीवों पर इसका प्रयोग किया और मालुम हुवा कि इन जीव जन्तुवो में जो रोगाणु थे वे सब मिट गये । रोगाणुवो को मिटाने के लिए गन्धक, करबोलिक आसिड जैसी दवाएँ तो है ही परन्तु इन दवाओं से कभी कभी बुरे फल भी होते थे । लेकिन पेन्सीलिन की सहारक शक्ति अजीब है । इसके अलावा पॆंसिलिन शरीर को और कोई दोष नहीं पहुँचता । यह सब चुहा, बिल्ली आदि जीवजन्तुवों पर प्रयोग करने पर सिद्ध हुई । धीरे-धीरे इसका प्रयोग मानव शरीर पर भी किये जाने लगा । इसका परिणाम भी सन्तोष जनक था ।

१८५८ में फलेमिङ्जी ने अपना आविष्कार प्रकाशित किया । लेकिन दस साल तक दुनिया में इसका बिलकुल तिरस्कार किया । इसकी ओर किसीने ध्यान नहीं दिया । दूसरे लोक महायुद्ध के समय, प्रो० फ्लारी ओर उनके साथियों ने दुनिया के सामने यह आविष्कार प्रस्तुत किया । तब से दुनिया को मालुम हुआ कि पॆन्सिलिन की कितनी भारी शक्ति है और उसके द्वारा दुनिया कितना फायदा उठा सकती है। उन दिनों में जर्मन लन्दन नगर में बम वर्षा कर रहे थे ।

# देश द्रोही

P. mohanchandran (U. P. Class)

"मैं अपना राजपद उनको न दूँगा" । राणा प्रतापने प्रतिज्ञा की । "मेरे राज्य की थोडी सी जगह भी उनको मैं न दूँगा ।"

"बैरामखाँ ने कहा" आप अक्लमंद होते हैं । अगर आप अकबर को न मानें तो इस राज्य में मुगलसेना आकर इस पवित्र भूमि में रक्त की नदी बहायगी ।"

मैं राजपूत हूँ" अपने जीवन की आखिरी सांस तक मैं लडूँगा । राजपूत का रक्त मेरी धमनियों सेबहता है ।

उदय दुर्ग रंगबिरंगे झंडों से अलंकृत है । उस किले के अंदर और चारों तरफ राणा प्रताप की सेना विराजमान है । और भीतर अकबर की सेना ।

टिड्डी दल की भाँति शत्रु ने दुर्ग घेर रखा था । अकबर की सेना प्रतिदिन गोली और तीरों की वर्षा करती थी पर उदय दुर्ग अभिमान से मस्तक उठाये खडा था

राजकुमार अजित सेनापति था । वह किले की देख-रेख करता था । वह किले के ऊपर बैठकर

---

उस समय अनेक लोग घायल हो गये थे । उनकी रक्षा के लिये पेंन्सिलिन जैसी दवा की बडी जरूरत थी । बडी मात्रा में आवश्य पेंन्सिलिन का निर्माण कैसे हो सकता है इसका उपाय किसी को मालुम नहीं था । जितना पेंन्सिलिन बनाया जाना था उसके लिए बहुत बडी रकम खर्च करनी पडती थी । सस्ता निर्माण मार्ग किसी को नहीं मालुम था ।

लन्दन में सबसे पहले एक पुलिस सिपाही पर पेंन्सिलिन का प्रयोग हुआ । लेकिन उसकी मात्रा कम होने कारण वह बच नहीं गया । दूसरे एक मरीज पर प्रयोग किये जाने पर भी यह परिणाम हुआ । परन्तु पन्द्रह साल के एक लडके पर इसका प्रयोग करने पर वह बच गया । क्योंकि उसे केवल थोडी मात्रा ही आवश्यक थी । यों धीरे धीरे पेंन्सिलिन का प्रयोग और प्रचार बढ लगा लेकिन इसके निर्माण में बडी कठिनाईयाँ होती थी । इन दिनों इंग्लैंड एक युद्धभूमि बन गया था । इसलिए प्रोफसर फ्लोरी अमेरिका चले गये । वहाँ के वैज्ञानिकों और व्यापारियों की सहायता से पेन्सिलिन एकदम काफी मात्रा में बनाना शुरू हुआ । पहले घायल सैनिकों की आवश्यकता केलिए ही बनाया जा सकता था । धीरे धीरे सब के लिए यह प्राप्त होने लगा । अब धीरे धीरे यह कई देशों में बनाये जाने लगा ।

पेन्सिलिन से न्युमोणिया, सिफिलिस, गुणोरिया आदि आसनी से मिटाये जा सकते है । ऐसे कष्टदायक रोगों को दूर करने के लिए पेन्सिलिन के समान प्रभावोत्पादक दवा और कोई नहीं है । लडाइयों में घायल सैनिकों का सब से बडा दोस्त पेन्सिलिन ही है ।

पेन्सिलिन के आविष्कार ने वैद्यशास्त्र में एक बडी क्रान्ती मचायी है । इसके पश्चात हम लोगों को स्ट्रप्टोमैसिन ,(Strep omycine) जैसी दवाऐं मिल गयी है । 'आन्टी बयोटिक्स' (anti biotis) ने वैद्यशास्त्र में सचमुच एक बडी क्रान्ती मचायी है ।

बैठकर शत्रुओं के दांत खट्टा कर रहा था । पर अकबर की सेना ठट्ठी उठाती थी ।

* * * * * * *

आज अठारहवीं रात है । बहुत से सिपाही घायल हो गये हैं । एक कला आकर उस रण-भूमि को पार कर आता है । वह कौन है ! एक लंबी तलवार और एक गठरी उसके पास है । वह आते आते एक मकान के फाटक के सामने पहुँचा । उसने चारों तरफ नज़र डाली, उस दरवाजे को खोल दिया । वहाँ एक स्त्री उनकी प्रतीक्षा में खड़ी थी । अंदर गया, दरवाजा बंद हो गया। वह आदमी अकबर का इकलौता बेटा सलीम था । युवति श्यामला थी जिसको राणा प्रताप ने परवरिश किया था । "इतनी देर तक मैं आप की प्रतीक्षा करती रही । आप कहाँ गये थे ! मैं ने सोचा...

"तुम जानते हो न ! आज युद्ध को आरंभ हुए अठारह दिन हुए हैं । ऐसा प्रतीत होता है कि राजपूत सेना पराजित न होगी । सब खुदा का खेल है।" सलीम ने कहा ।

युवति ने कौतूहल से पूछा । क्या अकबर की हार हो जायगी, आपको भी वे मार डालेंगे ! "न जाने, विधाता की क्रीडा कैसी होती है ।" सलीम ने कहा । "प्रिये मैं...... उस वाक्य को वह पूरा न कर सका ।

आखिर कहा— "प्रिये किले के अन्दर प्रवेश करने का मौका मिल जाये तो इन राजपूतों को आसानी से पराजित कर लूँगा ।"

युवति सलीम के पास आयी । कान में कहा- "तीन मील यहाँ से जाओ तो एक कुआँ दिखाई देगा । उस कुएँ से दुर्ग के प्रधान फाटक पर पहुँच सकते हो । जाओ, अभी अभी उन राजपूतों को तलवार के घाट उतार दो । मैं राह देखती रहूँगी ।

"अहाहा ! , बन गया ! आनंद से पुलकित होकर सलीम ने कहा— "प्रिये, अब जाता हूँ कल इसी समय । "धन्यवाद" । कहकर सलीम वहाँ से चला गया । श्यामला चिंता के नीलाकाश में एक चिड़िया की तरह उड़ती रही ।

"कल से मैं मुगलों की रानी बन जाऊँगी , सुन्दर बगीचे में टहलने और सोने के महल में रहने का सौभाग्य होगा । रेशम की साड़ी पहन कर अनेक सखियों के साथ चाँदी के बर्तन में खाना-खाकर, मधुपीकर आनंद से मैं अपना जीवन बिताऊँगी । अरे, राजपूत तुम्हारा नाश निकट ही है ।

"श्यामला, मैं ने सबकुछ सुन लिया । तुम अब विद्रोही बन गयी हो । इस बात पर मुझे ज़राभी दुख नहीं, मैं ने तुम्हारा पालन पोषण किया । अपनी बेटी की भाँति मैं ने तुम को पाला पोसा । मैं ने अनाथ बालिका को राजकुमारी का पद दे दिया । मुझे इस दुख को सहन करना चाहिये । लेकिन श्यामला मैं चाहता हूँ कि खुशी से रहे । अब इस बात की चिंता न कर । एक दिन मैं तुझे सलीम के साथ भेजूँगा । उस समय तक तुम कारागार में........." गंभीर वाणी सुनाई पड़ी । यह और किसी की नहीं थी, राणा प्रताप की वाणी थी ।

श्यामला अवाक् रह गयी । पर क्या फायदा । "श्यामला तू राक्षसी बन गयी । जिस हाथ ने दूध देकर तेरा पालन किया था, साँप के समान तू ने उसी हाथ को डसा । अधिकार के लालच से तू... बस तू विद्रोही बन गयी ।

मुगलसेना ने सलीम की सहायता से किले के अंदर प्रवेश किया । एक महत्वपूर्ण अभिमान को विध्वंस करने की तैयारी थी । प्रकृति काँप उठी । घोड़ों और हाथियों के चीत्कार से आकाश थर थर उठा । बरसाती हवा के थपेड़ों से जंगल के पेड़ रणनाद करते हुए झूम रहे थे । पशुपक्षी भयभीत होकर आश्रय ढूँढने लगे । बड़ा विकट समय था ।

किला मुगलसेना से भर गया । राजपूत लोग यह पहले ही जानते थे । राजपूत सेना चक्रव्यूह,

पद्मव्यूह कर रही थी । किले के उत्तुंग मीनारों और द्वारों से राजपूत लोग तीरों की वर्षा कर रहे थे।

युद्ध आरंभ हुआ । रक्त की नदी बह गयी। मानव, जानवरों की तरह एक दूसरे को मारता रहा। तलवारें बजने लगी । विषैले बाण मुगल-सेना पर बरसने लगे ।

तीन दिन बीत गये । युद्ध का खेल समाप्त रहा था । स्वतंत्रता की बलिवेदी पर सन्नाटा छा गया। पवित्र जन्मभूमि को मुगल सेना से बचाने के लिए राजपूत वीरों ने बहुत परिश्रम किया । पर अंत में जन्मभूमि के चरणों पर मर मिटनेवाले आठ हजार राजपूत वीरों ने अपने को उत्सर्ग किया था। पर अंत में अकबर पराजित हो गया। चारों ओर "महाराणाकी जय" की ध्वनि गूंज उठी । अकबर ने राणा से संधी की । पर सलीम को, राणा ने दिल्ली न भेज दिया ।

* * * * * *

राज्य के प्रधान लोग दरबारहाल में इकट्ठे हो गये । राणा प्रताप एक सिंहासन पर बैठे हैं। प्रधानमन्त्री, मन्त्री लोग, पुरोहित, सेवक, जनता के प्रतिनिधि सब वहाँ थे एक कोने में प्रताप के सामने सलीम और शयामला सिर झुकाये खड़े हैं ।

प्रताप स्थान से उठे; और प्रजा को संबोधन करके कहा— तुम जानते हो गे यह मेरी वही पुत्री है जिसको मैं ने गोद लिया था । मैं ने एक अनाथ बालिका को राजकुमारी के स्थान पर बिठा दिया । पर उसने मुझे धोखा दिया । मुगलों को, उसने इस किले का गुप्त मार्ग बता दिया ।

इतना कहकर वे बैठ गये चारों तरफ से अवाज उठी— "मारो, मारो दोनों को मार डालो ।

राणा प्रताप एक बार भी उठे। सभा में सन्नाटा छा गया । उन्हों ने कहा— "मैं उसे दण्ड न देता हूँ । सब कुछ जाननेवाला ईश्वर है । वह कौन है! सलीम और शयमला को धूम धूम से दिल्ली भेज दो ।......

इसके बाद उन्हों ने कहा ,— "इस दुनियाँ में हमें किसी को दण्ड न देना है । ईश्वर ही सबको दण्ड और पुरस्कार देनेवाले हैं । शत्रुओं की सेवा करो। तुम ने पाप किया है तो, ईश्वर क्षमा करेंगे । भारत को सदा यही नारा लगाना चाहिये ... ... "उपकार प्रधानस्य—अपकार प्यारे प्यारी"

Statement about ownership and other particulars about newspaper (The Union Christian College Magazine) to be published in the first issue every year after last day of February.

## FORM IV

(See Rule 8)

| | | |
|---|---|---|
| 1. | Place of Publication | —Union Christian College, Alwaye, Kerala State. |
| 2. | Periodicity of its publication | —Once in an year—In March-April. |
| 3. | Printer's Name | —Shri C. T. Benjamin, M. A. |
| | Nationality | —Indian |
| | Address | —Lecturer, Union Christian College. |
| 4. | Publisher's Name | —Shri C. T. Benjamin, M. A. |
| | Nationality | —Indian |
| | Address | —Lecturer, Union Christian College. |
| 5. | Editor's Name | —Shri C. T. Benjamin, M. A. |
| | Nationality | —Indian |
| | Address | —Lecturer, Union Christian College. |
| 6. | Names and Addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital. | Shri T. B. Thomas, Principal<br>Shri T. C. Joseph, Professor<br>Shri C. T. Benjamin, Bursar. |

I, C. T. Benjamin, hereby declare that the particulars given above are true to the best of my knowledge and belief.

(*Sd.*)
C. T. BENJAMIN.

*Date. 23-1-1961.*

Printed and Published by C. T. BENJAMIN, M. A. at the C. M. S. Press, Kottayam